അധികാരം ജനങ്ങളിലേക്ക്



# കാരോട് ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം
# വികസന റിപ്പോർട്ട്





1 - 2

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി




**കാരോട് ഗ്രാമപഞ്ചായത്ത്**

**സമഗ്ര വികസന രേഖ**



‘ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോധ്യമാവണം’
അതാണ് സ്വരാജിലേയ്ക്കുള്ള വഴി

– ഗാന്ധിജി –



## ഇ.എം.എസ് നമ്പൂതിരിപ്പാട്

ചെയർമാൻ
ഉന്നതതലമാർഗ നിർദ്ദേശക സമിതി
ജനകീയാസൂത്രണ പ്രസ്ഥാനം

ജാതിയുടേയും മതസമുദായത്തിന്റേയും രാഷ്ട്രീയ പാർട്ടിയുടേയും പേരിൽ ഭിന്നിച്ചു നിൽക്കുന്ന കേരള ജനതയ്ക്ക് വികസനത്തിന്റെ കാര്യത്തിൽ ഒന്നിക്കാൻ കഴിയുമെന്ന് ജനകീയാസൂത്രണത്തിന്റെ അനുഭവം തെളിയിച്ചിരിക്കുന്നു. യോജിച്ച പ്രവർത്തനത്തിന്റെ മേഖല വികസിപ്പിക്കാനുള്ള സാധ്യത വളർന്നുവരികയാണെന്നർത്ഥം. അതു തികച്ചും ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കണമെന്നാണ് എന്റെ ആഗ്രഹം.



[illegible]
[illegible]



രാജീവ്ഗാന്ധി

# മുൻ പ്രസിഡൻറുമാർ



അഡ്വ. കെ. ചെല്ലൻ



എസ്. അയ്യപ്പൻ നായർ



എം. പൊന്നയ്യൻ



# ഭരണസമിതി



കെ. സെലീന
പ്രസിഡൻറ്



എസ്. അയ്യപ്പൻനായർ
വൈസ് പ്രസിഡൻറ്



റ്റി. തങ്കരാജ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



അഡ്വ. എഫ്. ലാറൻസ്
മെമ്പർ



ആർ. മധുസൂദനൻ
മെമ്പർ



എ. ജപനേശം
മെമ്പർ



എൻ. സൂസമ്മ
മെമ്പർ



എം. സുകുമാരൻ
മെമ്പർ



എം. ലീലധരൻനായർ
മെമ്പർ



ജി. ഗ്ലാഡിഗ്രേസ്
മെമ്പർ



എച്ച്. ദാനരാജ്
മെമ്പർ

# സെക്രട്ടറിമാർ



**കെ.എസ്. ജ്യോതി**
21-1-95 മുതൽ 26-12-96 വരെ



**എസ്.ഡി. ഗോപകുമാർ**
27-12-96 മുതൽ



**സിദ്ധാർത്ഥൻ നായർ**

## വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആധാരമായ രേഖകൾ

1. ഗ്രാമസഭാ റിപ്പോർട്ട്
2. പഞ്ചായത്ത് ഭൂപടം
3. പ്രാഥമിക വിവരശേഖരണം
4. പഠന പര്യടനം
5. ദ്വിതീയ വിവരശേഖരണം
6. വകുപ്പുതല റിവ്യൂ- റിപ്പോർട്ടുകൾ
7. ചരിത്ര രേഖകളും പഠനങ്ങളും
8. കാരണവർ സംഗമം
9. വിദഗ്ദ്ധരുടെ ഉപദേശം

| | |
|---|---|
| ചീഫ് എഡിറ്റർ | ശ്രീ. എസ്. വിജയകുമാർ |
| എഡിറ്റർമാർ | ശ്രീ. സിദ്ധാർത്ഥൻ നായർ<br>ശ്രീ. എസ്.വി. ഗോപകുമാർ |
| എഡിറ്റോറിയൽബോർഡംഗം | ശ്രീ. എസ്. അയ്യപ്പൻ നായർ<br>ശ്രീമതി. കെ. സെലീന<br>ശ്രീ. കെ.എസ്. ജ്യോതി<br>ശ്രീ. എൻ. നെൽസൺ<br>ശ്രീമതി. എ. അനിജ<br>ശ്രീമതി. എസ്. ശ്രീദേവി<br>ശ്രീ. ഡി. രാജേന്ദ്രൻ<br>ശ്രീ. എൻ. വിജയദാസ് |

അച്ചടി. ജി.വി. പ്രിൻേറഴ്സ്, ബാലരാമപുരം. ഫോൺ: 400516

## *വികസന റിപ്പോർട്ടിനുവേണ്ട വിവരങ്ങൾ ശേഖരിച്ചവർ*

1. ശ്രീ. സതീഷ്. കെ.എസ്.
2. ശ്രീ. ഗോപകുമാർ. എസ്.വി
3. ശ്രീ. മധുസൂദനൻ. ആർ
4. ശ്രീമതി. ജമീല എസ്. ബേക്കർ
5. ശ്രീ. വർഗീസ്
6. ശ്രീ. നെൽസൺ
7. ശ്രീമതി. ശുഭ
8. ശ്രീ. ചിന്താമണി
9. ശ്രീ. സി.ആർ. വിജയകൃഷ്ണൻ
10. ശ്രീ. ഷിജു. പി.പി
11. ശ്രീ. ശിവാനന്ദൻ
12. ശ്രീ. പത്മകുമാർ
13. ശ്രീ. രവീന്ദ്രൻ. പി
14. ശ്രീ. ബിജു
15. ശ്രീ. ശശി. ഡി
16. ശ്രീ. വിജയദാസ്
17. ശ്രീമതി. ശ്രീകുമാരി
18. ശ്രീമതി. ലീല

## *പഞ്ചായത്തിലെ ഡി.ആർ.പി മാർ*

1. ശ്രീ. സിദ്ധാർത്ഥൻ നായർ
2. ശ്രീ. ശശി. ഡി
3. ശ്രീ. വിജയൻ
4. ശ്രീമതി. അനീജ
5. ശ്രീ. ഹജികുമാർ
6. ശ്രീ, സെൽവരാജ്. കെ.റ്റി
7. ശ്രീ. പത്മകുമാർ
8. ശ്രീ. ഈവൻസ്
9. ശ്രീ. സതികുമാർ
10. ശ്രീ. വിനോദ്കുമാർ
11. ശ്രീ. സുനിൽകുമാർ
12. ശ്രീ. എസ്. വിജയകുമാർ (KRP)

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | | ആമുഖം | 19 |
| 2. | | പൊതു വിവരങ്ങൾ | 21 |
| 3. | | സാമൂഹ്യസാംസ്കാരിക ചരിത്രം | 23 |
| 4. | | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 25 |
| 5. | i) | കൃഷിയും ജലസേചനവും | 28 |
| | ii) | മൃഗസംരക്ഷണവും മത്സ്യബന്ധനവും ക്ഷീര വ്യവസായവും... | 35 |
| | iii) | വ്യവസായം | 46 |
| | iv) | വിദ്യാഭ്യാസം | 52 |
| | v) | കുടിവെള്ളം, പൊതുജനാരോഗ്യം | 60 |
| | vi) | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 69 |
| | vii) | പാർപ്പിടം, സാമൂഹ്യക്ഷേമം | 82 |
| | viii) | സംസ്കാരം | 91 |
| | ix) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 96 |
| | x) | വനിത | 100 |
| | xi) | സഹകരണം & പൊതുവിതരണം | 103 |
| | xii) | വിഭവസമാഹരണം | 109 |
| 6. | | ഉപസംഹാരം | 110 |

# 1

# ആമുഖം

ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രാദേശികാസൂത്രണവും, വികസനപ്രവർത്തനങ്ങളും പുതിയപഞ്ചായത്ത്രാജ് സംവിധാനത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റവും ഫലപ്രദമായ ഒന്നാണ്. സ്വാതന്ത്ര്യലബ്ധിമുതൽ പിൻതുടർന്നുപോന്ന ആസൂത്രണരീതിയിൽ ഗുണങ്ങളോടപ്പം ഒട്ടേറെ ദോഷങ്ങളും ഉണ്ടായിരുന്നു. അത് മുകൾതട്ടിൽനിന്നും കീഴോട്ടയക്കപ്പെടുന്ന ഒന്നായിരുന്നു. തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലും ജനപങ്കാളിത്തം നാമമാത്രമായിരുന്നു. ഈ രീതി മാറിയാൽ മാത്രമേ കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് ഇപ്പോഴത്തെ വികസന പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയൂ എന്നതിന്റെ തിരിച്ചറിവാണ് ജനകീയാസൂത്രണം.

അടിത്തട്ടിൽ നിന്നും പദ്ധതി തയ്യാറാക്കുക എന്നാണ് ഇതിന്റെ പ്രഥമ ലക്ഷ്യം. ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്തെ പഞ്ചായത്തുകൾ മുഴുവനായും അവരുടേതായ പഞ്ചവൽസരപദ്ധതികൾക്ക് രൂപം നൽകാൻ പോകുന്നത്. ഇതിന്റെ ആദ്യപടിയായിട്ടാണ് പഞ്ചായത്തിലെ വികസനരംഗത്തെക്കുറിച്ച് ഒരു രേഖ തയ്യാറാക്കുന്നത്. ഇതിൽ പഞ്ചായത്തിലെ ഇന്നത്തെ സാധ്യതകൾ, പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു. ഇവയൊക്കെ വികസന പ്രോജക്ടുകളായും ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രേഖയും തയ്യാറാക്കുന്നു. ഇതിനുവേണ്ടി 9-ാം പദ്ധതിയിൽ 40% തുക പഞ്ചായത്തുകൾക്ക് നീക്കിവയ്ക്കുന്നതാണ്. ഇതുവരെയുള്ള ആസൂത്രണത്തിലും പഞ്ചവൽസര പദ്ധതികളിലുമില്ലാത്ത ഈ പ്രത്യേകത നമ്മുടെ വികസനരംഗത്ത് ഒരു പുത്തൻ അദ്ധ്യായത്തിന്റെ ആരംഭമാണ്. ഉൽപാദനരംഗത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന, പൂർണ്ണമായും ജനപങ്കാളിത്തത്തോടു കൂടിയുള്ള അതാതു പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് രൂപപ്പെട്ടുവരുന്നത്. ഇങ്ങനെയുള്ള വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഏറ്റവും കൂടുതലുണ്ടാകും. ആസൂത്രണപ്രക്രിയ ജനാധിപത്യപരമാകണമെങ്കിൽ ജനങ്ങൾ വികസനത്തെക്കുറിച്ച് അറിയുകയും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും വേണം. ഇതിലൂടെ ജനാധിപത്യം കൂടുതൽ ശക്തമായി തീരും.

കാരോട് പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനം 23-8-96-ലെ ഏകദിന പരിശീലന ക്യാമ്പോടുകൂടിയാണ് തുടങ്ങിയത്. പൊഴിയൂർ സെന്റ് ജോസഫ് യു.പി.എസ്. ൽ നടന്ന ഒന്നാംഘട്ട പരിശീലനപരിപാടി പാറശാല എം.എൽ.എ ശ്രീ. എൻ. സുന്ദരൻനാടാർ ഉദ്ഘാടനം

## മുൻകാല ഭരണസമിതി അംഗങ്ങൾ (1962)

| | |
|---|---|
| *പ്രസിഡൻറ്* | : അഡ്വ. ചെല്ലൻ |
| *വൈസ് പ്രസിഡൻറ്* | : കൂട്ടൻ |
| *മെമ്പറന്മാർ* | : ചെല്ലക്കണ്ണ് നാടാർ. കെ. |
| | മുത്തുസ്വാമി നാടാർ |
| | സദാശിവൻപിള്ള. ഇ. |
| | മാധവൻനായർ |
| | ദാസയ്യൻ |
| | ഓമന |
| | ഭാസ്ക്കരൻ |

## മുൻകാല ഭരണസമിതി അംഗങ്ങൾ (1979)

| | |
|---|---|
| *പ്രസിഡൻറ്* | : അഡ്വ. ചെല്ലൻ |
| *വൈസ് പ്രസിഡൻറ്* | : പൗലൂസ് |
| *മെമ്പറന്മാർ* | : എസ്. അയ്യപ്പൻനായർ |
| | പി. ദാമോദരൻ |
| | വൈ. ലാലപ്പൻ |
| | പി. സുകുമാരൻ നായർ |
| | കെ. ചെല്ലക്കണ്ണ് നാടാർ |
| | ജെ. ദാസയ്യൻ |
| | ഒ. സരോജനി അമ്മ |

## മുൻകാല ഭരണസമിതി അംഗങ്ങൾ (1988)

| | |
|---|---|
| *പ്രസിഡൻറ്* | : എസ്. അയ്യപ്പൻനായർ |
| *വൈസ് പ്രസിഡൻറ്* | : എം. പൊന്നയ്യൻ |
| *മെമ്പറന്മാർ* | : റ്റി. തങ്കരാജൻ |
| | എസ്.എസ്. സുധീർ ചന്ദ്രദാസ് |
| | എൻ.കെ. വേലപ്പൻ നായർ |
| | എൽ. ശശികുമാർ |
| | ശ്രീമതി. സുമംഗല |
| | ശ്രീമതി. സൂസാമേരി |
| | ശിവദാസ്. എൻ |
| | എൻ. ജസ്റ്റസ്. |

രണ്ടരവർഷം കഴിഞ്ഞ് ശ്രീ. എം. പൊന്നയ്യൻ പ്രസിഡൻറായും, ശ്രീ. എൻ. ശിവദാസ് വൈസ് പ്രസിഡൻറായും പുതിയ ഭരണ സമിതി നിലവിൽ വന്നു.

## ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ (1995)

| | |
|---|---|
| *പ്രസിഡൻറ്* | : കെ. സെലിന |
| *വൈസ് പ്രസിഡൻറ്* | : എസ്. അയ്യപ്പൻനായർ |
| *സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ* | : റ്റി. തങ്കരാജൻ |
| *മെമ്പറന്മാർ* | : എസ്. അഡ്വ. ലോറൻസ് |
| | എം. സുകുമാരൻ |
| | എച്ച്. രാമരാജ് |
| | എം. ലീലാധരൻനായർ |
| | ആർ. മധുസൂദനൻ |
| | എൻ. സൂസമ്മ |
| | ജി. ഗ്ലാഡിഗ്രേസി |
| | എ. രൂപമണി |

## പഞ്ചായത്തിൻെറ ഉദ്യോഗസ്ഥൻമാർ

| | |
|---|---|
| *സ്പെഷ്യൽഗ്രേഡ്* | |
| സെക്രട്ടറി | ഗോപകുമാർ. എസ്.ഡി. |
| സൂപ്രണ്ട് | - വിജയമ്മ |
| യു.ഡി. ക്ലാർക്ക് | - എൽ. പൊന്നമ്മ |
| | എസ്. കമലാക്ഷി |
| | ആർ. സുകുമാരൻ |
| എൽ.ഡി. ക്ലാർക്ക് | സുബൈദാബീവി. ആർ |
| | എസ്. ചന്ദ്രമതി അമ്മ |
| | ജെ. ലെവി. |
| പ്യൂൺ | - ബി. വേലായുധൻ |
| | കെ. ചന്ദ്രമതി |
| പി.റ്റി. സ്വീപ്പർ | |
| ആയ | - കൃഷ്ണകുമാരി |
| നേഴ്സറി റ്റീച്ചർ | - ലീല |
| ലൈബ്രേറിയൻ | ശ്രീകുമാരി |
| താത്ക്കാലിക ജീവനം | - എൻ. ശ്രീകണ്ഠകുമാർ. |

# 3

# സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലം

ഏതു നാടിനും അതിൻെറതായ സവിശേഷതകളുള്ള ഒരു സംസ്ക്കാരവും, ചരിത്രവും ഉണ്ടാകും. കേരളത്തിൻെറ ഏറ്റവും തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന കാരോട് ഗ്രാമപഞ്ചായത്ത് നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ടതാണ്. ചരിത്ര പ്രസിദ്ധമായ പൊഴിയൂർ ശ്രീ മഹാദേവർക്ഷേത്രം മുതൽ പൊറ്റയിൽ കടവരെയും, ഉച്ചക്കട മുതൽ ചെങ്കവിള വരെയും ഉൾപ്പട്ട 15.67 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ഹരിതഭംഗിയാർന്ന ഒരു ഭൂപ്രദേശമാണ് കാരോട് ഗ്രാമപഞ്ചായത്ത്. 1991-ലെ കണക്കനുസരിച്ച് ഇവിടുത്തെ ജനസംഖ്യ 27,490 ആണ്.

കാരോട് എന്ന പ്രദേശത്തിൻെറ ഉത്ഭവത്തെക്കുറിച്ച് പലരും വിഭിന്നാഭിപ്രായങ്ങൾ പറയുന്നുണ്ടെങ്കിലും നിയതമായ ഒരു കാഴ്ചപ്പാട് ഒരു ചരിത്ര രേഖകളിലുമില്ല. എ.ഡി. 923-ലെ പാർത്ഥിവപുരം ശിലാലിഖിതത്തിൽ കിരാത്തൂർ, പൊഴിയൂർ,കുളത്തൂർ എന്നീ സ്ഥലങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട് അന്ന് കുളത്തൂരും, കാരോടും ഒരു ഗ്രാമപ്രദേശമായിട്ടാണ് കണക്കാപ്പെട്ടിരുന്നത് (അടുത്തക്കാലംവരെ കാരോട്, കുളത്തൂർ വില്ലേജിൻെറ ഭാഗമായിരുന്നു). കുളത്തൂരിലെ ചരിത്രപ്രസിദ്ധമായ കാന്തല്ലൂർശാല എന്ന വിദ്യാപീഠം ഇന്ന് കാരോട് പഞ്ചായത്തിലാണ്. ഇന്ന് അവഗണിക്കപ്പെട്ട ഒരു ക്ഷേത്രം മാത്രം ഇവിടെ സ്ഥിതിചെയ്യുന്നു. കന്യാകുമാരി ജില്ലയിലെ മുഞ്ചിറയ്ക്കടുത്ത് പാർത്ഥിവപുരം ആസ്ഥാനമായി ഭരിച്ച ആയ് രാജാക്കൻമാരുടെ അതിർത്തി അയിര ആയിരുന്നു. അയിരയ്ക്ക് വടക്കുള്ള വടവൂർക്കോണം പണ്ട് പടവൂർക്കോണമായിരിക്കാനാണ് സാദ്ധ്യത. ആയ് രാജാക്കൻമാർ വടക്കുള്ള രാജ്യങ്ങളുമായി യുദ്ധം ചെയ്യുവാൻ ഈ പടനിലം ഉപയോഗിച്ചിരിക്കാം.

പാറശ്ശാല അസംബ്ളി നിയോജക മണ്ഡലത്തിൽപ്പെട്ട ഈ ഗ്രാമപഞ്ചായത്തിൽ കർഷകരും, പനകയറ്റ് തൊഴിലാളികളും തിങ്ങി

പട്ടിക 1.1

| വാർഡ് നമ്പർ | ഗ്രാമസഭ നടന്ന തീയതി | സ്ഥലം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|---|
| I | 12-09-96 | എറിച്ചല്ലൂർ L.P.S | 38 | 109 | 147 |
| II | 06-10-96 | പൊറ്റയിൽക്കട St. Josephs U.P.S | 9 | 81 | 90 |
| III | 12-10-96 | Govt. K.V. H.S, അയിര | 28 | 55 | 83 |
| IV | 12-10-96 | ഹോളിക്രോസ് നഴ്സറിസ്കൂൾ, അയിര | 41 | 99 | 140 |
| V | 12-10-96 | L.M.S.L.P.S, അമ്പിലിക്കോണം | 40 | 102 | 142 |
| VI | 12-10-96 | പാങ്കൂർ സഹകരണസംഘം, മഞ്ചാവിള | 24 | 86 | 110 |
| VII | 13-10-96 | കാരോട് H.M.S.L.P.S | 117 | 129 | 246 |
| VIII | 13-10-96 | കുന്നൻവിള ആർ.സി. ചർച്ച് നഴ്സറിസ്കൂൾ | 259 | 75 | 334 |
| IX | 02-10-96 | കുന്നിയോട് വായനശാല | 82 | 218 | 300 |
| X | 12-10-96 | കാണക്കുളം | 50 | 200 | 250 |
| XI | 12-10-96 | ചെന്നിയോട് | 45 | 107 | 152 |

ചെയ്തു. പ്രസ്തുതയോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറ് സെലീന, ജില്ലാ പഞ്ചായത്ത് മെമ്പർ എ.റ്റി. ജോർജ്, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ എൻ.കെ. ശ്രീകുമാർ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ കെ. രാജമ്മസെൽവാസ് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ. എസ്. അയ്യപ്പൻനായർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ റ്റി. തങ്കരാജൻ, പഞ്ചായത്ത് മെമ്പർ അഡ്വക്കേറ്റ് എഫ്. ലോറൻസ്, പഞ്ചായത്ത് മെമ്പറൻമാരായ ആർ. മധുസൂദനൻ, ശ്രീമതി. സൂസമ്മ, ശ്രീമതി. ജപനേശം, ശ്രീ. എം. സുകുമാരൻ, ശ്രീ. ലീലാധരൻനായർ, ശ്രീമതി. ഗ്ളാഡിഗ്രേസ്, ശ്രീ. എച്ച്. ദാനരാജ് എന്നിവർ പങ്കെടുക്കുകയുണ്ടായി. പന്ത്രണ്ട് വിഷയങ്ങളെ ആസ്പദമാക്കി സമഗ്രമായ ചർച്ച നടത്തിയശേഷം ഭാവി പരിപാടികളെക്കുറിച്ച് ആലോചിക്കുകയും ഗ്രാമസഭകൾ കൂടുന്നതിനുള്ള തിയതികൾ നിശ്ചയിക്കുകയും ചെയ്തു. നിശ്ചയിച്ച തീയതി പ്രകാരം 2.10.96 ന് കുന്നിമയാട് വായനശാലയിൽ വച്ചാണ് ആദ്യത്തെ ഗ്രാമസഭ നടന്നത്. 13.10.96 ഓടുകൂടി കാരോട് ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ കളെല്ലാം പൂർത്തിയാക്കി. 334 പേർ പങ്കെടുത്ത 8-ാം വാർഡിലെ ഗ്രാമസഭയായിരുന്നു പങ്കാളിത്ത ത്തിൽ മുന്നിട്ടു നിൽക്കുന്നത്. വിവിധ വാർഡുക ളിലെ വിശേഷാൽ ഗ്രാമസഭയിലെ പങ്കാളിത്ത ത്തിന്റെ വിവരം മുകളിൽ ചേർത്തിരിക്കുന്നു.

1996 ഡിസംബർ മാസം 12-ാം തീയതി പഠനപര്യടനം നടന്നു. പഞ്ചായത്ത് പ്രസിഡ ൻറിന്റെ നേതൃത്തിൽ 16 പേർ പങ്കെടുത്തു. രണ്ടാം ഘട്ട ജനകീയാസൂത്രണം 27.11.96 ബുധനാഴ്ച പൊറ്റയിൽക്കട സെൻറ് ജോസഫ് യു.പി.എസ്. സ്കൂളിൽ നടന്നു. 50 പേർ പങ്കെടുത്തു.

2

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | കാരോട് |
| 2. | ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | : | കാരോട്, ചെങ്കൽ |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പ്ലാമൂട്ടുക്കട, കാരോട് |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : | പാറശ്ശാല |
| 5. | താലൂക്ക് | : | നെയ്യാറ്റിൻകര |
| 6. | ജില്ല | | തിരുവനന്തപുരം |
| 7. | ജില്ലാ പഞ്ചായത്ത് മണ്ഡലം | : | പാറശ്ശാല ഡിവിഷൻ |
| 8. | അസംബ്ലി മണ്ഡലം | : | പാറശ്ശാല |
| 9. | പാർലമെന്റ് മണ്ഡലം | : | തിരുവനന്തപുരം |
| 10. | വിസ്തീർണ്ണം | | 15.67 Sq. K.m |
| 11. | ജനസംഖ്യ | : | 27,490 |
| 12. | വാർഡുകളുടെ എണ്ണം | | 11 |
| 13. | വനിതാ സംവരണം | | 4 - (IV, V, VII, X) |
| 14. | പട്ടികജാതി സംവരണം | : | 1 (XI) |
| 15. | പ്രസിഡന്റ് | : | ശ്രീമതി. കെ. സെലീന |
| 16. | വൈസ്പ്രസിഡന്റ് | : | ശ്രീ. എസ്. അയ്യപ്പൻനായർ |
| 17. | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. റ്റി. തങ്കരാജൻ |
| 18. | ജില്ലാ പഞ്ചായത്ത് അംഗം | : | ശ്രീ. ഏ.റ്റി. ജോർജ് |
| 19. | ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. എൻ.കെ. ശ്രീകുമാർ<br>ശ്രീമതി. രാജമ്മാസെൽവാസ്. |

പാർക്കുന്നു. മലയാളം പോലെ തന്നെ ഇവിടുത്തുകാർ തമിഴും സംസാരിക്കുന്നു. തമിഴും മലയാളവും കലർന്ന പഴയ തമിഴ് ഇവിടുത്തെ ചില സമുദായങ്ങൾക്കിടയിൽ ഇന്നും പ്രചാരത്തിലുണ്ട്.

ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമാണ് കാരോട് പഞ്ചായത്തിൽ മുഖ്യമായും കാണാൻകഴിയുന്നത്. ജനതയിൽ വലിയൊരു വിഭാഗം തൊഴിൽ തേടി തമിഴ്നാട്ടിൽനിന്ന് കുടിയേറി പാർത്തവരാണ്. പനകയറ്റ് കൃഷിപോലെ തന്നെ അടുത്തക്കാലം വരെ വലിയൊരു വിഭാഗം ജനങ്ങളുടെ തൊഴിലായിരുന്നു. പനയിൽ നിന്നും കിട്ടുന്ന അക്കാനി, കള്ള്, അക്കാനിയിൽനിന്നും എടുക്കുന്ന കരുപ്പുകട്ടി (കരുപ്പെട്ടി) മുതലായവ ഇവിടെ സുലഭമായി ലഭിച്ചിരുന്നു. എന്നാൽ ഇന്ന് പനകയറ്റ് തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. അതൊരു മാന്യതയില്ലാത്ത തൊഴിലായി ഇന്ന് അധപതിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ വിവിധമതവിഭാഗങ്ങളിൽപ്പെട്ടവരും സമുദായങ്ങളിൽപ്പെട്ടവരും അവരവരുടെ സംഭാവനകൾകൊണ്ട് പ്രദേശത്തെ ധന്യമാക്കിയിട്ടുണ്ട്. ഒരു കാലത്ത് ധാരാളം കർഷകർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഇന്ന് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. വ്യവസായികമായി വളരെ പിന്നോക്ക പഞ്ചായത്താണിത്. വിദ്യാഭ്യാസരംഗത്ത് വൻപുരോഗതിയൊന്നും കൈവരിച്ചിട്ടില്ല. പൗരാണികത മുറ്റിനിൽക്കുന്ന കാന്തല്ലൂർശാല വിദ്യാഭ്യാസ ചരിത്രത്തിലെന്നും പവിഴമുത്തായി പ്രശോഭിക്കുന്നു. ക്രിസ്ത്യൻമിഷനറിമാർ ഒറ്റാംപറയ്ക്കൽ വീട്ടിൽ ശ്രീകൃഷ്ണപിള്ള, കുളത്തൂർ അടികാലത്ത് വീട്ടിൽ ശ്രീ.എസ് ചെല്ലപ്പൻപിള്ള എന്നിവർ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ ആദ്യകാല പ്രവർത്തകരായിരുന്നു. ക്രിസ്ത്യൻമിഷനറിമാരാണ് ആദ്യകാലത്ത് ഇവിടെ സ്കൂളുകൾ ആരംഭിച്ചത്. ഒരു ഹൈസ്കൂൾ ഉൾപ്പടെ 7 സ്കൂളുകളാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളത്.

അതിപുരാതനമായ ഹൈന്ദവക്ഷേത്രങ്ങളും, ക്രിസ്ത്യൻ ആരാധനാലയങ്ങളും, മുസ്ളീംപള്ളികളും ഉൾക്കൊള്ളുന്ന പഞ്ചായത്താണ് നമ്മുടേത്. പൊഴിയൂർ മഹാദേവർക്ഷേത്രം, പാറയിൽ ശ്രീ ധർമ്മശാസ്താക്ഷേത്രം എറിവല്ലൂർ ശ്രീ ധർമ്മ ശാസ്താക്ഷേത്രം എന്നിവ ചരിത്രപ്രധാനമായ ക്ഷേത്രങ്ങളാണ്. കാരോട് സി.എസ്.ഐ ചർച്ച്, പൊറ്റയിൽക്കട ആർ.സി. ചർച്ച്, ഉച്ചക്കട ആർ.സി ചർച്ച് എന്നിവയും ചാരോട്ടുകോണം ജുമാമസ്ജിദും ഇവിടെ മറ്റു പ്രധാനപ്പെട്ട ആരാധനാലയങ്ങളാണ്. ഗ്രന്ഥശാലകളും, വായനശാലകളും ഇവിടത്തെ സാംസ്കാരിക പൈതൃകത്തിനു മുതൽ കൂട്ടാണ്. മലയാള സാഹിത്യത്തിന്റെ തന്റേതായ സംഭാവന നൽകി മലയാളികൾക്കൊക്കെ പ്രിയങ്കരനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ. എസ്.വി. വേണുഗോപൻ ഈ പഞ്ചായത്തിലെ പുത്രനാണെന്നകാര്യം നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്.

ആദ്യകാലത്ത് ഈ പഞ്ചായത്ത് കുളത്തൂർ വില്ലേജിൽ ആയിരുന്നു. ആദ്യത്തെ പഞ്ചായത്ത് തിരെഞ്ഞെടുപ്പിൽ അഡ്വക്കറ്റ് ശ്രീ.കെ. ചെല്ലന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് നിലവിൽവന്നത്. അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിലും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽവന്നു.മൂന്നാമതു നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ. എസ്. അയ്യപ്പൻനായരുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽവന്നു. ഇടയ്ക്കുവച്ച് ഭരണസമിതിയിൽ മാറ്റം വന്നു. ശ്രീ. എം. പൊന്നന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് കാലാവധി പൂർത്തികരിച്ചത്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1995 ഒക്ടോബറിൽ ശ്രീമതി. കെ. സെലീനയുടെ നേതൃത്വത്തിൽ അധികാരമേറ്റു.

# 4

# ഭൂപ്രകൃതി
# ജലപ്രകൃതി
# ജനപ്രകൃതി

തമിഴ്നാടതിർത്തിയുമായി തൊട്ടുരുമ്മിക്കിടക്കുന്ന ഒരു പഞ്ചായത്താണ് കാരോട്. കാരോടിന്റെ അതിർത്തി പഞ്ചായത്തുകൾ കുളത്തൂർ, ചെങ്കൽ, പാറശ്ശാല എന്നിവയാണ്. കാരോടിലും ചെങ്കൽ വില്ലേജിലുമായിട്ടാണ് ഇവിടത്തെ വാർഡുകളുടെ കിടപ്പ്. മൊത്തം 15.67 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ ഭൂപ്രകൃതി ഇപ്രകാരമാണ്.

കുന്നിൻ പ്രദേശം

താഴ്വര

ചെരിവ്

തീരസമതലം

വെള്ളം കയറുന്ന മേഖല എന്നിങ്ങനെ തരംതിരിക്കാം.

## പ്രധാന മൺതരങ്ങൾ

ചെമ്മണ്ണ്, ചരൽമണ്ണ്, കളിമണ്ണ് എന്നിവയാണ് ഭൂരിഭാഗം പ്രദേശങ്ങളിലും കാണുന്നത്. പഞ്ചായ ത്തിന്റെ മിക്കഭാഗങ്ങളിലും ഒരേ തരത്തിലുള്ള കൃഷി യാണ്. നെല്ല്, വാഴ, തെങ്ങ്, വെറ്റിലക്കൊടി എന്നിവയാണ് ഇതിൽ പ്രധാനം. ഈ പ്രദേശങ്ങളിലൊക്കെ കണ്ടുവരുന്ന മരങ്ങൾ മാവ്, പ്ലാവ്, പുളിമരം, പനമരം എന്നിവയാണ്. ഇതിനുപുറമേ പഞ്ചായത്തിലെ പല ഭാഗങ്ങളിലും കശുമാവ് കൃഷിചെയ്യുന്നുണ്ട്. നെൽപ്പാടങ്ങളിൽ നെല്ലിനുപുറമേ പച്ചക്കറി, വാഴ, ഇഞ്ചി തുടങ്ങിയവയും കൃഷിചെയ്യുന്നു. ഈ പഞ്ചായത്തിലെ ഒരു പ്രധാന പ്രദേശമാണ് ഭീമൻപൊറ്റ. ഇതിന്റെ താഴ്വാരത്തിൽ റബ്ബർ കൃഷിചെയ്യുന്നു. പൊറ്റയുടെ നാലിലൊന്നു ഭാഗത്ത് കൃഷിചെയ്യുന്നുണ്ട്.

പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഇവിടത്തെ കൃഷി. സംസ്ഥാനത്തിൽ ലഭിക്കുന്ന മഴ ഇവിടെയും ലഭിക്കുന്നു. ഏറ്റവുമധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. പഞ്ചായത്തിൽ ചിലഭാഗങ്ങളിൽ വരൾച്ചകാലത്തും അല്ലാത്ത സമയത്തും ശുദ്ധജല ദൗർലഭ്യം ഉണ്ട്.

## ജലപ്രകൃതി

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയാണ്. 11 വാർഡുകളിലായി 42 കുളങ്ങളും 11 പ്രധാന തോടു കളുമുണ്ട്. തോടുകളുടെ മൊത്തം നീളം 23.5 കി.മീ. ആണ്. നെയ്യാർ ജലസേചന പദ്ധതിയുടെ ഗുണം കുറച്ച് പ്രദേശങ്ങളിൽ ലഭിക്കുന്നു. പ്രധാനമായി രണ്ടു കനാലുകൾ ഈ പഞ്ചായത്തുവഴി കടന്നുപോകുന്നു.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം കാരോട് പഞ്ചായത്തിലെ ജനസംഖ്യ 27490 ആണ്.

ഇതിൽ 13734 പേർ പുരുഷന്മാരും, 13756 പേർ സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 22 സ്ത്രീകളാണ് സെൻസസ് പ്രകാരം കൂടുതലുള്ളത്. ആകെ വീടുകൾ 6980 ആണ്. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3657 ആണ്. ഇതിൽ ആൺകുട്ടികൾ 1900 ഉം പെൺകുട്ടികൾ 1757 ഉം ആണ്. പട്ടികജാതിക്കാരുടെ ജനസംഖ്യ 2352 ആണ്. ഇതിൽ പുരുഷന്മാർ 1159 ഉം സ്ത്രീകൾ 1223 ഉം ആണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട 5പേർ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലുണ്ട്.

ജനസംഖ്യയിൽ 20037 പേർ സാക്ഷരരാണ്. 10625 പുരുഷന്മാരും 9412 പേർ സ്ത്രീകളും.




പഞ്ചായത്ത് ഭൂപ്രകൃതി

| ഭൂപ്രകൃതി | മൺതരം | സസ്യാവരണം | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|
| കുത്തനെയുള്ള ഇറക്കം | ചരൽ മണ്ണ് | തെങ്ങ്, കമുക് തുടങ്ങിയവ | മണ്ണൊലിപ്പ് |
| തീരസമതലം | ചെമ്മണ്ണ് | തെങ്ങ്, പന പുളി, മാവ് | മണ്ണൊലിപ്പ് |
| ചെറിയചരിവ് | എക്കൽമണ്ണ് | തെങ്ങ്, കമുക് വാഴ, മരച്ചീനി | വിള മാറി കൃഷി ചെയ്യുന്നു. |
| തീരസമതലം | ചെമ്മണ്ണ് | തെങ്ങ്, കമുക് വാഴ, മരച്ചീനി | |
| താഴ്‌വര | എക്കൽമണ്ണ് | വാഴ, മരച്ചീനി | മണ്ണൊലിപ്പ് |

## വാർഡുതലത്തിൽ ജനസംഖ്യാ വിവരപ്പട്ടിക.

| വാർഡ് നമ്പർ | പുരുഷൻ മാർ | സ്ത്രീകൾ | ആകെ | പട്ടിക ജാതി | | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|
| | | | | പുരുഷൻ മാർ | സ്ത്രീകൾ | ആകെ | പുരുഷൻ മാർ | സ്ത്രീകൾ |
| 1 | 934 | 952 | 1886 | 107 | 125 | 232 | 741 | 715 |
| 2 | 1217 | 1246 | 2463 | 89 | 99 | 188 | 1016 | 936 |
| 3 | 1302 | 1231 | 2533 | 66 | 62 | 128 | 982 | 855 |
| 4 | 1367 | 1369 | 2736 | 290 | 297 | 587 | 1032 | 960 |
| 5 | 1195 | 1222 | 2417 | 102 | 127 | 229 | 936 | 667 |
| 6 | 865 | 905 | 1770 | 17 | 16 | 33 | 634 | 565 |
| 7 | 1114 | 1068 | 2182 | 50 | 53 | 103 | 889 | 744 |
| 8 | 143 | 1434 | 2877 | 37 | 33 | 70 | 1099 | 980 |
| 9 | 1396 | 1425 | 2821 | 41 | 41 | 82 | 1116 | 1004 |
| 10 | 1216 | 1284 | 2500 | 88 | 108 | 196 | 970 | 970 |
| 11 | 1685 | 1620 | 3305 | 272 | 262 | 534 | 1210 | 1021 |
| ആകെ | 13734 | 13756 | 27490 | 1159 | 1233 | 2382 | 10625 | 9412 |

(അവലംബം: 1991 ലെ സെൻസസ് രേഖകൾ)

5

# കൃഷിയും ജലസേചനവും

കാരോട് മറ്റ് പഞ്ചായത്തുകളെപ്പോലെ തന്നെ ഒരു കാർഷിക ഗ്രാമമാണ്. കടൽതീരത്തല്ലെങ്കിലും അതുമായി വളരെ അടുത്തു് കിടക്കുന്ന ഒരു പ്രദേശമാണ് ഇത്. സാധാരണയായി താഴ്ന്ന പ്രദേശങ്ങളിലാണ് നെൽ വയലുകൾ ഉള്ളത്. ഈ പ്രദേശത്തിന്റെ മുഖ്യകൃഷി നെല്ല്, തെങ്ങ്, മരച്ചീനി മുതലായവയും ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, വാഴ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് വാഴകൃഷി അടുത്തകാലത്തായി വളരെ കൂടുതലാണ്.

പഞ്ചായത്തിലെ തീരപ്രദേശങ്ങളും, വയലുകളും കുന്നിൻപ്രദേശങ്ങളും ഉൾപ്പടെ 1397 ഹെക്ടർ പ്രദേശം കൃഷിക്ക് ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകുന്ന എല്ലാ തോടുകളും തൊട്ടടുത്ത പഞ്ചായത്തിൽകൂടി കടന്ന് അറബിക്കടലിലാണ് പതിക്കുന്നത്. ഇവിടത്തെ ഭൂഉടമസ്ഥരിൽ ഭൂരിഭാഗം പേരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി ഉള്ളവരാണ്. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. ഇതിനുപരിയായി പുഴകൾ, തോടുകൾ, കുളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് കൃഷി നടത്തി വരുന്നു. ചില പ്രദേശങ്ങളിൽ കനാൽ ജലം (നെയ്യാറിൽ നിന്നുള്ളത്) ഒരുപ്പൂകൃഷിക്ക് ഉപയോഗിക്കുന്നു. ആദ്യ കാലങ്ങളിൽ പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമസ്ഥരിൽ ചില വൻകിട ജന്മിമാർ ഉണ്ടായിരുന്നുവെങ്കിലും പിൽക്കാലത്ത് ഇതിന് മാറ്റം വന്നു.

ആകെ ഭൂമിയുടെ 13.5% നെൽകൃഷി ചെയ്തു വരുന്ന പ്രദേശങ്ങളാണ്. നാടൻ വിത്തുകളായ പട്ടാമ്പി, ത്രിവേണി, മസൂറിയ തുടങ്ങിയ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. ജൈവവളം ആദ്യകാലത്ത് കൂടുതലായി ഉപയോഗിച്ചിരുന്നു. പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, വാഴ, മരച്ചീനി എന്നിവയും കൃഷി ചെയ്തിരുന്നു. ജലസേചനത്തിനായി ആദ്യകാലത്ത് നാടൻ ജലസേചന ഉപകരണങ്ങളാണ് ഉപയോഗിച്ചിരുന്നത്.

1996-ലെ കൃഷി ഭവനിലെ രേഖകൾ അനുസരിച്ച് പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി 190 ഹെക്ടർ ആണ്. ഇതിലുപരിയായി കരകൃഷി എന്നൊരു സമ്പ്രദായം കൂടി നിലവിലുണ്ടായിരുന്നു. കനാൽ ജലം പാടങ്ങളിലേയ്ക്ക് തിരിച്ച് വിട്ട് കൃഷി ചെയ്യുന്ന രീതിയാണിത്. ആദ്യകാലങ്ങളിൽ കർഷകർക്ക് കിട്ടിയിരുന്ന മാന്യത കുറഞ്ഞുവന്നതും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവന്നതോടെ കരകൃഷി സമ്പ്രദായം പൂർണ്ണമായും ഇല്ലാതായി. ഈ പ്രദേശങ്ങൾ വീട് വയ്ക്കുന്നതിനും തെങ്ങുകൃഷി ചെയ്യുന്നതിനുമായി മാറി. അതോടൊപ്പം തന്നെ ഈ പ്രദേശങ്ങൾ തരിശ് ഇടാനുള്ള പ്രവണതയും കൂടി വന്നു. നെൽകൃഷി ലാഭകരമല്ലാത്തതിനാലും കർഷകത്തൊഴിലാളികളുടെ പിൻതലമുറക്കാർ കൃഷി പണിയിൽ തല്പരരാകാത്തതും സാർവ്വത്രിക

വിദ്യാഭ്യാസത്തിന്റെ പ്രചാരണവുമൊക്കെ നെൽകൃഷി കുറഞ്ഞുവരുന്നതിന് കാരണമായിട്ടുണ്ട്. ഇതിൽ പ്രധാനകാരണം കൃഷി ലാഭകരമല്ല എന്ന വസ്തുത തന്നെയാണ്. ഇക്കാരണത്താൽ കൃഷി ഭൂമി തെങ്ങ് വച്ച് പിടിപ്പിക്കുന്നതിനും പാട്ടത്തിനു കൊടുക്കുന്ന പ്രവണതയും കൂടുതലായി. ഇന്ന് പകുതിയിലധികം കൃഷി ഭൂമിയിലെങ്കിലും വാഴകൃഷി വ്യാപകമായിട്ടുണ്ട്. വയലിലും പുരയിടങ്ങളിലുമായി 150 ഹെക്ടർ ഭൂപ്രദേശത്ത് വാഴ കൃഷി ചെയ്യുന്നു. 100 ഹെക്ടറിൽ മരച്ചീനി കൃഷി ചെയ്യുന്നുണ്ട്. 1063 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ഉണ്ട്.

ഈ കണക്കുനോക്കുമ്പോൾ നെൽകൃഷി ഒരു പ്രധാനവിളയായി കരുതാൻ കഴിയില്ല. ഇപ്പോഴത്തെ പ്രവണത വച്ച് നോക്കുമ്പോൾ തെങ്ങ് കൃഷിയൊഴികെ ബാക്കി എല്ലാ വിളകളും കുറഞ്ഞു വരികയാണ്. നെല്ല് തുടങ്ങിയ മറ്റ് വിളകൾക്ക് കൂടുതൽ പരിചരണം ആവശ്യമായതും തെങ്ങിന് കുറച്ച് പരിചരണം മതി എന്നുള്ള തോന്നലുമാണ് ഇതിനു പ്രധാന കാരണം. കൃഷിയുമായി ബന്ധപ്പെട്ട് ആദ്യകാലങ്ങളിൽ തോട്, കുളം, നീരുറവകൾ, എന്നിവ സംരക്ഷിച്ചു പോന്നിരുന്നു. ഇന്ന് ആ സ്ഥിതിയല്ല ഉള്ളത്. തോടിന്റെ വരമ്പുകൾ കൂടുതലും ഇടിച്ചു നിരത്തി തെങ്ങ് വച്ച് തുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങൾ, തോടുകൾ, നീരുറവകൾ എന്നിവ സംരക്ഷിച്ചു നിർത്തുന്നില്ല. ചില കുളങ്ങൾ എങ്കിലും പൂർണ്ണമായി പായൽ കൊണ്ട് മൂടിയിരിക്കുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 15.67 സ്ക്വയർ കിലോമീറ്ററാണ്. ഇത് താഴ്‌വര, ഉയർന്ന പ്രദേശം, സമതലം, കുത്തനെ ചരിവുള്ള പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്.

ആകെ വിസ്തൃതിയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങും താഴ്ന്നപ്രദേശങ്ങളിൽ നെല്ലുമാണ് കൃഷി ചെയ്തുവരുന്നത്. ഇടവിളയായി വാഴ, മരച്ചീനി, പച്ചക്കറികൾ, എള്ള്, പയർ എന്നിവ കൃഷി ചെയ്തു വരുന്നു. ചില പ്രദേശങ്ങൾ ചെറുതായിട്ട് റബ്ബറിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്.

### നെൽകൃഷി, വിള വിസ്തീർണ്ണം
(കൃഷിഭവൻ രേഖയിൽനിന്ന്)

പട്ടിക - 1

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടർ | ഉല്പാദനം ടൺ | ഉല്പാദനക്ഷമത ഹെക്ടർ |
|---|---|---|---|---|
| 1 | നെല്ല് ഒന്നാംവിള | 190 | 513 | 2,7 ടൺ |
| 2 | രണ്ടാംവിള | 190 | 475 | 2.5 ടൺ |
| 1 | മൂന്നാംവിള | 50 | 11.5 | 2,3 ടൺ |

## വളം

സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായിട്ടുള്ള വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിനുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 75%വും രാസവളങ്ങളാണ്. ഇത് കൃഷി ചെലവിന് ഒരു കാരണമാണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വേണ്ടത്ര വളപ്രയോഗം നടത്തുന്നില്ല.

രാസവളം ഉപയോഗം പട്ടിക - 2

| വർഷം | സഹകരണ മേഖല | സ്വകാര്യമേഖല |
|---|---|---|
| 1993-94 | 705 ടൺ | 150 ടൺ |
| 1994-95 | 755 ടൺ | 165 ടൺ |
| 1995-96 | 80 ടൺ | 180 ടൺ |

പ്രധാനപ്പെട്ട വിളകൾക്കൊക്കെ കീടനാശിനികൾ ഉപയോഗിച്ച് വരുന്നു. ഇത് ശാസ്ത്രീയമായിട്ടല്ല പലപ്പോഴും ഉപയോഗിക്കുന്നത്. കൃഷിയ്ക്കായി ആധുനിക കൃഷി ആയുധങ്ങൾ കൂടുതലായി ഉപയോഗിക്കുന്നില്ല. ഉഴവു കാളകളാണ് നിലം ഉഴുന്നതിന് ഉപയോഗിക്കുന്നത്. ചില പ്രദേശങ്ങളിൽ സ്വകാര്യ ട്രാക്ടറുകൾ എത്തിയിട്ടുണ്ട്. മറ്റു ചില പ്രദേശങ്ങളിൽ ട്രില്ലർ ഉപയോഗിച്ചും നിലം ഉഴുന്നു. കൃഷിഭവൻ മുഖേന 5,1,9 എന്നീ വാർഡുകളിലാണ് കൃഷി ആയുധങ്ങൾ വിതരണം ചെയ്തിട്ടുള്ളത്.

**പട്ടിക - 3**

| ഉഴവുപകരണങ്ങൾ | എണ്ണം |
|---|---|
| ട്രാക്ടർ | ഇല്ല |
| ട്രില്ലർ | 3 |
| നാടൻ കലപ്പ | 26 |
| റോക്ക്സ്പ്രേയറുകൾ | 4 |
| നാപ്പ്സ്റ്റാക്ക് സ്പ്രേയർ | 13 |
| മെതിയന്ത്രം | 2 |
| തെങ്ങുകയറ്റ യന്ത്രം | 2 |
| ആകെ | 50 |

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 13 പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**പട്ടിക - 4**

**പാടശേഖരസമിതിയും വിളക്രമങ്ങളും**

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | എറിച്ചല്ലൂർ | നെല്ല് | നെല്ല് | നെല്ല് വാഴ |
| 2 | കാന്തല്ലൂർ | നെല്ല് | നെല്ല് | നെല്ല് വാഴ |
| 3 | വാതപ്പാട്ടുകുളം | നെല്ല് | നെല്ല് | പയർ നെല്ല് |
| 4 | പടക്കോട്ടുകോണം | നെല്ല് | നെല്ല് | പയർ പയർ |
| 5 | കുളംവയൽകുളം | നെല്ല് | നെല്ല് | പയർ നെല്ല് |
| 6 | പൊൻകുഴി | നെല്ല് | നെല്ല് | നെല്ല് പയർ വാഴ |
| | അമ്മാണ്ടുകുളം | നെല്ല് | നെല്ല് | നെല്ല് വാഴ പയർ |

**പാടശേഖരസമിതിയും വിളക്രമങ്ങളും**

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 8 | അയിര | നെല്ല് | നെല്ല് | നെല്ല് വാഴ |
| 9 | കാട്ടുകുളം | നെല്ല് | നെല്ല് | പയർ നെല്ല് |
| 10 | വാഴാങ്ങൽ | നെല്ല് | നെല്ല് | നെല്ല് പയർ |
| 11 | വടൂർകോണം | നെല്ല് വാഴ | നെല്ല് വാഴ | പയർ വാഴ നെല്ല് |
| 12 | കാവിൻകുളം | നെല്ല് വാഴ | നെല്ല് വാഴ | പയർ വാഴ |
| 13 | താഴവിള | നെല്ല് | നെല്ല് | പയർ നെല്ല് |

## കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. സാർവ്വത്രിക വിദ്യാഭ്യാസം, കൃഷിയോടുള്ള താല്പര്യമില്ലായ്മ എന്നിവ ഇതിന് പ്രധാന കാരണങ്ങളാണ്. ഈ പഞ്ചായത്തിൽ സെൻസസ് പ്രകാരം 4073 പേരാണ് കൃഷി തൊഴിലാളികളായിട്ടുള്ളത്. ഇതിൽ 3606 പേർ പുരുഷന്മാരും 467 പേർ സ്ത്രീകളും ആണ്. ഇവരുടെ ശരാശരി കൂലി നിരക്ക് 60 വീതമാണ്.

## കാർഷിക വായ്പ

ഒരു സർവ്വീസ് സഹകരണ ബാങ്കും, ഒരു ദേശസാൽകൃത ബാങ്കുമാണ് ഈ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളത്. ഇതിന് പുറമെ തൊട്ടടുത്ത 3 പഞ്ചായത്തിലെ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കാറുണ്ട്. കാർഷിക വായ്പകളൊക്കെ തന്നെ കൃഷിയ്ക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കു പ്രയോഗിക്കുന്നു എന്ന് വ്യാപകമായ ആരോപണം ഉണ്ട്. ഈ പഞ്ചായത്തിൽ കേര വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതി വഴി കേര

കർഷകർക്ക് കൃഷിഭവൻ മുഖേന രാസവളം സബ്സിഡി റേറ്റിൽ കൊടുക്കുന്നുണ്ട്. കൂടാതെ കിണർ കുഴിക്കുന്നതിനും പമ്പ് വെയ്ക്കുന്നതിനും സബ്സിഡി ലഭിക്കുന്നുണ്ട്.

## ജലസേചനം

പഞ്ചായത്തിൽ 2 ഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നത്. കാലവർഷവും, തുലാവർഷവും. പഞ്ചായത്തിലെ മറ്റ് പ്രധാന ജലസ്രോതസ്സുകൾ, തോട്, കുളങ്ങൾ, നീരുറവകൾ എന്നിവയാണ്. പഞ്ചായത്തിലെ ആകെ 46 കുളങ്ങളുണ്ട്. തോടുകളുടെ നീളം 23.5 കിലോമീറ്ററാണ്.

### പട്ടിക - 5
### കാരോട് പഞ്ചായത്തിലെ തോടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ |
|---|---|---|---|
| 1 | അയിരതോട് | 2 കി.മി | 5 അടി |
| 2 | പൂമൂട്ടുക്കടെ | 3 കി.മി | 4 അടി |
| 3 | വടവൂർക്കോണം | 8 കി.മി | 5 അടി |
| 4 | ചെങ്കവിളതോട് | 4 കി.മി | 5 അടി |
| 5 | നരിക്കുഴി | 1 കി.മി | 4 അടി |
| 6 | വെൺകുളംതോട് | 2 കി.മി | 4 അടി |
| 7 | കാരോട് | 1½ കി.മി | 4 അടി |
| 8 | എണ്ണവിള | 1 കി.മി | 4 അടി |
| 9 | അമ്പനാവിളതോട് | ½ കി.മി | 4 അടി |
| 10 | പഴയഉച്ചക്കടതോട് | 1 കി.മി | 4 അടി |
| 11 | പൊഴിയൂർതോട് | ½ കി.മി | 4 അടി |
| 12 | അവുന്തുരുത്തിഏലാതോട് | 1 കി.മി | 5 അടി |

### ജലവുമായി ബന്ധപ്പെട്ട ആസ്തികൾ (സെക്കൻഡറി ഡേറ്റ) പട്ടിക - 6

| നമ്പർ | ആസ്തികൾ | വിസ്തീർണ്ണം കി.മി / എണ്ണം |
|---|---|---|
| 1 | തോട് / അരുവി | 17 |
| 2 | കുളം | 46 |
| 3 | ജലസംഭരണി | 2 |
| 4 | കുഴൽ കിണർ | 27 |
| 5 | കനാൽ | 2 |

ഇവയൊക്കെതന്നെ വേണ്ടവിധത്തിൽ സംരക്ഷിച്ചു പോരുന്നില്ല. ചെറുതും വലുതുമായ ഏകദേശം 42 കുളങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. പ്രധാനമായും ഇവ കൃഷി ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നവയാണ്.

### പ്രധാനപ്പെട്ട കുളങ്ങളെ സംബന്ധിച്ചുള്ള വിവരം പട്ടിക - 7

| നമ്പർ | കുളം | വാർഡ് |
|---|---|---|
|  | വെൺകുളം | 6 |
| 2 | പനങ്കോട്ടുകുളം | 5 |
| 3 | ഇട്ടക്കുളം | 7 |
| 4 | പൊൻകുഴിക്കുളം | 7 |
| 5 | വിയൻകുളം | 2 |
| 6 | വെൺമണിക്കുളം | 1 |
| 7 | ഉടുത്തലകുളം | 1 |
| 8 | കാവിൻകുളം | 1 |
| 9 | കടലിക്കുളം | 9 |
| 10 | ചൂരണ്ണാൽകുളം, അമ്മത്തിരുത്തിക്കുളം | 9 |
| 11 | കൊല്ലകുളം | 10 |
| 12 | പന്ത്രാണിക്കുളം | 8 |
| 13 | മലയ്ക്കൽ കുളം | 3 |
| 14 | പറക്കോണി | 8 |

## പ്രധാനപ്പെട്ട കുളങ്ങളെ സംബന്ധിച്ചുള്ള വിവരം

| നമ്പർ | കുളം | വാർഡ് |
|---|---|---|
| 15 | നെടുക്കുളം | 7 |
| 16 | മാഴാങ്ങിക്കുളം | 3 |
| 17 | കുരുവിത്തോട്ടത്തുകുളം | 9 |
| 18 | തച്ചൻകുളം | 5 |
| 19 | പണിയംകുളം | 5 |
| 20 | അയണ്ടകുളം | 5 |
| 21 | വെള്ളറാൻകുളം | 5 |
| 22 | കണിയാൻകുളം | 10 |
| 23 | കഞ്ഞിക്കുഴികുളം | 10 |
| 24 | അയിരകുളം | 4 |
| 25 | കാട്ടുകുളം | 4 |
| 26 | വഞ്ചാങ്കുഴിക്കുളം | 4 |
| 27 | തോരുകുളം | 4 |

## കൃഷിഭവൻ

1987-ൽ ആണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റന്റുമുള്ള കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിന് ഗുണകരമായ രീതിയിൽ മാറ്റേണ്ടിയിരിക്കുന്നു.

പട്ടിക - 8

| നമ്പർ | വിളകൾ | വിസ്തീർണ്ണം / ഹെക്ടർ |
|---|---|---|
| 1 | പയർ | 40 |
| 2 | എള്ള് | 1 |
| 3 | പച്ചക്കറി | 75 |
| 4 | വാഴ | 150 |
| 5 | മരച്ചീനി | 250 |
| 6 | കുരുമുളക് | 10 |
| 7 | പ്ലാവ് | 10 |
| 8 | കശുമാവ് | 5 |
| 9 | മാവ് | 50 |
| 10 | റബ്ബർ | 25 |
| 11 | കമുക് | 2 |

## പ്രശ്നങ്ങൾ

കൃഷിയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതിലേറ്റവും പ്രധാനമായത് നെൽകൃഷിയെ സംബന്ധിച്ചതാണ്. അരിയുല്പാദനവുമായി നേരിട്ട് ബന്ധപ്പെട്ടതാണല്ലോ നെൽകൃഷി. അരിയ്ക്കുപരിയായി വൈക്കോലും കിട്ടുന്നു. ഇതു രണ്ടും ഇപ്പോൾ ചുരുങ്ങിയിരിക്കുകയാണ്. പഞ്ചായത്തിനാവശ്യമായ അരിയുടെ മൂന്നിലൊന്നുപോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. നമുക്കാവശ്യമായ അരി തൊട്ടടുത്ത തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നാണ് വരുന്നത്. നമ്മുടെ പ്രദേശത്തിൽ അരിയുല്പാദനം കുറഞ്ഞ് വരുന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്.

ഇതുപോലെ തന്നെ കന്നുകാലികളുമായും നേരിട്ട് നെൽകൃഷിക്ക് ബന്ധമുണ്ട്. കന്നുകാലികളുടെ പോഷകമൂല്യമുള്ള ആഹാരം എന്നു പറയുന്നത് വൈക്കോലാണ്. അതിന്റെ ഉല്പാദനം കുറയുന്നതോടെ കാലിതീറ്റയെ ആശ്രയിക്കേണ്ട ഗതികേടിലാണ്, എന്തുകൊണ്ടും പഞ്ചായത്തിൽ നെൽകൃഷി നിലനിർത്തേണ്ടത് നമ്മുടെ ബാധ്യതയാണ്. ഇങ്ങനെ നെൽകൃഷി കുറഞ്ഞു വരുന്നതിന് പല കാരണങ്ങളും ഉണ്ട്. ഉല്പാദന ചെലവിൽ വന്ന വർദ്ധനവാണ് ഇതിൽ പ്രധാനം. കൃഷി ആദായകരമല്ല എന്ന ധാരണ പരക്കെ ഉണ്ട്. തൊഴിലാളികളുടെ അഭാവം, ഉല്പന്നങ്ങൾക്ക് മതിയായ വില കിട്ടാത്തത് എന്നിവ നെൽകൃഷി കുറയുന്നതിന് കാരണമായി.

കേരകൃഷിയുടെ കാര്യത്തിലേയും സ്ഥിതി ഇതിൽ നിന്നും വിഭിന്നമല്ല. നമ്മുടെ അഭിവൃദ്ധി കേരകൃഷി വികസനത്തെ ആശ്രയിച്ചാണ് ഇപ്പോൾ നില കൊള്ളുന്നത്. ഉല്പാദനത്തിനനുസരിച്ച് മെച്ചപ്പെട്ട വില കിട്ടുന്നില്ല എന്നതാണ് കർഷകരുടെ പ്രധാന പരാതി. കൃഷി കീടങ്ങളിൽ നിന്ന് പൂക്കുലകളെ രക്ഷിക്കാൻ തെങ്ങിന്റെ മണ്ട വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. തേങ്ങയിടാൻ പോലും പണിക്കാരെ കിട്ടാത്ത അവസ്ഥയിൽ ഇതെങ്ങനെ സാധ്യമാകും എന്നതാണ് കർഷകരുടെ ചോദ്യം. തെങ്ങുകൾക്ക് കണ്ടുവരുന്ന രോഗങ്ങളും ഈ രംഗത്ത് ഒരു പ്രശ്നമായി അവശേഷിക്കുന്നു.

കൃഷി ഭൂമികൾ വേണ്ടവിധത്തിൽ പരിപാലിക്കാത്തതിനാൽ മണ്ണൊലിപ്പിന് കാരണമാകുന്നു.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് വളപ്രയോഗം നടത്തേണ്ടത്. ഇത് പലപ്പോഴും അശാസ്ത്രീയമായിട്ടാണ് ചെയ്യാറ്. ശാസ്ത്രീയ വളപ്രയോഗം നടക്കാത്തതിന്റെ ഭാഗമായി ഉല്പാദനം കുറയുന്നു. നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന പച്ചക്കറി, പയറ് എന്നിവ കുറഞ്ഞു വരുന്നു. ഇവ കൃഷി ചെയ്യുന്നതുമൂലം മണ്ണിന് ജൈവവളങ്ങളുടെ ലഭ്യത കൂടുതൽ ഉണ്ടാവുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിൽ ഭൂരിഭാഗം കൃഷി ഭൂമികളും തുണ്ടു കൃഷിയിടങ്ങളാണ്. ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് ഇതൊരു പ്രധാന തടസ്സമാകുന്നു.

## നിർദ്ദേശങ്ങൾ

1. നെൽകൃഷി പ്രോത്സാഹിപ്പിക്കുക. നെൽകൃഷിയുടെ ഉല്പാദനക്ഷമത ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ അടിയന്തിരമായി വേണം. നിലവിലുള്ള കർഷക സമിതികളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലപ്രദമാക്കണം.

2. മണ്ണ് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ ഉണ്ടാക്കാൻ ശ്രമിക്കണം.

3. ഇന്നു നിലനിൽക്കുന്ന എല്ലാ കുളങ്ങളും, തോടുകൾ, അരുവികൾ തുടങ്ങിയ എല്ലാ ജലസ്രോതസ്സുകളും സന്നദ്ധ പ്രവർത്തകരുടേയും കർഷകരുടേയും സഹായത്തോടു കൂടി സംരക്ഷിണം.

4. അടുത്ത 5 വർഷത്തിനുള്ളിൽ പച്ചക്കറിയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കണം. ഇതിനുവേണ്ടി പുരയിടങ്ങളിൽ ഇടവിളകളിലെന്നോണം ചെയ്തിരുന്ന പച്ചക്കറി കൃഷി ഗണ്യമായ തോതിൽ പ്രോത്സാഹിപ്പിക്കുക. വീടുകളിൽ, അടുക്കളത്തോട്ടം, സ്ക്കൂളുകളിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറി തോട്ടം എന്നിവ നടപ്പാക്കാവുന്നതാണ്.

5. ജനകീയ പങ്കാളിത്തത്തോടുകൂടി മണ്ണുസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

6. എറിച്ചല്ലൂർ പ്രദേശത്തെ കൃഷിയിടങ്ങളിൽ നീർക്കെട്ട് പരിഹരിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുക.

7. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

8. ഇന്നത്തെ കാഡയുടെ പ്രവർത്തനം ഫലപ്രദമാക്കുക. കാഡ സമിതികൾ ജനകീയമാക്കുക.

9. പ്ലാമൂട്ടുക്കട വാർഡിൽ നാഗരുകുഴി എന്ന സ്ഥലത്ത് ഒരിക്കലും വറ്റാത്ത ഒരു നീരുറവ ഉണ്ട്. ഇവിടെ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ കൃഷിയ്ക്കും ജലസേചനത്തിനും ആവശ്യമായ ജലം കിട്ടും.

10. വെൺകുളം ഭാഗത്തായി പച്ചക്കറി വിതരണത്തിനായി ഒരു പൊതുവിപണി ഉണ്ടാക്കുക. ഇതുപോലെ പ്രധാന ഉല്പന്നങ്ങളായ തേങ്ങ, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ പൊതുവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

11. വെൺകുളം വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുക.

12. പഞ്ചായത്തിൽ തീറ്റപ്പുൽ വളർത്തൽ പ്രോത്സാഹിപ്പിക്കണം.

13. പുതുശ്ശേരി ഭാഗത്ത് തെങ്ങ് കൃഷിക്കാർ ജലസേചന സൗകര്യത്തിന്റെ അഭാവം അനുഭവപ്പെടുന്നവരാണ്. ഇതിനുവേണ്ടി കടലകുളം കേന്ദ്രമാക്കി പദ്ധതി നടപ്പിലാക്കണം.

14. പഞ്ചായത്തിലെ മിക്ക വാർഡുകളിലും കണ്ടുവരുന്ന ഔഷധ സസ്യങ്ങളെ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം.

15. ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ പോഷകാഹാര ലഭ്യത എന്നിവ സാധ്യമാകുന്നതിന് കൂൺകൃഷിയുല്പാദനം സാധ്യമാക്കുക. പഞ്ചായത്തിൽ കൂൺ വിത്ത് ഉല്പാദന കേന്ദ്രം സ്ഥാപിക്കുക. ഗാർഹിക തലത്തിൽ കൂണു വളർത്തൽ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുക. കൂൺ സംസ്ക്കരണ വിപണന കേന്ദ്രങ്ങൾ തുടങ്ങണം. ഇവയൊക്കെ ഇതുമായി ബന്ധപ്പെട്ട് ചെയ്യാവുന്നതാണ്.

16. പുരയിടങ്ങളിൽ പുഷ്പകൃഷി വാണിജ്യ അടിസ്ഥാനത്തിൽ വ്യാപകമാക്കാവുന്നതാണ്. ഇതിലൂടെ തൊഴിലവസരങ്ങൾ കൂടുതൽ ഉണ്ടാകും. വരുമാനം കൂടുന്നു. പഞ്ചായത്ത് തലത്തിൽ നടീൽ വസ്തുക്കളുടെ നേഴ്സറി സ്ഥാപിച്ചു കൊണ്ട് ജനപങ്കാളിത്തത്തോടുകൂടി ഇത് നടപ്പാക്കണം.

17. ജൈവവളങ്ങളുടെ ഉല്പാദനം. മണ്ണിന്റെ ഉല്പാദനക്ഷമത ക്രമേണ കുറഞ്ഞു വരികയാണ്. 8-10 ടൺ ജൈവവളം പ്രതിവർഷം മണ്ണിൽ ചേർക്കാൻ കഴിഞ്ഞാൽ ഉല്പാദന ക്ഷമതകൂടും. ഇതിനുവേണ്ടി നാട്ടിൽ ജൈവവളങ്ങളുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക. നമ്മുടെ കൃഷിയിടങ്ങളിൽ പണ്ട് കാലത്ത് വളമായി ഉപയോഗിച്ചു വന്നിരുന്നത് ശീമകൊന്ന, ചീലാന്തി തുടങ്ങിയവ കൃഷിയിടങ്ങളിൽ വരമ്പുകളിൽ നട്ടുപിടിപ്പിക്കുക. ഗാർഹിക പാഴ്വസ്തുക്കൾ മറ്റ് അവശിഷ്ടങ്ങൾ എന്നിവ ശേഖരിച്ച് കമ്പോസ്റ്റാക്കി മാറ്റുക. ഇവയും കൃഷിക്ക് ഉപയോഗിക്കാം.

18. വിവിധ കാർഷിക സമിതികളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തന സജ്ജമാക്കുക.

19. കമ്മ്യൂണിറ്റി ഇറിഗേഷന് സാധ്യതയുള്ള കാരോട്, കുന്നിയോട്, മൺവിള, പൂക്കാറുവിള, പാട്ടവിള, ഉടതലകുളം, പത്രാണിക്കുളം, കൊല്ലകുളം, കാലികുളം, അമ്മാണ്ടുകുളം, അയിരയിൽകുളം എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കാം.

20. നെയ്യാർഡാമിൽനിന്നും കനാൽവഴി തുറന്നു വിടുന്ന ജലം കൃഷിയ്ക്ക് പ്രയോജനകരമായ രീതിയിൽ ആകണം. നികന്നു കിടക്കുന്ന കുളങ്ങൾ താഴ്ത്തി ചെളിമാറ്റി കനാൽവെള്ളം സംഭരിച്ചു നിർത്തുക. നെൽപ്പാടങ്ങളുടെ അരികിലൂടെ ഒഴുകുന്ന തോടുകളിൽ ഒഴുകാൻ സൗകര്യപ്രദമായ രീതിയിൽ ചാനൽവെള്ളം തുറന്ന് വിടുകയും വെള്ളം ഏലാകളിൽ കയറ്റി വിടുന്നതിന് തോടുകളും കുറുകെ തടയണകൾ കെട്ടുകയും ആവശ്യമാണ്.

21. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.

22. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായിരുന്ന പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. ഇവയുടെ അരികിൽ ഡ്രെയിനേജ് സൗകര്യം ഉറപ്പുവരുത്തണം. കൂടാതെ നിലവിലുള്ള പല തോടുകൾക്കും നേരത്തെയുണ്ടായിരുന്ന ചീർപുകൾ പല കാരണങ്ങളാലും നശിക്കുകയോ ഭാഗികമായി കേടുവരുകയോ ചെയ്തിട്ടുണ്ട്. ഇവ നന്നാക്കിയെടുക്കണം.

23. ഔഷധസസ്യങ്ങൾ: കെടുവേലി, വേലിപ്പരുത്തി, ആടലോടകം, നൊച്ചി, നീലാമരി, കുറുന്തോട്ടി, എരുക്കില, ആനചവിട്ടടി, തൊട്ടാവാടി, മുള്ളില്ലാ തൊട്ടാവാടി, വേപ്പ്, മൂടില്ലാതാളി, തുളസി, തെറ്റി, കച്ചോലം, രാമച്ചം, ഞെറുങ്ങണം, നറുകണ്ടി, മുട്ടപ്പായൽ, നിലവിളാത്തി, കൂവളം, മയിലാഞ്ചി, കോലിഞ്ചി, നെല്ലി, ചോപുകറ്റാഴ ഇവ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇവയെ സംരക്ഷിച്ച് ഉൽപാദനം വർദ്ധിപ്പിക്കേണ്ടതാണ്.

25. കൃഷിഭവനിലെ പ്രവർത്തനം മുഴുവൻ കർഷകർക്കും പ്രയോജനപ്പെടും വിധം മെച്ചപ്പെടുത്തുക.

26. കാർഷികവിഭവങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് നിയന്ത്രണത്തിൽ ചെങ്കവിള മാർക്കറ്റിൽ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുക.

27. നെൽപ്പാടങ്ങൾ നികത്തി വീടുവയ്ക്കുന്ന പ്രവണതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

28. തോടുകളിൽ നിന്നുള്ള മണലൂറ്റ് കർശനമായും നിരോധിക്കണം.

29. തെങ്ങുരോഗങ്ങൾ തടയാൻ കൃഷിഭവൻ മുഖേന നടപടി സ്വീകരിക്കണം.

30. കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

31. പടകോട്ടുകോണം ഏലായിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

32. വെൺകുളത്തിന്റെ അകത്തുള്ള തൂമ്പ് പൊളിച്ചു കെട്ടണം.

5-ii

# മൃഗസംരക്ഷണം

കേരളത്തിൻെറ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഈ ഗ്രാമപ്രദേശം ഭൂപ്രകൃതിപരമായി വളരെ അനുഗൃഹീതമാണെന്ന സത്യം എടുത്ത് പറയേണ്ടതുണ്ട്. അതേ സമയം ശ്രദ്ധേയമായ ഒരു കാര്യം ഇവിടെ പാർക്കുന്ന ജന വിഭാഗങ്ങളിൽ അധികവും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. പരമ്പരാഗതമായി തന്നെ ഈ പ്രദേശത്തിൻെറ മുഖമുദ്ര കൃഷിയാണ്. കാർഷികമേഘലയുടെ അവിഭാജ്യ ഘടകമാണ് മൃഗസംരക്ഷണം എന്ന വസ്തുത എടുത്തു പറയേണ്ടതില്ലല്ലോ.

മൃഗസംരക്ഷണം എന്നു പറയുമ്പോൾ ഇവിടെ ഉദ്ദേശിക്കുന്നത് വളർത്തു മൃഗങ്ങൾ. അതായത് പശു, എരുമ, ആട്, പന്നി, തുടങ്ങിയവ. വളർത്തുപക്ഷികൾ കോഴി, താറാവ്, തുടങ്ങിയവ ഒരു കാലത്ത് ജന്മി സമ്പ്രദായം നിലനിന്നിരുന്ന ഒരവസ്ഥ പരിമിതമായിട്ടെങ്കിലും ഈ പ്രദേശത്തും ഉണ്ടായിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്., അന്നൊക്കെ കന്നുകാലികളെ വളർത്താനുള്ള സാഹചര്യം ഇവിടെ നിലവിലുണ്ടായിരിക്കുകയും ചെയ്തു. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. ജന്മിത്ത സമ്പ്രദായങ്ങൾക്ക് അറുതി വരുത്തിക്കൊണ്ടുള്ള ഭരണനേട്ടങ്ങൾ ഇവിടെ ഉണ്ടാകുകയും കർഷകന് സ്വന്തമായി തന്നെ കൃഷിചെയ്യുവാനും കന്നുകാലികളെ വളർത്താനുള്ള സാഹചര്യങ്ങൾ ഇവിടെ സംജാതമാകുകയും ചെയ്തിരിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണെന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു.

കാരോട് ഗ്രാമപഞ്ചായത്തിൽ ഏക മൃഗാശുപത്രിയാണുള്ളത്. ഇതിന് രണ്ട് സബ് സെൻററുകൾ ഉണ്ട്. മൃഗാശുപത്രിയും, സബ്സെൻററുകളും കന്നുകാലി വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. കന്നുകാലികൾക്കുണ്ടാകുന്ന അസുഖങ്ങൾ ചികിത്സിക്കാൻ ഏക സർക്കാർ മൃഗാശുപത്രിയാണുള്ളത്. ഈ മൃഗാശുപത്രി 28-6-62ലാണ് സ്ഥാപിതമായത്. മേൽപറഞ്ഞ ദിവസം മുതലുള്ള കെട്ടിടമാണ് ഇതിന് ഉപയോഗിക്കുന്നത്. ഏത് നിമിഷവും ഇടിഞ്ഞു വീഴാൻ തക്ക പാകത്തിലാണ് ഇപ്പോൾ സ്ഥിതിചെയ്യുന്നത്. മൃഗാശുപത്രിയോട് ചേർന്ന് ഒരു കെട്ടിടം പണിതുടങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞു. ഇതുവരെ പണി പൂർത്തിയായിട്ടില്ല. ആവശ്യത്തിനുള്ള സ്റ്റാഫുകൾ ഉണ്ടെങ്കിലും ഓഫീസിൽ ഇരുന്ന് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. ഈ മൃഗാശുപത്രിയിൽ മരുന്നുകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് പ്രത്യേക മുറിയോ സൗകര്യങ്ങളോ ഇല്ല. പതിനൊന്ന് വാർഡുകളേയും

കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ പ്രധാനമായും കെട്ടിടം മുതൽ തുടങ്ങുന്നു.

ഈ ആശുപത്രിയ്ക്ക് കന്നുകാലി വളർത്തുന്നവരുടെ ആവശ്യപ്രകാരം അടിയന്തര സഹായം എത്തിക്കാൻ ഒരു സംവിധാനവും ഇല്ല. കർഷകർക്ക് സഹായം എത്തിക്കണമെങ്കിൽ കർഷകർ സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്ത് വെറ്റിനറി സർജനേയും മറ്റ് ഉദ്യോഗസ്ഥരേയും കൊണ്ടുപോകുന്നത് വഴി കർഷകർക്ക് നഷ്ടം ഉണ്ടാകുന്നു. അതുകൊണ്ട് ഒരു സർക്കാർ വാഹനം ഈ ആശുപത്രിയിൽ അത്യാവശ്യമാണ്. ഇതുപോലെ മൃഗാശുപത്രിയിൽ ആവശ്യമായ ഒന്നാണ് ടെലഫോൺ സൗകര്യം. മറ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെടാനും പഞ്ചായത്തിൻെറ അതിർത്തിയിലുള്ളവർക്ക് മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയിക്കാനും ഫോൺ മുഖേന സാധിക്കും. ശീതളമായ കാലാവസ്ഥയിൽ സൂക്ഷിക്കേണ്ട മരുന്നുകൾ ഫ്രിഡ്ജ് ഇല്ലാത്തതുമൂലം നശിക്കുന്നു. ഈ ആശുപത്രിയിൽ ഒരു ലാബ് അത്യാവശ്യമാണ്. കന്നുകാലികളുടേയും മറ്റു മൃഗങ്ങളുടേയും രോഗനിർണ്ണയം നടത്താനും അതിനുള്ള പ്രതിവിധികൾ നടത്താനുതകുന്ന വിധത്തിലുള്ള ലാബാണ് ഈ ആശുപത്രിയിൽ വേണ്ടത്. ഇത്തരം ഉപകരണങ്ങൾ ഇല്ലാത്തത് ഈ ആശുപത്രിയിൽ എല്ലാവിധ പ്രവർത്തനങ്ങൾക്കും തടസ്സമാണ്. ആയതിനാൽ ഈ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം പണിത് സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ മാത്രമേ കന്നുകാലി വികസന പ്രവർത്തനവും മൃഗസംരക്ഷണവും കാര്യക്ഷമമായ രീതിയിൽ നടത്താൻ സാധിക്കൂ.

ഈ പഞ്ചായത്തിൽ കന്നുകാലി വളർത്തലും, കോഴി, മുയൽ, താറാവ് എന്നിവ വളർത്തി ഉപജീവനം കഴിക്കുന്നവർ ധാരാളമുണ്ട്. കന്നുകാലിയ്ക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും അടിയ്ക്കടി ഉണ്ടാകുന്ന രോഗവും അവയ്ക്ക് സംഭവിക്കുന്ന മരണവും കർഷകർക്ക് ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകാൻ താല്പര്യപ്പെടുന്നില്ല. കന്നുകാലിയ്ക്കുണ്ടാകുന്ന കരിങ്കാൽ, കുരളടപ്പൻ, അടപ്പൻ, അകിടുവീക്കം, കുളമ്പുരോഗം കുളമ്പുപനി, കാലിപ്ലേഗ്, കാലിവസന്ത എന്നീ രോഗങ്ങൾ കാലാവസ്ഥയുടെ വ്യത്യാസം കൊണ്ടുണ്ടാകുന്നവയും സംരക്ഷണം ഇല്ലാതെ വരുന്നവയുമാണ്. ഈ രോഗങ്ങൾക്ക് മിക്കതിനും പ്രതിരോധ കുത്തിവയ്പുകൾ ഇല്ല. അടപ്പൻ, കുളമ്പ് രോഗം, കുരളടപ്പൻ എന്നിവയ്ക്ക് മാത്രമേ പ്രതിരോധ കുത്തിവെയ്പുകൾ കന്നുകാലികളിൽ നടത്തുന്നുള്ളു. ഈ പഞ്ചായത്തിൽ പശു, എരുമ, പോത്ത്, കാള, എന്നീ കന്നുകാലികൾ സങ്കരയിനവും നാടനും ചേർന്ന് 4342 എണ്ണം ഉണ്ട്. കന്നുകാലി വളർത്തൽ കൊണ്ട് തൊഴിലില്ലായ്മ ഒരു പരിധി വരെ തടയാൻ സാധിക്കുന്നു. പഞ്ചായത്തിലെ കന്നുകാലികളുടെ വികസനത്തിന് പുതിയ സങ്കരയിനങ്ങൾക്കു വേണ്ടി ബീജസങ്കലനം നടത്തി പുതിയയിനം കന്നുകാലികളെ വളർത്തിയെടുക്കാൻ അയിരയിലും, പഴയ ഉച്ചക്കടയിലും സ്ഥിതിചെയ്യുന്ന ഐ സി ഡി പി സബ് സെൻററുകൾ സഹായകമാകുന്നു. പക്ഷേ പ്രധാന പ്രശ്നം ഇവയുടെ സംരക്ഷണമാണ്. സംരക്ഷണമെന്ന് പറയുമ്പോൾ കന്നുകാലികളുടെ ആരോഗ്യ പരിപാലനം. ആരോഗ്യ പരിപാലനത്തിൽ പ്രധാനപ്പെട്ടത് കന്നുകാലികളുടെ ചികിത്സാ സൗകര്യം, പോഷകാഹാരം ശുചിത്വമുള്ള തൊഴുത്തുകൾ തുടങ്ങിയവയാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചികിത്സാ സൗകര്യം വളരെ പരിമിതമാണ്. 4342 കന്നുകാലികളെ സംരക്ഷിക്കേണ്ട ഈ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമാണുള്ളത്. ഇതിൽ നിന്ന് തന്നെ ചികിത്സാ സൗകര്യത്തിൻെറ അപര്യാപ്തതയുടെ ഒരു ഏകദേശ ചിത്രം നമ്മുക്ക് വ്യക്തമാകുന്നു. അതുകൊണ്ട് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഉണ്ടാകത്തക്ക കേന്ദ്രങ്ങൾ ആവശ്യത്തിന് ഈ പഞ്ചായത്തിന് ഉണ്ടാകേണ്ടത് അനുപേക്ഷണിയമാണ്. അതോടൊപ്പം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന കാരോട് ക്ഷീരോല്പാദക സഹകരണ സംഘത്തോടനുബന്ധിച്ച് ഒരു മൃഗസംരക്ഷണ കേന്ദ്രം ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തിരുവനന്തപുരം ജില്ലയിൽ തന്നെ ശ്രദ്ധേയമായ ഈ പഞ്ചായത്തിലെ ക്ഷീരോല്പാദക സഹകരണ സംഘവും, ഈ പഞ്ചായത്തിലെ കന്നുകാലികളും, കർഷകരും വളരെയധികം വികസന സാധ്യതകൾ അർഹിക്കുന്നു.

കർഷകർക്ക് കാലിത്തീറ്റ റേഷൻകട പോലുള്ള സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യേണ്ടതാണ്. കന്നുകാലികൾക്ക് പച്ചപ്പുല്ല് കിട്ടാനുള്ള സാധ്യതകൾ വളരെയധികം കുറവാണ്.

കന്നുകാലികൾക്ക് മേഞ്ഞു നടക്കാനുള്ള സൗകര്യം കുറവാണ്. നെൽകൃഷി കുറഞ്ഞതുകാരണം കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞുകാണുന്നു.

കന്നുകാലി വളർത്തൽ പോലെയാണ് ആടുവളർത്തലും. 100-ൽ 80% ആൾക്കാരും ആടുവളർത്തൽ പദ്ധതിയുമായി ബന്ധമുള്ള വരാണ്. പല കർഷകരും ആടുവളർത്തൽ ശാസ്ത്രീയമായ രീതിയിൽ പുരോഗമിക്കാത്ത തുകൊണ്ട് ഈ തൊഴിൽ നിർത്തലാക്കുകയാണ് പതിവ്. ആടുവളർത്തൽ ഫാറം ഈ പഞ്ചായത്തിൽ കുറവാണെങ്കിലും വീടുകളിൽ ആടു വളർത്തൽ ഉണ്ട്. ഈ പഞ്ചായത്തിൽ ആകെ 2591 ആടുകളാണുള്ളത്. ശാസ്ത്രീയമായ രീതിയിൽ കർഷകർക്ക് ക്ലാസ്സ് കൊടുക്കാത്തതുകൊണ്ടാണ് ഈ കുറവിന് കാരണം.

ഈ പഞ്ചായത്തിലുള്ള ആട് വളർത്തൽ സ്തംഭനാവസ്ഥയിൽ നിന്ന് മാറണമെങ്കിൽ ലോൺ സൗകര്യങ്ങളും, തീറ്റ സബ്സിഡിയായും ഏർപ്പെടുത്തുക. ഇവിടെ ഗോട്ട് ഫാം തുടങ്ങു ന്നതിനുള്ള പ്രദേശങ്ങൾ ഉണ്ട്. തുടക്കത്തിൽ കർഷകർക്ക് ആവശ്യമുള്ള ആടുകളും, തീറ്റകളും സൗജന്യമായി നല്കുകയും വികസനം ഉണ്ടാകുമ്പോൾ അതിന്റെ ഓഹരി തിരിച്ച ടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. കന്നുകാലികൾക്കുണ്ടാകുന്ന മിക്ക അസുഖങ്ങളും ആടുകൾക്കുമുണ്ടാകാറുണ്ട്. ഇതുമൂലം മരണം സംഭവിക്കുന്നു. ഇതും കർഷകരെ ഇതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. മുട്ടയ്ക്കും, മാംസ്യത്തിനും വേണ്ടി വളർത്തുന്നതാണ് കോഴികൾ. ഈ പഞ്ചായത്തിൽ മുട്ട വിപണനത്തിനുള്ള സംവി ധാനങ്ങൾ ഇല്ല. കോഴി പക്ഷികൾക്ക് പ്രധാനമായും പകരുന്ന രോഗങ്ങൾ കോഴി വസന്തയും, കോഴി വസൂരിയുമാണ്. ഈ രോഗങ്ങൾക്ക് കോഴികൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുന്നുണ്ട്. ഗിനി കോഴിയും, ടർക്കികോഴിയും വളർത്തുന്നുണ്ട്.

മുട്ട വിപണനം പ്രോത്സാഹനമില്ലാത്ത ഒരു പഞ്ചായത്താണ് ഇത്. പഞ്ചായത്തിലെ ആവശ്യങ്ങൾക്ക് ശേഷം മുട്ട കയറ്റുമതി ചെയ്യാൻ സാധിക്കുന്നില്ല. അതിലും കൂടുതലായി ഇറക്കുമതി ചെയ്യേണ്ടതായി വരുന്നു. അതിനാൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ കോഴിത്തീറ്റയും, കോഴികളേയും സൗജന്യമായി നൽകുക. കോഴികൾക്കുണ്ടാകുന്ന രോഗം മൂലം കർഷർക്ക് നഷ്ടം ഉണ്ടാകുന്നു. അതിനാൽ കോഴികളെ കുത്തിവയ്പിക്കേണ്ട ആവശ്യകത യെപ്പറ്റി കർഷകരെ ബോധവാൻമാരാക്കുക. ഗിനി, ടർക്കി വംശം കോഴികൾ വളർത്തൽ ഏറ്റവും കുറവാണ്. ഇവയ്ക്കുള്ള തീറ്റ വിലവർദ്ധനവാണ് കർഷകരെ ഇതിൽ നിന്നും പിൻതിരിപ്പിക്കുന്നത്. അതുമാത്രമല്ല ഈ ഇനം കോഴികൾ വംശ നാശത്തിന്റെ പാതയിലാണ്. ആയതിനാൽ സങ്കര യിനങ്ങളായ കോഴിക്കുഞ്ഞുങ്ങൾ കർഷകർക്ക് ആവശ്യമായ രീതിയിൽ എത്തിച്ചുകൊടുക്കുക. ഇത്തരം പ്രവർത്തനം സാഫല്യമാക്കിയാൽ കർഷകർക്ക് സ്വയം തൊഴിൽ കണ്ടെത്താനും, ജനങ്ങളിൽ ഒരു പുത്തനുണർവുണ്ടാക്കുന്നു. കുട്ടികൾക്ക് പഠനത്തോടൊപ്പം സ്വയം തൊഴിൽ കണ്ടെത്താനും അധിക ചെലവില്ലാതെ ലാഭം കൊയ്യാനുതകുന്നു ഈ കോഴി വളർത്തൽ.

ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭി ക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള ധനസഹായം ലഭ്യമാക്കുക. 2 മാസത്തിനുള്ളിൽ വില്പനയ്ക്ക് പാകമാകുന്ന തരം കോഴികുഞ്ഞുങ്ങളെ കർഷകർക്ക് നൽകുക. ഇത് സർക്കാർ ഫാമുകളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് എത്തിക്കുക. ഈ പദ്ധതി കൂടുതൽ പ്രയോജനകരമാകുന്നത് താഴെക്കിട യിലുള്ള കർഷകർക്കാണ്. ഇറച്ചി കോഴികളെ വളർത്തുന്നതിന് കർഷകരെ ശാസ്ത്രീയമായ രീതിയിൽ ബോധവാൻമാരാക്കുകയും മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ബ്രോയിലർ കോഴി കളുടെ ഉല്പാദനവും വിപണന രംഗത്ത് മാംസ ത്തിന്റെ അളവ് കൂട്ടുന്നതിനും സഹായകരമാ കുന്നു.

താറാവ് വളർത്തലിന് അനുയോജ്യമായ ഭൂപ്രകൃതിയാണുള്ളത്. ഈ പഞ്ചായത്തിലെ വാർഡുകളിലെ മിക്കഭാഗങ്ങളുലും ജലാശ യങ്ങളും തോടുകളും ഉള്ളതുകൊണ്ട് താറാവ് വളർത്തൽ ഇവിടെ അനുയോജ്യമാണ്. ഇവിടെ താറാവ് വളർത്തലിലേയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിലുള്ള താറാവ് വളർത്തലിനെ കുറിച്ച് കർഷകർ ബോധവാൻമാരല്ല. അതിനാൽ താറാവ് വളർത്തലിന്റെ ആവശ്യകതയെ കുറിച്ച് ബോധവാൻമാരാക്കുക. മുട്ടയ്ക്കും, മാംസത്തിനും

താറാവ് വളർത്തൽ നടത്തുന്നത് ആവശ്യമാണ്. ഈ പഞ്ചായത്തിൽ പ്രോത്സാഹന കുറവ് മൂലം താറാവ് വളർത്തൽ സ്തംഭനാവസ്ഥയിലാണ്. താറാവ് വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കർഷകർക്ക് ലോൺ സൗകര്യം ഏർപ്പെടുത്തുക. താറാവിനാവശ്യമായ തീറ്റകൾ പഞ്ചായത്തിൽ ഇല്ല. താറാവിനാവശ്യമായ തീറ്റകൾ നൽകുക. താറാവ് വളർത്തൽ കൊണ്ട് മുട്ട വിപണനത്തിനും മാംസ വിപണനത്തിനും നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. ഇതുവഴി സ്ത്രീകൾക്കും പുരുഷൻമാർക്കും തൊഴിൽ ലഭിക്കുന്നു.

ഈ പഞ്ചായത്തിൽ മുയൽ കൃഷിയ്ക്ക് പ്രോത്സാഹനം തീരെ ഇല്ല. കൂടാതെ മുയൽ കൃഷി വളരെയധികം കുറവാണ്. വീടുകളിൽ ഭംഗിക്കുവേണ്ടിയാണ് മുയലുകളെ വളർത്തുന്നത്. മുയൽ വളർത്താൻ താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകിയാൽ ഈ കൃഷിയിൽ നിന്ന് നേട്ടമുണ്ടാക്കാവുന്നതാണ്. മുയൽ വളർത്തലിനെ കുറിച്ച് കർഷകരെ ബോധവാൻമാരാക്കുക. ഇതുമൂലം പഞ്ചായത്തിലെ മാംസ്യ വിപണന ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും.

സമൂഹത്തിന് ദൂഷ്യമില്ലാത്ത രീതിയിൽ ശാസ്ത്രീയമായി കൃഷി ചെയ്യാവുന്നതാണ് പന്നി വളർത്തൽ. ഇതിന് മൂലധനം കൂടുതൽ ചിലവാക്കാതെയും ചുരുങ്ങിയ കാലം കൊണ്ട്. പന്നി വളർത്തൽ ലാഭകരമാക്കാവുന്നതാണ്. ഇതുമൂലം മാംസ്യാവശ്യത്തിനുള്ള ചിലവിൻെറ വർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. പന്നി വളർത്തലിന് ആവശ്യമായ ആഹാരം ഹോട്ടൽ അവശിഷ്ടങ്ങളും, പച്ചക്കറി അവശിഷ്ടങ്ങളും, കശാപ്പുശാലയിലെ അവശിഷ്ടങ്ങളും ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിച്ച് തീറ്റയായി പന്നി വളർത്തലിന് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിലുള്ള കശാപ്പുശാലകൾ അശാസ്ത്രീയമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ പന്നി വളർത്തൽ കുറവാണ്. പഞ്ചായത്തിലെ മിക്കഭാഗങ്ങളിലും പന്നി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നല്ലതാണ്. പന്നി വളർത്തൽ പ്രജനന യൂണിറ്റുകൾ ആരംഭിക്കണം. പന്നികൾക്കുണ്ടാകുന്ന രോഗങ്ങൾ തടയാനുള്ള സൗകര്യം മൃഗാശുപത്രിയിൽ ഏർപ്പെടുത്തുക. രോഗം മൂലമുള്ള മരണം കർഷകന് നഷ്ടമുണ്ടാക്കാതിരിക്കാൻ പന്നികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക വഴി കർഷകരെ ഈ പദ്ധതിയിലേയ്ക്ക് കൂടുതൽ ആകർഷിക്കുകയും തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാനും സാധിക്കും. പന്നി വളർത്തൽ കേന്ദ്രം സ്ഥാപിക്കാൻ താല്പര്യമുള്ള കർഷകർക്ക് ധന സഹായം ചെയ്തു കൊടുക്കുക, മേൽ പറഞ്ഞ കാര്യങ്ങൾ പന്നി വളർത്തലിന് ആവശ്യമാണ്.

എല്ലാ കർഷകർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയാൽ കൂടുതൽ മൃഗങ്ങളേയും പക്ഷികളേയും വളർത്താൻ ജനങ്ങൾ മുന്നോട്ട് വരും.

### വളർത്തുമൃഗങ്ങളും പക്ഷികളും

### പട്ടിക - 1

| | 1995 |
|---|---|
| പശു | 2639 |
| എരുമ | 427 |
| കാള | 225 |
| ആട് | 2591 |
| കോഴി | 21950 |
| താറാവ് | 237 |

പേവിഷബാധ തടയുന്നതിലേയ്ക്ക് അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കുകയോ, പ്രതിരോധ കുത്തിവയ്പ് നടത്തുകയോ ചെയ്യുക.

കാരോട് ഗ്രാമ പഞ്ചായത്തിൽ ദിവസേന ശരാശരി 10000 ലിറ്റർ പാൽ ഉല്പാദനമുണ്ട്. ഇതിൽ 3000 ലിറ്റർ പാൽ പഞ്ചായത്തിൽ വിപണനം നടക്കുന്നുണ്ട്. പാലും, പാൽ കൊണ്ട് നിർമ്മിക്കുന്ന ഉല്പന്നങ്ങളും വിപണനത്തിന് ഒരു കേന്ദ്രം കാരോട് ക്ഷീരവ്യവസായ സംഘത്തിൽ പ്രവർത്തിക്കുന്നുണ്ട്. നാല് പാൽ വിപണന കേന്ദ്രങ്ങളാണ് ഉള്ളത്. ഇതിൽ കാരോട് ക്ഷീരോല്പാദന കേന്ദ്രം, അയിര ക്ഷീരോല്പാദന കേന്ദ്രം, വടക്കേ പുതുവീട് അയിര എന്നിവ ആപ്കോസും, കുന്നിയോട്, ക്ഷീരോല്പാദക വ്യയവസായ സഹകരണ സംഘവുമാണ്.

ഈ പഞ്ചായത്തിലെ പാലുല്പാദന വർദ്ധനവിനായി ആവശ്യമുള്ള കന്നുകാലികളെ വളർത്താൻ കർഷകർക്ക് സാധിക്കുന്നില്ല. കാലിത്തീറ്റ വില വർദ്ധനവും തീറ്റ പുല്ലിന്റെ ലഭ്യത കുറവാണ്. ആയതിനാൽ കർഷകർക്ക് തീറ്റ ഉല്പാദന കേന്ദ്രം പഞ്ചായത്തിൽ തുടങ്ങി വില കുറച്ചു നൽകിയാൽ കന്നുകാലി സംരക്ഷണ വളർത്തൽ പദ്ധതിയിലേയ്ക്ക് കൂടുതൽ ജനങ്ങൾ വരുകയും ഇതുമൂലം തൊഴിലില്ലായ്മ ഒരു പരിധിവരെ തടയാനും സാധിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ സബ്സിഡി യോടുകൂടി ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുക. ഇപ്പോൾ ദിവസേന ശരാശരി 14500 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നു. അതിൽ ഇവിടെ തന്നെ ഏകദേശം 3000 ലിറ്റർ വരെ ചെലവാകുന്നു. കൂടുതൽ പാൽ ഉല്പാദനത്തിനായി തീറ്റയുടെ വില വർദ്ധന തടയുകയോ ഫാക്ടറി സ്ഥാപിച്ച് ആവശ്യത്തിനുള്ള തീറ്റ നിർമ്മിച്ച് കർഷകർക്ക് നല്കുകയോ അല്ലെങ്കിൽ ഇവിടെ തന്നെ തീറ്റ പുല്ല് കൃഷിചെയ്യുവാനുള്ള പ്രത്സാഹനം നൽകുകയോ ചെയ്യുക. പാലും പാലുല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന മോര്, തൈര്, വെണ്ണ, മറ്റ് മധുര പലഹാരങ്ങളായ ഐസ്ക്രീം, സിപ്അപ് തുടങ്ങിയവ നിർമ്മിച്ച് വിപണിയിൽ വിപണനത്തിന് എത്തിക്കുന്നത് ആവശ്യമാണ്. ഇതുവഴി സ്ത്രീകൾക്ക് ആനുകൂല്യം ഉണ്ടാകുന്നു. കശാപ്പുശാലകളിൽ അശാസ്ത്രീയമായ രീതിയിലാണ് മാംസ വിപണനം നടത്തുന്നത്. ഇതുമൂലം രോഗങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് ശാസ്ത്രീയമായ രീതിയിലുള്ള മാംസ വിപണന ത്തിനുള്ള സൗകര്യങ്ങൾ കശാപ്പുശാലകളിൽ ഏർപ്പെടുത്തുക. ഇവർക്ക് ലൈസൻസ് സംവിധാനം നടപ്പിലാക്കുക.

മൃഗസംരക്ഷണത്തിന് അത്യാവശ്യം വേണ്ടത് ശുചിത്വമാണ്. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ളതിന്റെ ആവശ്യകതയെക്കുറിച്ച് കർഷകർ വേണ്ടത്ര ബോധവാൻമാരല്ല. കർഷകർക്ക് ഇതിനെപ്പറ്റി യുള്ള ക്ലാസ്സുകൾ നടത്തുന്നതു വഴി കർഷകരെ ബോധവാൻമാരാക്കാൻ സാധിക്കുന്നു. കന്നു കാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയാൽ കർഷകരെ കാലിമരണം മൂലമുണ്ടാകുന്ന നഷ്ടത്തിൽ നിന്ന് രക്ഷിക്കാൻ സാധിക്കും. കന്നുകാലികൾക്കാവശ്യമായ വൈക്കോൽ നെൽകൃഷിയിൽ നിന്നുമാണ് ലഭിച്ചുകൊണ്ടി രുന്നത്. അത് ഇപ്പോൾ നെൽപാടങ്ങൾ നികത്തി കെട്ടിടം പണിയുന്നതുമൂലം ഈ തീറ്റ നഷ്ടമാകുന്നു. കന്നുകാലി കൃഷി നടത്തുന്ന കർഷകരെ ആദരിക്കുക.

കന്നുകാലി വളർത്തലിലൂടെ കൃഷിക്കാ വശ്യമായ ജൈവവളം ഉല്പാദിപ്പിക്കാൻ സാധി ക്കുന്നു. വീടിന്റെ പരിസരത്ത് പച്ചക്കറികളും മറ്റ് കൃഷികളും ചെയ്യുന്നതുവഴി അവരവർക്കാവ ശ്യമുള്ള പച്ചക്കറികളും മറ്റും ഉല്പാദിപ്പിക്കാൻ സാധിക്കുന്നു. ആഹാര പാചകത്തിന് ആവശ്യമായ ഗ്യാസ് ഉല്പാദനവും കന്നുകാലി വളർത്തലിലൂടെ ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതുമൂലം ഇന്ധന കുറവ് പരിഹരിക്കാൻ സാധിക്കുന്നു. ഗോബർ ഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിനാവ ശ്യമായ സഹായങ്ങൾ നൽകുക. പഞ്ചായത്തിലെ പോത്ത് വളർത്തലും, കാലി വളർത്തലും ഗണ്യമായി കുറഞ്ഞു വരുകയാണ്. ഇതിലേയ്ക്ക് കർഷകർക്ക് ലോൺ ഏർപ്പെടുത്തുക വഴിയും കന്നു കുട്ടികൾ വിതരണം ചെയ്ത് അതിനെ വളർത്തി വിപുലമാക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് ഉണ്ടാക്കുക. ഇതുവഴി മാംസ വിപണന രംഗത്തിൽ ഉല്പാദന ശേഷിയുള്ള പശുക്കളേയും മറ്റ് കന്നുകാലികളേയും ഉപയോഗിക്കുന്നത് തടയാൻ സാധിക്കും.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.
2. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവി ധാനങ്ങൾ അപര്യാപ്തമാണ്.
3. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കാത്ത തിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.
4. പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവ പ്പെടുന്നു.
5. കന്നുകാലി വളർത്തലിന് തടസ്സമായി നിൽക്കുന്നത് ജലദൗർലഭ്യമാണ്.

## രോഗ വിവരങ്ങൾ
### പട്ടിക - 2

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ | 1617 | 4 | 436 | | | 212 | | | | |
| 2 | ശ്വാസകോശസംബന്ധം | 44 | | | | | 186 | | | | |
| 3 | ഉപാപചയസംബന്ധം | 208 | | | | | | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 44 | | | | | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 47 | | | | | | | | | |
| 6 | പരാദരോഗങ്ങൾ | 372 | 39 | 182 | | | | | | | |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 279 | | 55 | | | | | | | |
| 8 | വന്ധ്യത | 50 | | | | | | | | | |
| 9 | അകിടുവീക്കം | 178 | | 87 | | | | | | | |
| 10 | മുടന്തൻപനി | 107 | | | | | | | | | |
| 11 | പകർച്ചവ്യാധികൾ | | | | | | | | | | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ
### പട്ടിക - 3

| വളർത്തുമൃഗം ഇനം | ആകെ എണ്ണം |
|---|---|
| പശു | 2497 |
| കിടാരി | 756 |
| എരുമ | 155 |

## നിർദ്ദേശങ്ങൾ

1. സഹകരണ സംഘം വഴി പച്ചപ്പുല്ല് വിതരണം ചെയ്യുക.
2. കന്നുകാലികൾ വളർത്തുന്നതിനുവേണ്ടി ഉല്പാദന ഉപാദികൾ ലഭ്യമാക്കാൻ സംവിധാനങ്ങൾ സജ്ജമാക്കണം.
3. ശുദ്ധമായ മാംസോല്പാദനം പൊതുജനാരോഗ്യ കാരണങ്ങളാൽ ശ്രദ്ധ പതിയേണ്ട മേഖലയാണ്.
4. അറവുശാലയിൽ നിന്നുള്ള ഉല്പാദനവും വ്യാവസായിക പ്രാധാന്യം അർഹിക്കുന്നു.

5. പേവിഷത്തിനുള്ള വാക്സിൻ പകുതി വില യ്ക്ക് കർഷകന് ലഭ്യമാക്കേണ്ടതുണ്ട്.

6. നായ്ക്കളെ വളർത്തുന്നവർക്ക് ലൈസൻസ് നിർബന്ധമായും നൽകുക.

7. മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

8. ഹരിജനങ്ങൾക്ക് സൗജന്യമായി നൽകുന്ന ആട് വളർത്തൽ പദ്ധതി മറ്റുള്ള പാവപ്പെട്ടവർക്കും നല്കുക.

9. മത്സ്യങ്ങളുടെ വില തീരുമാനിക്കുന്നതിൽ മത്സ്യതൊഴിലാളികൾക്കനുകൂലമായി പഞ്ചായത്തുകൾക്ക് ഇടപെടാം.

10. പഞ്ചായത്തുകളിലെ പൊതു കുളങ്ങളിലും സ്വകാര്യകുളങ്ങളിലും ജനപങ്കാളിത്ത ത്തോടെ മത്സ്യ കൃഷി നടത്താം.

11. മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മീൻ കുഞ്ഞുങ്ങൾ നല്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

12. പഞ്ചായത്തിലെ മത്സ്യ തൊഴിലാളി സഹ കരണ സംഘം കാര്യക്ഷമമാക്കാൻ മത്സ്യ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുക

# മത്സ്യബന്ധനം

**കാരോട് ഗ്രാമ** പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ പതിനൊന്നാം വാർഡിലും, പത്താം വാർഡിലുമാണ് മത്സ്യ തൊഴിലാളികൾ താമസിക്കുന്നത്. ഇതിൽ പതിനൊന്നാം വാർഡായ പുതുശ്ശേരി വാർഡിലാണ് ഭൂരിഭാഗവും മത്സ്യ തൊഴിലാളികൾ താമസിക്കുന്നത്. ഇവിടെ 275 ലധികം മത്സ്യ തൊഴിലാളി കുടുംബം താമസിക്കുന്നു. തൊട്ടടുത്ത വാർഡായ പഴയ ഉച്ചക്കട വാർഡിൽ 10 കുടുംബങ്ങളെ ഉള്ളൂ. പുതുശ്ശേരി വാർഡ് തൊട്ടടുത്ത പഞ്ചായത്തായ കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ തീരകടലിനു സമീപവും അതിനടുത്തുള്ള നദിയുടെ കരമുതലാണ് ആരംഭിക്കുന്നത്. ഈ പഞ്ചായത്തിൽ പാരമ്പര്യമായ മത്സ്യ കൃഷിയോ, മത്സ്യ ബന്ധനമോ ഇല്ല. അടുത്ത കുളത്തൂർ പഞ്ചായത്തിൽ നിന്നും മാറി താമസിക്കുന്നവരാണ് ഈ മത്സ്യ തൊഴിലാളികളെങ്കിലും ഇവർക്ക് വേണ്ടത്ര പരിഗണന ലഭിക്കാറില്ല. 275 കുടുംബം മത്സ്യ തൊഴിലാളികളുള്ള ഈ പഞ്ചായത്തിൽ 127ഓളം കുടുംബക്കാരെ കടലിൽ മത്സ്യ ബന്ധനത്തിന് പോകുന്നുള്ളു. മത്സ്യ വിപണന രംഗത്തും ഏറെക്കുറെ 50 കുടുംബങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവർ അടുത്ത പഞ്ചായത്തിൽ നിന്നും മാറി താമസിക്കുന്നതുകൊണ്ട് ഇവർക്ക് ഈ പഞ്ചായത്തിൽ നിന്നും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഒരു ആനുകൂല്യവും ലഭിച്ചിട്ടില്ല.

പ്രകൃതി രമണീയമായ ഭൂപ്രദേശങ്ങളുള്ള കാരോട് ഗ്രാമ പഞ്ചായത്തിൽ നെൽപ്പാടങ്ങളും തോടുകളും 46 ലേറെ കുളങ്ങൾ ഉണ്ടായിട്ടും ശാസ്ത്രീയമായ രീതിയിലുള്ള മത്സ്യ കൃഷിയ്ക്ക് ഒരു പ്രോത്സാഹനവും ഇല്ല. മത്സ്യ കൃഷിയ്ക്ക് അനുയോജ്യമായ വിസ്തൃതിയും ജലം വേണ്ടു വോളം ഉള്ള ഈ കുളങ്ങളിൽ മത്സ്യ കൃഷി നടത്തി

യാൽ മത്സ്യ സമ്പത്ത് കൂട്ടുകയും വിദേശ്യനാണ്യം നേടുക വഴി പഞ്ചായത്തിന് വികസനം ഉണ്ടാക്കുകയും ചെയ്യാം. കൂടാതെ മത്സ്യകൃഷി തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായമാവുകയും ചെയ്യുന്നു. നാടിന്റെ വികസനത്തിന് ജല സമ്പത്തും ഒരു അവിഭാജ്യ ഘടകമാണ്.

കുളങ്ങളിലും മറ്റുള്ള ജല സ്രോതസ്സുകളിലും ശാസ്ത്രീയമായ രീതിയിൽ മത്സ്യ കൃഷി നടപ്പാക്കുന്നതിലേയ്ക്ക് വേണ്ടി കർഷകർക്ക് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ നല്കുക. മത്സ്യ വിത്ത്, തീറ്റകൾ എന്നിവ സൗജന്യമായി നൽകുക. മത്സ്യ കൃഷി നടത്താൻ താല്പര്യമുള്ള കർഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലേ.ക്ക് ഒരു സൊസൈറ്റി പഞ്ചായത്തിൽ സ്ഥാപിക്കുക. ഈ സൊസൈറ്റിയെ മത്സ്യ കൃഷി നടത്താൻ താല്പര്യമുള്ള കർഷകർക്ക് തീറ്റയും, മത്സ്യവിത്തും, തുടങ്ങുന്നതിനാവശ്യമായ ധന സഹായവും കർഷകർക്ക് എത്തിച്ചുകൊടുക്കുവാനുള്ള ഒരു സൊസൈറ്റിയാക്കി പ്രവർത്തനം വികസിപ്പിക്കുക.

വേനലായാലും ജലം വറ്റാത്ത നെൽപ്പാടങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. അവിടെ ഈ വിളയായി മത്സ്യകൃഷി ചെയ്യാവുന്നതാണ്. ഇതിലേക്ക് വേണ്ടി കർഷകരെ ആകർഷിക്കാൻ സെമിനാറുകളും മറ്റും നടത്തി ബോധവാൻമാരാക്കി മാറ്റുകയും അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുകയും സഹായങ്ങൾ എത്തിക്കുകയും ചെയ്യുക. ഇതിലൂടെയും മത്സ്യകൃഷി വിപുലപ്പെടുത്താം. മത്സ്യകൃഷിക്കാവശ്യമായ എല്ലാവിധ ഉപകരണങ്ങളും സൗജന്യമായി കർഷകർക്ക് നല്കുക. മത്സ്യകൃഷി നടത്തുന്നവർക്ക് ലോൺ സബ്സിഡി നല്കുക.

മത്സ്യതൊഴിലാളികളുടെ പുരോഗതിക്കു വേണ്ടി കാരോട് പഞ്ചായത്തിൽ ഒരു മത്സ്യഫെഡ് സൊസൈറ്റി ആരംഭിക്കുകയും അവരുടെ പേരുകൾ കുളത്തൂർ പഞ്ചായത്തിലുള്ള സൊസൈറ്റിയിൽ മാറ്റി കാരോട് പഞ്ചായത്തിലാക്കുകയും അവർക്കുവേണ്ട യന്ത്രവൽകൃതബോട്ടുകൾ വള്ളങ്ങൾ മറ്റ് ഉപകരണങ്ങൾ ഈ സൊസൈറ്റി വഴി സബ്സിഡിയോട് കൂടി നല്കുക. ഇവരുടെ പുരോഗതിക്കുവേണ്ടി ലോൺ അനുവദിക്കുക. മത്സ്യതൊഴിലാളികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക അപകടത്തിൽ നശിക്കുന്ന ഉപകരണങ്ങൾക്ക് പകരം പുതിയ സാധനം സൗജന്യമായി നല്കുക, കടലിൽപോകുന്ന മത്സ്യതൊഴിലാളികളുടെ ജീവൻ ഏതു സമയവും അപകടത്തിലാണ് അവരുടെ കുടുംബാംഗങ്ങൾക്ക് പുരോഗതി ഉണ്ടാക്കുകയും ചെയ്യും.

കാരോട് ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരി വാർഡിന്റെ അറ്റത്തുള്ള നദിയുടെ കൈതോടുകളിൽ മത്സ്യകൃഷി നടത്താവുന്നതാണ്. ഇവിടെ ചെമ്മീൻ, ചിപ്പി, കൊഞ്ച് തുടങ്ങിയ മത്സ്യ കൃഷികൾ നടത്തുന്നതിലേയ്ക്ക് കർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ കൈവരുന്നതിന് ക്ളാസ്സുകൾ നല്കുക ഇതിലേയ്ക്കുവേണ്ട മത്സ്യവിത്തും, ജൈവവളവും സൗജന്യമായി കർഷകർക്ക് നല്കുക മുകളിൽ പറഞ്ഞ നദി ആറ് കടലുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഉപ്പുരസമുള്ള വെള്ളമാണുള്ളത്. കൂട്ടു മത്സ്യകൃഷി നടത്തുന്നതിലേയ്ക്കുള്ള പ്രോത്സാഹനം നൽകുക. മത്സ്യകൃഷി വികസിപ്പിക്കുന്ന കർഷകരെ ആദരിക്കുക. സർക്കാർ ധനസഹായം മത്സ്യതൊഴിലാളികൾക്കും, മത്സ്യകൃഷി നടത്തുന്ന്വർക്കും നല്കുക. പഞ്ചായത്തിലുള്ള മിക്കതോടുകളും ജലയോഗ്യമാണ്. ഈ തോടുകളിൽ മത്സ്യകൃഷിയ്ക്ക് കർഷകർക്ക് വലകൾ കെട്ടി വളർത്തുന്നതിനും വലകളും മറ്റ് സൗകര്യങ്ങളും ചെയ്യുക.

കടൽക്ഷോഭംമൂലം കർഷകർക്ക് നഷ്ടപ്പെടുന്ന വള്ളം, വല, വീടുകൾ, ഉപകരണങ്ങൾ എന്നിവ പരിഗണിച്ച് കർഷകരെ പിനരധിവസിപ്പിക്കുക. മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ഇവരുടെ മക്കൾക്കായി സ്കൂളുകൾ ആരംഭിക്കുക. ഇവർ തിങ്ങിപാർക്കുന്ന മേഘലകളിൽ ഇവരുടെ ആരോഗ്യ പരിപാലനത്തിനായി ഹെൽത്ത് സെൻററുകൾ ആരംഭിക്കുക.

മീൻ വളർത്തുന്നതിനുള്ള സാദ്ധ്യതകൾ വളരെയധികം ഈ പഞ്ചായത്തിൽ ഉണ്ട്. സാമ്പത്തിക തകരാറുമൂലം ഇവിടെ മത്സ്യകൃഷി ചെയ്യാൻ സാധിക്കുന്നില്ല. മത്സ്യവിപണനത്തിനായി കാരോട് ഗ്രാമപഞ്ചായത്തിൽ മൊത്തം 5 ചന്തകളുണ്ട്. മത്സ്യവിപണനത്തിന് മത്സ്യം പഞ്ചായത്തിലെ കുഴിഞ്ഞാൻവിള, ചെങ്കവിള വില്ലേജാഫീസിന് സമീപമുള്ള ചന്തകളിൽ മത്സ്യം കൊണ്ടത്തിക്കുന്നതിന് മത്സ്യഫെഡിന്റെ വാഹനസഹായം മത്സ്യതൊഴിലാളികൾക്ക് എത്തിക്കുക.

# ക്ഷീരവികസനം

ക്ഷീരകർഷകരുടെ നന്മയെ ഉദ്ദേശിച്ച് വിവിധതരം പദ്ധതികൾ ക്ഷീരവികസന വകുപ്പു വഴി നടപ്പിലാക്കിവരുന്നു. കാലിത്തീറ്റയ്ക്കായി വിവിധതരം പുൽകൃഷികൾ നടപ്പിലാക്കുക, മാതൃകാ കാലിത്തൊഴുത്തു, മാതൃകാ ഡയറിയൂണിറ്റ്, ക്ഷീരസമ്പർക്ക പരിപാടി, ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം, വ്യാവസായികാടിസ്ഥാനത്തിലുള്ള പുൽതോട്ടങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകൾക്കായുള്ള നാടൻ ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകൾ, കാലികളുടെ ആരോഗ്യത്തിനും, വളർച്ചയ്ക്കും ഉതകുന്ന മിനറൽ മിക്സ്ചർ, മീനെണ്ണവിതരണം മുതലായ പദ്ധതികൾ സബ്സിഡിയോടുകൂടി നടപ്പാക്കുന്നതു കൂടാതെ ഐ.എച്ച്.ഡി.പി കോളനികളിൽ പകുതി സബ്സിഡിയോടുകൂടി തൊഴുത്തും കറവപ്പശു വിതരണവും, കാലികളുടെ തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി വൈക്കോലിൽ യൂറിയ ചേർത്തു സംപുഷ്ടമാക്കൽ ഗുണം നഷ്ടപ്പെടാതെ പച്ചപ്പുല്ല് ഉണക്കി സംഭരിക്കുന്ന രീതിയും, പുല്ല് സൈലജാക്കി സൂക്ഷിക്കുന്ന രീതിയും, കാലികളെ സാംക്രമിക രോഗങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനുള്ള ശുചീകരണ മരുന്നുകളും ക്ഷീരവികസന വകുപ്പുവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## 9-ാം ജനകീയ പദ്ധതി അനുസരിച്ച് നടപ്പിലാക്കേണ്ട കാര്യങ്ങൾ

1. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വാങ്ങുന്നതിന് സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ശേഷിക്കുറവായതിനാൽ 50% സബ്സിഡിയോടുകൂടി ബാങ്ക് ലോൺ മുഖേന അത്തരം പശുക്കളെ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുവാൻ സാധിക്കണം.

2. ഉല്പാദന ശേഷിയുള്ള നല്ലയിനം സങ്കരവർഗ്ഗ പശുക്കുട്ടികളെ കൃത്രിമബീജാധാനം മൂലം ഉല്പാദിപ്പിച്ച് എടുക്കേണ്ടതുണ്ട്. അതിനു വേണ്ടി ഇപ്പോഴുള്ള കൃത്രിമ ബീജാധാന ഫീസായ 181/4 രൂപയിൽ 10 രൂപ സബ്സിഡിയായി നൽകുന്നതോടൊപ്പം അതിനെ തുടർന്ന് 60 ദിവസത്തിനകം വരുന്ന കൃത്രിമ ബീജാധാനം സൗജന്യമായി നൽകണം. അങ്ങനെ ചെയ്താൽ ഈ രംഗത്ത് കൂടുതൽ ആളുകൾ മുന്നോട്ടുവരും എന്നതിന് സംശയമില്ല.

3. ക്ഷീരസംഘങ്ങളുടെ കീഴിൽ ക്രിത്രിമ ബീജാധാന കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ വാർഡ്തലത്തിൽ കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കും.

4. കാലിത്തീറ്റയ്ക്കുവില കൂടിയിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് അതാത് പഞ്ചായത്തിലെ ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

5. ഉല്പാദന ചെലവ് കുറയ്ക്കുന്നതിനു വേണ്ടി പോഷകപ്രദമായ വിവിധയിനം പുൽകൃഷി നടപ്പിലാക്കുന്ന പദ്ധതി തുടർന്നു നടപ്പിലാക്കുകയും സെൻറ് ഒന്ന് 50 രൂപ ക്രമത്തിൽ സബ്സിഡി നൽകുകയും വിത്തു സൗജന്യമായി ലഭ്യമാക്കുകയും വേണം.

6. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടപ്പിലാക്കുന്നതിനു പകരം ആ തുക കൊണ്ട് കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുന്നവിധം 25 സെൻറ് വീതമുള്ള ചെറിയ പുൽകൃഷിത്തോട്ടങ്ങൾ നിർമ്മിച്ചാൽ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കും. കൂടാതെ പുൽകൃഷി ചെയ്യുന്നതിനാൽ മണ്ണിൻെറ നിലനിൽക്കുകയും മണ്ണൊലിപ്പു തടയുകയും മറ്റു കൃഷികളിൽ നിന്നും ആദായം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും.

7. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളുടെയും ബണ്ടുകളുടെയും വശങ്ങളിലുള്ള സ്ഥലത്ത് പുൽകൃഷി ചെയ്താൽ അത് കാലിത്തീറ്റയ്ക്കും മണ്ണൊലിപ്പ് തടയുന്നതിനും സഹായകമാകും.

8. മാതൃകാ കാലിത്തൊഴുത്തുനിർമ്മാണം തുടർന്നും നടപ്പിലാക്കുകയും 50% സബ്സിഡി അനുവദിക്കുയും വേണം.

9. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന മാതൃകാ ഡയറിയൂണിറ്റ് തുടർന്ന് നടപ്പിലാക്കുകയും സബ്സിഡി തുക വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

10. കന്നുകാലികളുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും ആവശ്യമായ മിനറൽ മിക്സ്ചർ, മീനെണ്ണ മുതലായവ സബ്സിഡി നിരക്കിൽ തുടർന്ന് വിതരണം ചെയ്യണം.

11. പോഷകമൂല്യമില്ലാത്ത വൈക്കോലിനെ യൂറിയ ചേർത്ത് പോഷകപ്രദാനമായ ഒരു കാലിത്തീറ്റയാക്കി മാറ്റുന്ന പദ്ധതി വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ ക്ഷീരോല്പാദന ചെലവ് കുറയ്ക്കുന്നതിന് ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനപ്പെടും.

12. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന എസ്.സി.പി., എസ്.സി.എ. പദ്ധതി പ്രകാരമുള്ള കാലിത്തൊഴുത്ത് കറവപ്പശു വിതരണം ക്ഷീരസംഘത്തിൻെറ പരിധിയിൽ പെടുന്ന എസ്.സി.എസ്.,റ്റി സമുദായങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

13. ആരോഗ്യത്തിനും പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും പാലുല്പന്നങ്ങളുണ്ടാക്കുന്ന സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി അനുസരിച്ചുള്ള നാടൻ ക്ഷീരോല്പന്ന നിർമ്മാണ വിപണനയൂണിറ്റുകളുടെ ശരിയായ നടത്തിപ്പിനുവേണ്ടിയുള്ള ധനസഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

14. ക്ഷീരകർഷകർക്കുവേണ്ടി ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകളും നാടൻ ക്ഷീരോല്പന്ന പ്രദർശനങ്ങളും എല്ലാവാർഡുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

15. സംഘങ്ങളിൽ ശേഖരിക്കുന്ന പാലിൽ നിന്നും ചെറിയൊരു വിഹിതം അങ്കണവാടി ബാലവാടി എന്നിവിടങ്ങളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾക്കും ലഭ്യമാക്കിയാൽ വരും തലമുറയുടെ ആരോഗ്യം ബുദ്ധിവികാസം മുതലായവയ്ക്കു ഗുണം ചെയ്യുന്നതാണ്.

16. കന്നുകാലികളുടെ ഇൻഷുറൻസ് നിർബ്ബന്ധമാക്കുകയും 50% തുക സബ്സിഡിയായി നൽകുകയും വേണം.

17. ഉല്പാദനക്ഷമതകൂടിയ അതായത് പത്തു ലിറ്ററിൽ കൂടുതൽ പാൽ കിട്ടുന്ന പശുക്കൾക്കു സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്താൽ ഈ പഞ്ചായത്തിലെ

പാൽ ഉത്പാദനം വർദ്ധിക്കുന്നതിനു പകരിക്കും.

18. പ്രാദേശികമായി സംഭരിക്കുന്ന പാൽ പ്രാദേശികമായി വിപണനം ചെയ്യുന്നതിനു ലേയ്ക്കായി പഞ്ചായത്തിൽ ഒരു പാൽ ശീതീകരണകേന്ദ്രം ആരംഭിച്ചാൽ അത് ക്ഷീരകർഷകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായിരിക്കും.

19. ക്ഷീരകർഷകർക്കു ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ പഞ്ചായത്തിലെ വാർഡ്തലത്തിൽ പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി പഞ്ചായത്തു തലത്തിൽ ഒരു ക്ഷീരവികസന ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

നമ്മുടെ ദേശീയ വരുമാനത്തിന്റെ ഏറിയകൂറും കാർഷിക വരുമാനത്തിൽ നിന്നുമാണ് ലഭിക്കുന്നത് ഇതിൽ ഏഴു ശതമാനത്തോളം പശുപരിപാലനത്തിൽ നിന്നും ലഭ്യമാക്കുന്നു. 9-ാം പദ്ധതിയിൽ പ്രാധാന്യം കൊടുത്തിരിക്കുന്ന കാർഷിക അഭിവൃദ്ധിയ്ക്കു കാലിവളം അത്യന്താപേക്ഷിതമായ ഘടകമാണ്. അതുപോലെ മനുഷ്യരുടെ ആരോഗ്യപരിപാലനത്തിനു പാലും പാലുല്പന്നങ്ങളും അത്യാവശ്യമാണ്. ഇതു വഴി നമ്മുടെ നാടിനെ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ ഒരുപരിധിവരെ പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

ഒറ്റനോട്ടത്തിൽ ഗംഭീരമെന്നു തോന്നാവുന്ന ഒരുപാടു നേട്ടങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ - ക്ഷീരോൽപാദന മേഖലകളിൽ കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലേയ്ക്ക് എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട് എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

# 5-iii

# വ്യവസായം

വ്യവസായരംഗത്ത് കാരോട് പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി പരിതാപകരമാണ്. പൊതുവേ കേരള സമൂഹത്തിൽ വ്യവസായികമായി അനുഭവപ്പെടുന്ന ഒരു മുരടിപ്പിന്റെ കൂടി ഭാഗമാണ് ഇതെന്ന് പറയാം. പഞ്ചായത്തിൽ ഒരു വിഭാഗം വളരെ കുറഞ്ഞ തോതിലൊക്കെ വ്യവസായരംഗത്ത് പ്രവർത്തിക്കുന്നു. അവരിൽ ഭൂരിഭാഗം അനുദിനം തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത മേഖലയിൽ ആണ്. പുതിയ ലോകസാഹചര്യങ്ങളിൽ രൂക്ഷമായ തൊഴിലില്ലായ്മയിൽ നിന്നും മോചനം നേടുന്നതിന് ഒരു പരിധിവരെ ആശ്രയിക്കാവുന്നത് വ്യവസായ മേഖലയെ ആണ് ഇതിൽ ചെറുകിട പരമ്പരാഗത മേഖലയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടത് പഞ്ചായത്തു തലത്തിൽ ഇതിനുവേണ്ടി വ്യാവസായിക സംരംഭവുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നമ്മുടെ കയ്യിലുള്ള വിഭവങ്ങൾ എന്താണ് എന്ന് കണ്ടെത്തലാണ് നാം ആദ്യം നടത്തേണ്ടത്. അനുയോജ്യമായ വ്യവസായത്തിനുള്ള വിഭവം നമ്മുടെ പഞ്ചായത്തിലുണ്ടോ എന്ന് നാം അറിയണം.

കാരോട് പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ ഇല്ല.

**നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും**
**പട്ടിക - 1**

| നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1 | കയർ സഹകരണ മേഖല സ്വകാര്യമേഖല | 100 | 75 | 175 |
| 2 | കുടിൽ വ്യവസായം പായ് നിർമ്മാണം, കളിമൺ പാത്രം | 50 | 150 | 200 |
| 3 | ഖാദി, കൈത്തറി | 150 | 50 | 200 |
| 4 | കരുപ്പുകട്ടി വ്യവസായം | 40 | 50 | 90 |
| 5 | തീപ്പെട്ടി | 100 | 75 | 175 |

## ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക - 2

| നമ്പർ | ഇനം | ആകെവ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | നാളികേരം | 15 | 75 |
| 2. | തടിവ്യവസായം | 1 | 50 |
| 3. | എഞ്ചിനീയറിംഗ് | 5 | 60 |
| 4. | കയർ | 15 | 175 |
| 5. | അച്ചടി | 3 | 22 |
| 6. | ഖാദി | 4 | 25 |

## വ്യവസായ സഹകരണസംഘം പട്ടിക - 3

| നമ്പർ | ഇനം | മെമ്പർ | തൊഴിലാളികളുടെ എണ്ണം | ലാഭം - തുക |
|---|---|---|---|---|
| 1. | കയർ | 275 | | നഷ്ടം |
| 2. | ഖാദി | 275 | 11 | നഷ്ടം |

## പ്രശ്നങ്ങൾ

വ്യവസായത്തിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ ഇവിടെ പരിമിതമാണ് വൈദ്യുതി എത്താത്ത ധാരാളം പ്രദേശങ്ങൾ ഉണ്ട്. വ്യവയാസ രംഗവുമായി ബന്ധപ്പെട്ട ഗ്രാസസഭകളിൽ ഒട്ടനവധി പ്രശ്നങ്ങൾ ചർച്ചചെയ്തിരുന്നു. ഇതിൽ പ്രധാനമായവ.

1. സഹകരണ മേഖലയിലെ കയർ, ഖാദി എന്നിവ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.
2. വൈദ്യുതി ലഭിച്ചിട്ടുള്ള പ്രദേശങ്ങളിൽ പോലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. ഈ രംഗത്ത് സാങ്കേതിക പരിജ്ഞാനകുറവ് കൂടുതലാണ്.
4. വനിതകൾക്ക് തൊഴിലവസരം ഇല്ല.
5. മിക്ക വ്യവസായങ്ങൾക്കും അസംസ്കൃത പദാർത്ഥങ്ങൾ ദൂരെ നിന്നും കൊണ്ടുവരണം.
6. വിപണനസാദ്ധ്യത പലപ്പോഴും ഈ പഞ്ചായത്തിലില്ല.
7. കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നു.

## ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. മരഫർണിച്ചർ
3. അലുമിനീയം പാത്രങ്ങൾ
4. സ്കൂൾ ബാഗുകൾ
5. പ്ലാസ്റ്റിക്ക് ബട്ടൺസ്
6. അലങ്കാര പണിചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
7. ഓട്ടോ ഇലക്ട്രിക് ഷോപ്പ്

8. ജനറൽ എഞ്ചിനീയനിംഗ്.

9. ഇരുചക്രവാഹനങ്ങളുടെ വർക്ഷോപ്പ്.

10. ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ എന്നിവയുടെ നിർമ്മാണം.

11. എമർജൻസിലാമ്പ്.

12. സ്വിച്ച്ബോർഡ്.

## വനിതകൾക്കായി മാത്രം നടത്താൻ കഴിയുന്നത്.

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ
2. അലക്ക്സോപ്പ്
3. സോപ്പ്പൊടി നിർമ്മാണം
4. പേപ്പർകവർ നിർമ്മാണം
5. ചിപ്പ്സ് നിർമ്മാണം.

## വനിതകൾക്ക് സഹകരണ സംഘം വഴി

1. കുട, നോട്ട്ബുക്ക് നിർമ്മാണം
2. കറിപൗഡർ
3. ബേക്കറി സാധനങ്ങൾ

## സഹകരണസംഘം

1. സ്റ്റീൽ ഫർണിച്ചർ
2. സിമൻറ് ജനൽ, വാതിൽ, ഹോളോ ബ്രിക്സ്
3. ഇഷ്ടിക നിർമ്മാണം
4. ഓട് നിർമ്മാണം
5. നെയ്ത്ത്

## സാധ്യതകൾ

മരവ്യവസായത്തിന് സാധ്യതയുണ്ട്. വീട് പണിയ്ക്കും മറ്റുമായി ധാരാളം മരം ഈ പഞ്ചായത്തിൽ ആവശ്യമാണ്. പാഴ്മരങ്ങൾ രാസപ്രക്രിയ ഉപയോഗിച്ച് ബ്ലാക്ക് ബോർഡ് വ്യവസായത്തിനാവശ്യമായി ഉപയോഗിക്കാം.

തെങ്ങ്, റബ്ബർ തുടങ്ങിയവ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മാണം സജീവമാക്കാവുന്ന മേഖലയാണ്.

കാരോട് പഞ്ചായത്തിൻെറ പ്ലാമൂട്ടുക്കട, ചെങ്കവിള, പഴയ ഉച്ചക്കട, ഊരമ്പ് എന്നീ പ്രദേശങ്ങളിലെവിടെയെങ്കിലും കേന്ദ്രീകരിച്ച് വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വർക്ക്ഷോപ്പിന് സാധ്യതയുണ്ട്. ഓട്ടോമൊബയിൽ, മെക്കാനിക്ക്, വെൽഡിംഗ്, പെയിൻറിംഗ്, പാച്ച്വർക്കുകൾ എന്നിവ ഇതുവഴി നടത്താം. ഓട്ടോമൊബയിലും യന്ത്രങ്ങളുടെ ലെയ്ത് വർക്ക് ബ്ലാക്ക് സമിതി എന്നീ ജോലികളുമാകും.

ഇതുപോലെ തന്നെ മേൽ സൂചിപ്പിച്ച പല കേന്ദ്രങ്ങളും വാഹനങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകൾക്ക് സാധ്യതയുണ്ട്. പൊഴിയൂരിൽ നിനും തിരിച്ച് ഉച്ചക്കട പ്ലാമൂട്ടുക്കടവഴി ദിനംപ്രതി നാൽപ്പതിലധികം സ്വകാര്യ ട്രക്കറുകൾ പോകുന്നു. അതുപോലെ പൂവാർ വഴി ഉച്ചക്കട, ഊരമ്പ് ചെങ്കവിളവഴി ഇതേ അളവിൽ സ്വകാര്യവാഹനങ്ങൾ പോകുന്നു. ഇതിനു പുറമേ ഇരുചക്രവാഹനങ്ങൾ ഓട്ടോറിക്ഷ എന്നു തുടങ്ങി മോട്ടോർ മേഖല സമ്പന്നമാണ്. ഇവയുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനമില്ല. ഈ പറഞ്ഞ പ്രദേശങ്ങളിൽ ഒന്നോ, രണ്ടോ കേന്ദ്രങ്ങൾ കുറഞ്ഞ ചിലവിൽ ഇതിനു വേണ്ട കേന്ദ്രം തുടങ്ങാവുന്നതാണ്. മൈനർ റിപ്പയറിംഗ്, വാഹനങ്ങൾ കഴുകൽ, കാറ്റു നിറയ്ക്കൽ എന്നു തുടങ്ങി 10-15പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒന്നാണ്.

## തേൻ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ തേൻ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. കാരോട് പഞ്ചായത്തിലെ പല ഭാഗങ്ങളിലും തേൻ വ്യവസായമുണ്ട്. തേനീച്ചകൾക്ക് രോഗം വന്നതിനാൽ തേൻ വ്യവസായം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. തേൻസൊസൈറ്റി ഉണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സഹായം

എത്തിച്ചാൽ തേനീച്ച വ്യവസായരംഗത്ത് ഒരു പുനർജന്മം ഉണ്ടാക്കാൻ സാധിക്കും. രോഗം പകരാത്ത പുതിയ ഈച്ചകളെ നൽകാനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇതിനുവേണ്ടി താല്പര്യമുള്ളവരെ വിദഗ്ധപരിശീലനത്തിന് അയയ്ക്കുക.

## അച്ചടി

കുറഞ്ഞചെലവിൽ തമിഴ്നാട്ടിൽനിന്നും അച്ചടിച്ച് കിട്ടുന്നതുകൊണ്ട് അച്ചടി വ്യവസായം അത്ര ലാഭകരമല്ല. അതുകൊണ്ട് ഈ രംഗത്ത് കൂടുതലാളുകൾ മുതൽമുടക്കാൻ രംഗത്തു വരുന്നില്ല. വൈദ്യുതി കട്ട്, അച്ചടി ഉപകരണങ്ങളുടെ വിലക്കൂടുതൽ, പേപ്പർ വില കൂടുതൽ തുടങ്ങിയ കാരണങ്ങളാൽ വ്യാവസായികമായി ഈ സംരംഭം ലാഭത്തിലല്ല. ഈ വ്യവസായം ലാഭകരമാക്കാനുള്ള മേൽനടപടികൾ ഉണ്ടാവണം.

## വെൽഡിംഗ്

ഏറ്റവും ലാഭകരമായി ചെയ്യാവുന്ന തൊഴിലാണ് വെൽഡിംഗ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലത്ത് വെൽഡിംഗ് ജോലികൾ ചെയ്യുന്ന ഒരു തൊഴിൽശാല നിർമ്മിച്ചാൽ വ്യാവസായികമായിത്തന്നെ നല്ല രീതിയിൽ പ്രവർത്തിക്കും. വെൽഡിംഗ് പഠിച്ചു നില്ക്കുന്ന ധാരാളം ചെറുപ്പക്കാരുള്ള നമ്മുടെ പഞ്ചായത്തിന് ഇത് ഒരു മുതൽക്കൂട്ടാകും.

## തടികൊണ്ടുള്ള വ്യവസായം

കുടുംബപരമായി മരപ്പണി ചെയ്യുന്നവരും അല്ലാത്തവരും കൊത്തുപണി ചെയ്യാൻ താല്പര്യം കാണിക്കുന്നു. ഇത് ഒരു കുടിൽ വ്യവസായമായി സഹകരണാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്. എല്ലാ ഇനത്തിൽപ്പെട്ട മരങ്ങളും ഇവിടെകിട്ടും. കുറഞ്ഞ ചെലവിൽ വ്യവസായികമായി ഈ തൊഴിൽ നടക്കണമെങ്കിൽ വൈദ്യുതി ആവശ്യമാണ്. വ്യാവസായികമായി വളരെയധികം തൊഴിൽ സാധ്യതകൾ ഉള്ളതാണിത്.

## ഭക്ഷ്യ സംസ്ക്കരണം

മുൻപു മുതൽക്കേ മരച്ചീനിയിൽ നിന്നും മാവെടുക്കുക, കൂവക്കിഴങ്ങിൽനിന്നും മാവെടുക്കുക, നെല്ലരി, ഗോതമ്പ് മുതലായ പൊടിച്ച് മാവാക്കുക തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്നുവരുന്നു. ഇവിടെ മരച്ചീനി ഉരച്ചെടുക്കുന്ന മാവ് ഇടനിലക്കാർ വാങ്ങിച്ച് കൊണ്ട് വിറ്റ് ചൗവ്വരി ഉണ്ടാക്കുന്ന രീതിയാണ് നിലവിലിരിക്കുന്നത്. പകരം ചൗവ്വരി ഉല്പാദനം ഇവിടെത്തന്നെ സഹകരണാടിസ്ഥാനത്തിൽ നടത്താമെങ്കിൽ വമ്പിച്ച തൊഴിൽ സാധ്യത തെളിഞ്ഞു കാണുന്നു. ഒപ്പം മരച്ചീനി കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഇതുപോലെ കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കുന്ന കാര്യത്തിൽ ശ്രദ്ധവച്ചാൽ കൃഷിയും കുടിൽ വ്യവസായങ്ങളും ഒരുപോലെ അഭിവൃദ്ധി പ്രാപിക്കും. അതിനുള്ള സാധ്യതകൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| മരച്ചീനി | - | ചൗവ്വരി |
| കൂവ | - | കൂവമാവ് |
| നാളീകേരം | - | വെളിച്ചെണ്ണ |
| എള്ള് | - | എള്ളെണ്ണയാട്ട് |
| മാങ്ങ | - | അച്ചാർ |
| നാരങ്ങ | - | അച്ചാർ |
| ഇഞ്ചി | - | അച്ചാർ |

## മെറ്റൽയൂണിറ്റ്

പാറക്കല്ലുകൾ പൊട്ടിച്ച് ചല്ലിയടിച്ച് ജീവിക്കുന്ന ധാരാളം ആൾക്കാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലോ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ അല്ലെങ്കിൽ ഇവരെ പ്രത്യേകം യോജിപ്പിച്ചുകൊണ്ടോ മെറ്റൽ തൊഴിലാളി സഹകരണ സംഘം പാറക്കല്ലുകൾ എത്തിച്ചാൽ അത് പൊടിച്ച് ചല്ലിയാക്കി വിൽക്കാനും അങ്ങനെ ഈ തൊഴിലാളികളുടെ ജീവിതനിലവാരം

വളർത്താനു ഒപ്പം തൊഴിൽ സ്ഥിരത ഉറപ്പുവരുത്താനും കഴിയും. നമ്മുടെ നാട്ടിൽ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ധാരാളം ചല്ലി ചിലവാകുന്നുണ്ട്. ഇവിടെ ചല്ലി എത്തുന്നത് മറ്റു പ്രദേശങ്ങളിൽ നിന്നുമാണ്. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ തന്നെ മെറ്റൽ യൂണിറ്റ് തുടങ്ങിയാൽ അതു വളരെയധികം ഗുണകരമായിരിക്കും.

## പനയോല വ്യവസായം

കാരോട് പഞ്ചായത്തിൽ പനയോല വ്യവസായം വളരെ പണ്ടുമുതൽക്കേ പരമ്പരാഗതമായി നടന്നുവരുന്ന ഒന്നാണ്. നമ്മുടെ പഞ്ചായത്തിലെ കുറെപേരുടെ പ്രധാനവരുമാന മാർഗവും ഇതുതന്നെയായിരുന്നു. പക്ഷെ പനയോല സുലഭമായി കിട്ടാനില്ലാത്തതുകൊണ്ട് ഉല്പാദകർക്ക് നേട്ടം ഉണ്ടാകുന്നില്ല. അവരുടെ നിത്യവൃത്തി കഴിഞ്ഞു പോകുന്നു എന്നുമാത്രം. ഈ രംഗത്ത് കാര്യമായ ഇടപെടൽ ആവശ്യമാണ്.

## ഇലക്ട്രോണിക്സ് രംഗം

ഇലക്ട്രോണിക്സ് ചോക്ക്, സ്റ്റെപ്അപ് തുടങ്ങിയ ഉൽപ്പാദിപ്പിക്കുന്നതിനും, വിപണനത്തിനും സാധ്യതയുണ്ട്. ഇതുപോലെതന്നെ വയിറിംഗുമായി ബന്ധപ്പെട്ട് സാമഗ്രികൾക്കും സാധ്യതയുണ്ട്.

## കൈത്തറിമേഖല

പലയിടങ്ങളിലും നേരത്തെ ഉണ്ടായിരുന്ന ഇപ്പോൾ പൂട്ടിക്കിടക്കുന്നതുമായ ഒന്നാണ് കൈത്തറിമേഖല. സ്ത്രീകൾക്ക് മുൻഗണനയുള്ള ഈ മേഖല പുനരുജ്ജീവിപ്പിച്ചാൽ കുറേപ്പേർക്ക് തൊഴിൽ സാധ്യതയുള്ള ഒന്നാണ്.

## കൺസ്ട്രക്ഷൻ മെറ്റീരിയലുകൾ

വൻതോതിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശമാണിത്. മരത്തിന്റെ ദൗർലഭ്യം, പണിക്കാരുടെ ദൗർലഭ്യം എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ഈ രംഗത്ത് പുതുതായി കടന്നുവന്നിട്ടുള്ള സിമന്റ് ഉപയോഗിച്ചുള്ള കട്ടിള, ജനാല എന്നിവ വ്യാപകമായി വീടുപണികൾക്കും ഉപയോഗിക്കുന്നു. ഇവ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് വൻ സാധ്യതയാണ് പഞ്ചായത്തിലുള്ളത്.

സാങ്കേതിക രംഗത്തും പുത്തൻ സാധ്യതകൾ കാണുന്നുണ്ട്. ഐ.റ്റി.ഐ. ഡിപ്ലോമ കഴിഞ്ഞ ധാരാളം ചെറുപ്പക്കാരെ ഇന്നു പഞ്ചായത്തിനു കാണാം. അതുപോലെ തന്നെ മിക്ക പ്രദേശങ്ങളിലും ഇത്തരം സാങ്കേതിക വിദ്യ പ്രയോഗിക്കാൻ പറ്റിയ സാഹചര്യമുണ്ട്. പ്ലമ്പിംഗ് വെൽഡിംഗ് തുടങ്ങിയ പല വീടുകളിലും ചെറിയ പണികൾ ഉണ്ട്. ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടാൻ താൽപ്പര്യമുള്ളവരുടെ പല യൂണിറ്റുകൾ സ്ഥാപിക്കുക. റൂറൽ ഇഞ്ചിനീയറിംഗ് സെൻറർ. ഇതുമൂലം പഞ്ചായത്തിൽ വരുന്ന പണികൾ ഏറ്റെടുത്ത് നടത്താൻ കഴിയും.

## ഗ്രാമസഭകളിൽ വന്ന നിർദ്ദേശം

1. ഞാറയ്ക്കാലക്ക് സമീപം ഉള്ള വലിയവിള, സേവാനികേതൻ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു. ഇത് പുനരുജ്ജീവിപ്പിക്കണം. 250 ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള ഒന്നാണ് ഈ സ്ഥാപനം.
2. പച്ചത്തൊണ്ട് ഉപയോഗിച്ച് കയർ എടുക്കുന്ന ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
3. പച്ചത്തൊണ്ട് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് പദ്ധതി ആരംഭിക്കണം.
4. ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റ് കൂടുതൽ സ്ഥാപിക്കുക.
5. തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് വടൂർക്കോണം വാർഡിൽ ഒരു സ്ഥാപനം അനുവദിക്കണം.
6. ചെങ്കവിളഭാഗത്ത് പ്രവർത്തിക്കുന്ന ഖാദിബോർഡിന്റെ ഒരു ഷോപ്പ് ഈ വാർഡിന്റെ മറ്റുഭാഗങ്ങളിൽ നടപ്പാക്കുക.

7. നാളീകേരവുമായി ബന്ധപ്പെട്ട വ്യവസായത്തിന് ഇവിടെ സാധ്യതയുണ്ട്. തേങ്ങയിൽ നിന്നും ശീതളപാനീയങ്ങൾ ഉണ്ടാക്കി വിൽക്കുന്ന സംരംഭം അനുവദിക്കണം.

8. ചെങ്കവിള ആസ്ഥാനമാക്കി ഒരു കശുവണ്ടി ഫാക്ടറി സ്ഥാപിക്കുക.

9. കാലിത്തീറ്റ ഉണ്ടാക്കുന്നതിന് ആവശ്യമായ ചക്കക്കുരു, മരിച്ചീനി, പുളിയങ്കുരു ഇവ ശേഖരിക്കുന്നതിനും കാലിത്തീറ്റ ഉണ്ടാക്കുന്നതിനുമായി ഒരു ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

10. വെൺകുളം വാർഡിലെ കുടനിർമ്മാണ കമ്പനി വിപുലീകരിക്കുക.

11. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക.

12. ഗ്ലാസ്സ് ഫാക്ടറി.

13. പ്രിൻറിംഗ് കോപ്ലക്സ് സ്ഥാപിക്കുക.

14. പാൽ ഉൽപ്പന്നങ്ങൾ, മീൻവളർത്തൽ.

15. കളിമൺ വ്യവസായം.

16. പ്ലാസ്റ്റിക്, തുകൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായം.

17. പഞ്ചായത്തിൽ പുതുശ്ശേരി വാർഡിൽ പൂട്ടികിടക്കുന്ന കയർ സൊസൈറ്റി തുറന്ന് പ്രവർത്തിപ്പിക്കുക.

18. സ്ത്രീകൾക്കായി പപ്പടം നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

19. പനയോലകൊണ്ട് നിർമ്മിക്കുന്ന സാധാരണങ്ങൾക്കു വേണ്ടി ഒരു യൂണിറ്റ് തുടങ്ങിക.

20. തേനീച്ച വളർത്തൽ കേന്ദ്രം, സോപ്പു വ്യവസായ യൂണിറ്റ്.

21. കാരോട് പഞ്ചായത്തിൽ കാരോട് കേന്ദ്രമാക്കി പാൽ ഉല്പന്ന യൂണിറ്റ് സ്ഥാപിക്കുക.

22. പഴയ ഉച്ചക്കടവാർഡിലും കുന്നിയോട് വാർഡിലും കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

23. ഒറ്റപ്ലാവിള്യിൽ (കാന്തള്ളൂർ വാർഡിൽ) കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുക.

**"വ്യവസായവൽക്കരിക്കുക**
**അല്ലെങ്കിൽ മരിക്കുക!!"**

**നാട്ടിലെ വിഭവങ്ങളേയും കമ്പോളത്തേയും പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള വ്യവസായമാണ് ആവശ്യം.**

# 5-iv

# വിദ്യാഭ്യാസം

മനുഷ്യൻെറ ബൗദ്ധികവും മാനസികവുമായ വികാസമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. വ്യക്തി വികാസത്തിലൂടെ ഉരുത്തിരിയേണ്ടുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. രാഷ്ട്രപിതാവായ മഹാത്മജിയുടെ അഭിപ്രായത്തിൽ ഒരു വ്യക്തിയുടെ സാംസ്ക്കാരിക, അനുഷ്ഠാനം, കായികമാനസിക, ആത്മീകമായ വികാസമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം നേടിയിട്ടുള്ളവർ അതില്ലാത്ത ഒരാളെയെങ്കിലും വിദ്യാസമ്പന്നനാക്കുക എന്നതാണ് തത്വജ്ഞാനിയായ സ്വാമിവിവേകാനന്ദൻെറ ഉദ്ഘോഷം. പിയാഷെ എന്ന വിശ്വവിഖ്യാതനായ നിരൂപകൻ വിദ്യാഭ്യാസത്തെ നിർവചിയ്ക്കുന്നത് ശ്രദ്ധേയമാണ്. സാമഹ്യ-സാമ്പത്തിക, സാംസ്ക്കാരിക രംഗങ്ങളിൽ വ്യക്തിവൈഭവം കൊണ്ട് ക്രീയേറ്റിവിറ്റി ഉണ്ടാക്കുകയും അതിലൂടെ സാമൂഹിക പുരോഗതി കൈവരിയ്ക്കുകയുംമാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കേണ്ടുന്നത്. ഖ്ത്തരത്തിൽ അനിർവചനീയമായ തത്വസംഹിതകളാൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള വാക്യങ്ങൾ ഏറയുണ്ട്. വിദ്യാഭ്യാസമെന്ന ആത്യന്തികമായ പ്രക്രിയ രാഷ്ട്രത്തിൻെറ എല്ലാ പ്രാന്തപ്രദേശങ്ങളിലും അർത്ഥപൂർണ്ണതയോടെ എത്തിയ്ക്കുക എന്നതാണ് പഞ്ചായത്ത് രാജ് എന്ന മഹത്തായ വീക്ഷണം കൊണ്ടർത്ഥമാക്കുന്നത്.

തലസ്ഥാനനഗരിയായ തിരുവനന്തപുരത്തിന് മുപ്പത് കിലോമീറ്റർ അകലെയായി കിഴക്ക്, തെക്ക് ഭാഗമായി സ്ഥിതിചെയ്യുന്ന കാരോട് പഞ്ചായത്തിൻെറ ചെറുവിസ്തൃതി പോലെതന്നെ വിദ്യാഭ്യാസ പുരോഗതിയും തീരെ ചെറുതാണ്. ചരിത്രങ്ങളുറങ്ങുന്ന നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട കാരോട് ഗ്രാമപഞ്ചായത്ത് പൊറ്റയിൽക്കട മുതൽ പൊഴിയൂർ ശ്രീ. മഹാദേവർക്ഷേത്രം വരെയും, ഉച്ചക്കട മുതൽ മഞ്ചാംകുഴി വരെയും വിസ്തൃതിയാണ്ട് കിടക്കുന്നു.

കാവുകളും, കുളങ്ങളും, മാമരങ്ങളും, കരിമ്പനകളും, കുന്നിയോടിലെ കരിമ്പാറയും, പുതുശ്ശേരിയിൽ കടലിനോട് തൊട്ടുരുമിക്കിടക്കുന്ന എ.വി.എം. കനാലും ഏവർക്കും ആതിഥ്യമരുളുന്ന കേരവൃക്ഷങ്ങളും ആരെയും ഭാവസാന്ദ്രമാക്കുന്ന ഭീമൻ പൊറ്റയും കാരോട് ഗ്രാമപഞ്ചായത്തിനെ പ്രകൃതി രമണീയമാക്കുന്നു. പുരാണതിഹാസങ്ങളിൽ പോലും പ്രതിപാദിച്ചിട്ടുള്ള പൗരാണികത മുറ്റി നിൽക്കുന്ന കാന്തല്ലൂർ ശാലവിദ്യാഭ്യാസ ചരിത്രത്തിലെന്നും പവിഴമുത്തായി പ്രശോഭിയ്ക്കുന്ന ക്രിസ്ത്യൻ മിഷനറിമാർ ഒറ്റാം പറയ്ക്കൽ വീട്ടിൽ ശ്രീകൃഷ്ണപിള്ള, കുളത്തൂർ അടീക്കലത്ത് വീട്ടിൽ ശ്രീ. എസ്സ്. ചെല്ലപ്പൻപിള്ള എന്നിവർ കാരോട് ഗ്രാമ

പഞ്ചായത്തിൻെറ വിദ്യാഭ്യാസരംഗത്ത് നൽകിയിട്ടുള്ള സംഭാവകൾ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്.

കേരളപ്പിറവിയ്ക്കു മുൻപ് ഇന്നത്തെ കുഴിഞ്ഞാംവിള വാർഡിനോട് ചേർന്നുവരുന്ന കരുമരം എന്ന സ്ഥലത്ത് സർക്കാർ വക ഒരു പ്രൈമറി സ്ക്കൂൾ നിലവിലുണ്ടായിരുന്നു. ആ കാലത്ത് ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭകാലം ഈ ഒരു പ്രൈമറി സ്ക്കൂൾ മാത്രമേ ഇന്നത്തെ ഈ പഞ്ചായത്ത് പ്രദേശം ഉൾപ്പെട്ട ഭാഗത്ത് ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് പ്രസ്തുത സ്ക്കൂളിൽ അദ്ധ്യാപകരായിരുന്ന യശ്ശശരീരയായ ശ്രീമതി. ജാനകിഅമ്മ, കോട്ടയം സ്വദേശിനി ശ്രീമതി. സാറാമ്മ, തിരുവാതിരക്കളിയിലും, സംഗീതത്തിലും പ്രസിദ്ധയായ ശ്രീമതി. ചെല്ലമ്മ തുടങ്ങിയ മാതൃകാദ്ധ്യാപകരുടെ നിസ്തുല സേവനം ഇവിടെ സ്മരിയ്ക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ കാലാന്തരത്തിൽ സർക്കാരിൻെറ ഭാഗത്ത് വന്ന അനാസ്ഥകാരണം ഈ സരസ്വതീക്ഷേത്രം നാമാവിശേഷമായി.

പ്രൈമറി വിദ്യാഭ്യാസതലത്തിൽ ക്രിസ്ത്യൻ മിഷനറിമാർ സ്ഥാപിച്ച എച്ച്.എം.എസ്., എൽ.പി.എസ് കാരോട്, എൽ.എം.എസ്. എൽ.പി.എസ്. അമ്പിലിക്കോണം എന്നീ സ്ക്കൂളുകൾ ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭദശയിൽ കാര്യമാത്രമായ പ്രവർത്തനം കാഴ്ചവെച്ചു. അന്നത്തെ ദിശയിൽ നിന്നും ഈ സ്ക്കൂളുകൾ കൂടുതൽ മോശപ്പെട്ടതല്ലാതെ ആധുനിക വിദ്യാഭ്യാസമേഖലയിലേയ്ക്കുയരുവാൻ അവയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് വേദകരമായ ഒരു വസ്തുത. പ്രാഥമിക സൗകര്യങ്ങൾ പോലും നേരെ ഇല്ലാത്ത ഈ സ്ക്കൂളുകളിൽ ഇന്ന് സാമ്പത്തികമായി തീരെ പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾ മാത്രമേ പഠിയ്ക്കുന്നുള്ളൂ എന്നതാണ് സത്യം. ഒരു പക്ഷേ ഉച്ചക്കഞ്ഞി നിറുത്തലാക്കിയാൽ ഈ സ്ക്കൂളുകൾ പൂട്ടേണ്ടിവന്നേയ്ക്കാം.

തുടർന്ന് വിദ്യാഭ്യാസരംഗത്ത് കാരോട് പഞ്ചായത്ത് പ്രദേശത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച് 1925-കളിൽ ഉച്ചക്കട കേന്ദ്രമായി സ്ഥാപിച്ച ആർ.സി.എൽ.പി.എസ്. ആണ്. ഈ സ്ക്കൂളിന് സ്ഥലപരിമിതിയുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനവും, വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനയും ഉണ്ടായിട്ടുണ്ട്. ഇതേ കാലഘട്ടത്തിൽ അയിരപ്രദേശത്ത് ഒറ്റാംപറക്കൽ വീട്ടിൽ ശ്രീ. കൃഷ്ണപിള്ള നടത്തിയിരുന്ന ഒരു സ്വകാര്യ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം നിലനിന്നിരുന്നു. പാൽക്കാലത്ത് അദ്ദേഹം പ്രസ്തുത സ്ക്കൂളിനെ സർക്കാറിന് കൈമാറുകയും അങ്ങനെ കാരോട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ചിരകാല അഭിലാഷമായ ഹൈസ്ക്കൂൾ അവിടെ 1977ൽ ആരംഭിയ്ക്കുയും ചെയ്തു.

1962ൽ കുളത്തൂർ അടീക്കലത്ത് വീട്ടിൽ ശ്രീ. കെ. ചെല്ലപ്പൻ പിള്ള കാരോട് യു.പി.എസ്. സ്ഥാപിച്ചു. വേണ്ടത്ര സ്ഥല സൗകര്യം ഈ സ്ക്കൂളിന് ഉണ്ട്. തൊട്ടടുത്തെങ്ങും തന്നെ വേറെ യി.പി.എസ്. സ്ക്കൂളികൾ ഇല്ലാത്ത ഇന്നത്തെ അവസ്ഥയിൽ ശരിയായ ശ്രദ്ധകേന്ദ്രീകരിച്ചാൽ കാരോട് യു.പി.എസിനെ ഒരു മാതൃകാ വിദ്യാപീഠമാക്കി മാറ്റാൻ കഴിയും. കാരോടിൻെറ ഉൾപ്രദേശത്ത് വിദ്യാഭ്യാസ പ്രവർത്തനത്തിര ഈ സ്ക്കൂൾ വഹിയ്ക്കുന്ന പങ്ക് അത്ര നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. ഏകദേശം ഇതേ കാലയളവിൽ തന്നെ പ്ലാമൂട്ടുക്കട പ്രദേശത്ത് ഒരു ഗവണ്മെൻറ് എൽ.പി. സ്ക്കൂൾ സ്ഥാപിച്ചു. എൽ.പി.ജി.എസ്. എറിച്ചല്ലൂർ എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രൈമറി വിദ്യാലയം തീരെ മോശമല്ലാത്ത നിലവാരം പുലർത്തുന്നു. സർക്കാർ സ്ക്കൂളുകൾക്കുള്ള ഭൗതികകുറവുകളും, അലംഭാവവും ഈ സരസ്വതി ക്ഷേത്രത്തേയും ബാധിച്ചിട്ടില്ലായെന്ന് പറഞ്ഞാൽ അത് അതിശയോക്തി ആയി പോകും.

പൊറ്റിയിൽക്കടയിൽ സ്ഥിതി ച്ചെയ്യുന്ന സെൻറ് ജോസഫ് യി.പി.എസ്. 1985ൽ ആണ് സ്ഥാപിച്ചത്. വിദ്യാർത്ഥികളുടെ എണ്ണത്തിലും പഠന നിലവാരത്തിലും മെച്ചമായ നില ഈ സ്ക്കൂൾ കൈവരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ കെ.വി.എച്ച്.എസ്. അയിരയിൽ വേണ്ടത്ര കെട്ടിടങ്ങളോ മറ്റ് ഭൗതിക സൗകര്യങ്ങളോ ഇല്ല. പി.റ്റി.എ.യുടെ പ്രവർത്തനം ഇനിയും ഉർജ്ജസ്വലമാകേണ്ടിയിരിക്കുന്നു.

കാരോട് ഗ്രാമപഞ്ചായത്തിൽ ആകെ 7 സ്ക്കൂളുകളാണ് നിലവിൽ ഉള്ളത്. അതിൽ ഒന്ന് ഹൈസ്ക്കൂളും, 2 യു.പി. സ്ക്കൂളികളും, 4 എൽ.പി. സ്ക്കൂളുകളും ആണ്. അയിരയിലെ കെ.വി. എച്ച്.എസ്.ഉം, എറിച്ചല്ലൂരിലെ എൽ.പി.എസ് ഉം സർക്കാർ വക സ്ക്കൂളുകളാണ്. ബാക്കി അഞ്ച് സ്ക്കൂളുകളും മാനേജ്മെൻറ് സ്ക്കൂളുകളാണ്.

സ്ക്കൂളുകളെ സംബന്ധിക്കുന്ന വിശദമായ വിവരം പട്ടിക 1ൽ ചേർത്തിരിക്കുന്നു.

### പട്ടിക - 1

| ക്രമനമ്പർ | സ്കൂളിൻെറ പേര് | സർക്കാർ / സ്വകാര്യം | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | K.V.H.S അയിര | സർക്കാർ | 522 | 521 | 1043 | 18 | 22 | 40 |
| 2. | U.P.S കാരോട് | എയ്ഡഡ് | 71 | 74 | 145 | 4 | 4 | 3 |
| 3. | St. Joseph's U.P.S പൊറ്റയിൽക്കട | എയ്ഡഡ് | 252 | 256 | 508 | 4 | 13 | 17 |
| 4. | H.M.L.P.S കാരോട് | എയ്ഡഡ് | 119 | 110 | 229 | | 5 | 5 |
| 5. | L.M.S.L.P.S അമ്പിലിക്കോണം | എയ്ഡഡ് | 126 | 113 | 239 | 1 | 7 | 8 |
| 6. | L.P.G.H.S എറിച്ചല്ലൂർ | സർക്കാർ | 120 | 117 | 237 | 2 | 6 | 8 |
| 7. | R.C.L.P.S ഉച്ചക്കട | എയ്ഡഡ് | 485 | 398 | 863 | 5 | 15 | 20 |

പഞ്ചായത്തിലെ 7 സ്ക്കൂളുകളിലായി ആകെ 3284 വിദ്യാർത്ഥികൾ പഠിയ്ക്കുന്നു. ഇതിൽ ഹൈ സ്ക്കൂൾ വിഭാഗത്തിൽ പഠിയ്ക്കുന്ന കുട്ടികളുടെ എണ്ണം 490 മാത്രമാണ്. എട്ട് വിദ്യാലയങ്ങളിലായി 106 അദ്ധ്യാപകർ ജോലി ചെയ്യുന്നു. അദ്ധ്യാപകേതരജീവനക്കാരുടെ എണ്ണം 7. എല്ലാ സ്ക്കൂളികളിലുമായി അദ്ധ്യയനം നടത്തുന്ന എസ്.സി/എസ്.റ്റി കുട്ടികളുടെ എണ്ണം വളരെ കുറവാണ്. വിദ്യാഭ്യാസകാര്യത്തിൽ എസ്.സി / എസ്.റ്റി കുട്ടികൾ ഈ പഞ്ചായത്തിൽ ഇന്നും പിന്നിലാണ് എന്നതാണ് സത്യം. പട്ടിക രണ്ടും മൂന്നും ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു.

### പട്ടിക - 2 അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

| പഞ്ചായത്തിലെ ആകെ അദ്ധ്യാപകർ | ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകർ | ഗവ. സ്കൂൾ അദ്ധ്യാപകരുടെ എണ്ണം % | പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ | ഗവ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | ഗവ. സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം % |
|---|---|---|---|---|---|
| 108 | 48 | 44 | 3284 | 1282 | 38 |

### പട്ടിക - 3 പഠിക്കുന്ന എസ്.സി / എസ്.റ്റി. കുട്ടികളുടെ എണ്ണം

| L.P.S | | | U.P.S | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1865 | 176 | 9.4 | 913 | 81 | 8.8 | 496 | 63 | 12.7 |

പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ ഇതരപഠനത്തിനായി ഈ പഞ്ചായത്തിൻെറ കിഴക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന അയിര കെ.വി.എച്ച്.എസ് നെ ആശ്രയിയ്ക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം തുലോം അംഗുലീപരിമിതമാണ്. അതിനാൽ കുളത്തൂർ പഞ്ചായത്തിലെ ഗവ. ഹയർസെക്കൻററി സ്ക്കൂൾ, സെൻറ് ജോസഫ് എച്ച്.എസ്. വിരാലി, സെൻറ് മാത്യൂസ് എച്ച്.എസ്. പൊഴിയൂർ എന്നീ ഹൈസ്ക്കൂളുകളെയാണ് കൂടുതൽ വിദ്യാർത്ഥികളും ആശ്രയിയ്ക്കുന്നത്. അക്ഷരാർത്ഥത്തിൽ അയിര കെ.വി.എച്ച്.എസ്. പാറശ്ശാല പഞ്ചായത്തിലെ കുട്ടികൾക്കാണ് കൂടുതൽ പ്രയോജനപ്പെടുന്നത്.

സാമ്പത്തിക-സാമൂഹിക കാരണങ്ങളാൽ കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം 5%ത്തോളം ഉള്ളതായി കാണുന്നു. 1995-96 വദ്യാഭ്യാസവർഷത്തിൽ കൊഴിഞ്ഞു പോയവരുടെ വിവരം പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4

| L.P.S | | U.P.S | | H.S | |
|---|---|---|---|---|---|
| ആകെ കുട്ടികൾ | കൊഴിഞ്ഞു പോയവർ | ആകെ കുട്ടികൾ | കൊഴിഞ്ഞു പോയവർ | ആകെ കുട്ടികൾ | കൊഴിഞ്ഞു പോയവർ |
| 1865 | 51 | 913 | 22 | 496 | 13 |

ഈ ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിയ്ക്കുവാൻ താല്പര്യമുള്ളവരാണ്. ഇവിടെ നിന്നും വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേയ്ക്ക് ഏകദേശം 250 ഓളം കുട്ടികൾ പോകുന്നുണ്ട്. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ പോലും ചെലുത്തിയ സ്വാധീനം ചെറുതല്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, കോളേജുകളോ, ഹയർസെക്കൻററി വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. കുളത്തൂർ ഹയർസെക്കൻററി സ്ക്കൂൾ, ടെക്നിക്കൽ സ്ക്കൂൾ, പാറശ്ശാല ഹയർ സെക്കൻററി സ്ക്കൂൾ, ധനുവച്ചപുരം വി.റ്റി.എം. എൻ.എസ്.എസ്. കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, പൂവ്വർ ഗവണ്മെൻറ് ഹയർ സെക്കൻററി സ്ക്കൂൾ എന്നിവിടങ്ങളിലും, തമിഴ്നാട്ടിലെ ഹയർ സെക്കൻററി സ്ക്കൂളുകളേയും കോളേജുകളേയുമാണ് ഉന്നത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിച്ച് പോരുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്ത് മികവുറ്റ ഒരു സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലെ ഹൈസ്ക്കൂളിലെ വിജയശതമാനം താരതമ്യേന മെച്ചമാണ്. 1991 മുതൽ 1995 വരെയുള്ള പരീക്ഷാ ഫലങ്ങൾ വിലയിരുത്തുമ്പോൾ ഏകദേശം 40% ത്തോളം വിജയം ഉള്ളതായി കാണാൻ സാധിക്കും. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ വിജയശതമാനം പട്ടിക 5ൽ കൊടുത്തിരിയ്ക്കുന്നു.

പട്ടിക-5
എസ്.എസ്.എൽ.സി. വിജയശതമാനം

| വർഷം | S.S.L.C വിജയശതമാനം |
|---|---|
| 1991-92 | 33 |
| 1992-93 | 35 |
| 1993-94 | 45 |
| 1994-95 | 54 |
| 1995-96 | 41 |

ഈ പഞ്ചായത്തിലെ എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികളിൽ ചെറിയൊരു ശതമാനത്തിന് മാത്രമേ അഫിലിയേറ്റഡ് കോളേജുകളിലും, ഹയർസെക്കൻററി സ്ക്കൂളുകളിലും പ്രവേശനം ലഭിയ്ക്കുന്നുള്ളൂ. ശേഷിയ്ക്കുന്ന വലിയൊരു ശതമാനം ഉന്നത വിദ്യാഭ്യാസത്തിനായി നെയ്യാറ്റിൻകര, ഉദിയൻകുളങ്ങര പ്രദേശങ്ങളിലെ പാരലൽ കോളേജുകളെ ആശ്രയിയ്ക്കുന്നു. കാരോട് പഞ്ചായത്തിൽ എസ്.എസ്.എൽ.സി. ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ അല്ലാതെ പാരലൽ കോളേജുകൾ ഇല്ല.

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിയായി നൂറോളം പേർ ടൈപ്പ് റൈറ്റിംഗ് പരിശീലനം നടത്തുന്നു. എന്നാൽ ഷോർട്ട്ഹാൻഡ് പരിശീലനം എങ്ങും ഗൗരവമായി നടക്കുന്നില്ല. കംപ്യൂട്ടർ ട്രെയിനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഒരു പ്രീ-പ്രൈമറി നഴ്സറി സ്ക്കൂൾ മാത്രമാണ് പഞ്ചായത്തിൽ പ്രവലർത്തിയ്ക്കുന്നത്. പ്രീ-പ്രൈമറി സ്ക്കൂളുകളെടഅഭാവം ഇംഗ്ലീഷ് വിദ്യാഭ്യാസം തേടി പോകാത്ത പഞ്ചായത്തിലെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ പ്രീ-പ്രൈമറി വിദ്യാഭ്യാസം അസാധാരണമാക്കുന്നു.

പഞ്ചായത്തിൽ അംഗൻവാടികൾ ഇല്ല. ബാലവാടികൾ ആറെണ്ണം നിലവിലുണ്ട്. വാർഡ് ഒന്നിന് ഓരോ ആംഗൻവാടിയും ബാലവാടി ഇല്ലാത്ത വാർഡുകളിൽ ഓരോ ബാലവാടിയും ഉടൻ അനിവദിച്ചു കിട്ടേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് നിന്നും പഞ്ചു കുട്ടികളെ ദൂരെ ദിക്കുകളിലുള്ള ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്ക്കൂളുകളിലേയ്ക്ക് അയയ്ക്കുന്ന പ്രവണതയ്ക്ക് വിരാമം ഇടാൻ സാധിച്ചേയ്ക്കും.

പഞ്ചായത്തിനുള്ളിൽ പ്രവർത്തിയ്ക്കുന്ന ഏഴ് സ്ക്കൂളുകളുടേയും ഭൗതിക സൗകര്യങ്ങളെകുറിച്ചുള്ള വിവരണം പട്ടിക 6 ലും അക്കാദമിക് നിലവാരത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 7 ലും വിദ്യാർത്ഥികൾക്ക് ലഭിച്ചു കൊണ്ടിരിയ്ക്കുന്ന സ്കോളർഷിപ്പുകളെ സംബന്ധിയ്ക്കുന്ന കാര്യങ്ങൾ പട്ടിക 8ലും ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ ഏഴു സ്ക്കൂളുകളിലായി ജോലി ചെയ്യുന്ന 106 അദ്ധ്യാപകരിൽ 15% മാത്രമേ തദ്ദേശീയരായിട്ടുള്ളൂ. ബാക്കിയുള്ളവർ കേരളത്തിൻെറ പല ഭാഗങ്ങളിൽ നിന്നും ഉള്ളവരാണ്. പഞ്ചായത്തിന് വെളിയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർ 200-ൽ അധികം പേരുണ്ട്. വിവിധ കോളേജ്കളിലും, യൂണവേഴ്സിറ്റിയിലും അദ്ധ്യാപകരായി ജോലി ചെയ്യുന്നത് പത്തോളം പേരുണ്ട്. സർക്കാർ ജീവനക്കാർ ഏകദേശം 400 പേരുണ്ട്.

കേരളാ സർവ്വകലാശാലയുടെ സാമീപ്യം വിദ്യാഭ്യാസപരമായ ഉണർവ് സൃഷ്ടിയ്ക്കുന്നതിതൽ ഈ പ്രദേശത്ത് കാര്യമായ പങ്ക് വഹിച്ചതായി കാണുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും തതലസ്ഥാന നഗരിയിലെ യൂണിവേഴ്സിറ്റിയിൽ എത്തുന്ന പഞ്ചായത്തിലെ ആളുകളുടെ എണ്ണം അംഗുലീ പരിമിതമാണ്. ബി.എഡ് കോഴ്സിനും, റ്റി.റ്റി.സി കോഴ്സിനും മിടുക്കൻമാരായ വിദ്യാർത്ഥികൾ പോലും തത്പരരായി കാണുന്നു. സാക്ഷരതാ പരിപാടി നിലനിറുത്തിപോരാത്തത് കാരണം നവസാക്ഷരർ ക്രമേണ നിരക്ഷരരായി മാറുന്നു. എന്നതാണ് ദുഃഖസത്യം. പഞ്ചായത്തിതൽ മൊത്തം 20% നിരക്ഷരരുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ് എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഇത്തരം സ്ക്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടു പോകുന്നു. പല സ്ക്കൂളുകളിലും പി.റ്റി.എ. ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെൻറുകൾ ആശാവഹങ്ങളാണ്. പി.റ്റി.എ.കളുടെ പ്രവർത്തനം എല്ലാ സ്ക്കൂളുകളിലും മെച്ചപ്പെട്ടതാണെന്ന് പറയുവാൻ നിർവ്വാഹമില്ല. അതിനും മതിയായ കാരണമുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കൾ ആയതിനാൽ സാമ്പത്തിക വിനിയോഗം നടത്തിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ അവർക്ക് സാധിയ്ക്കുന്നില്ല.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടേയും, ഗ്രാമസഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ്വന്ന നിഗമനങ്ങളുടേയും, നിർദ്ദേശങ്ങളുടേയും

## പട്ടിക-6
## സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | K.V.H.S അയിര | 1043 | 40 | 4 | 2 | ഉണ്ട് | ഉണ്ട് |
| 2. | U.P.S കാരോട് | 145 | 8 | 3 | ഇല്ല | ഇല്ല | ഇല്ല |
| 3. | St. Joseph U.P.S പൊട്ടയിൽ കട | 508 | 17 | 3 | 1 | ഉണ്ട് | ഇല്ല |
| 4. | H.M.L.P.S കാരോട് | 237 | 8 | 3 | ഇല്ല | ഇല്ല | ഇല്ല |
| 5. | L.P.G.S എറിച്ചല്ലൂർ | 237 | 8 | 3 | ഇല്ല | ഉണ്ട് | ഇല്ല |
| 6. | L.M.S. L.P.S അമ്പിലിക്കോണം | 239 | 8 | 2 | 1 | ഉണ്ട് | ഇല്ല |
| 7. | R.C.L.P.S ഉച്ചക്കട | 863 | 20 | 2 | 4 | ഉണ്ട് | ഉണ്ട്. |

## പട്ടിക-7
## സ്കൂളുകളുടെ അക്കാഡമിക് നിലവാരം

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബൊറട്ടറി | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സ്ലൈഡ് പ്രൊജക്ടർ | സിനിമാ പ്രൊജക്ടർ | സ്റ്റോക്ക്ബോർഡ്സ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് P.T.A പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഉള്ളത് 7 | 0 | 6 | 5 | 7 | 2 | 1 | 0 | 1 | 0 | 61 | 7 | 0 |
| ഇല്ലാത്തത് 0 | 0 | 1 | 1 | 0 | 5 | 6 | 7 | 6 | 7 | 0 | 0 | 0 |

## പട്ടിക-8
## സ്കോളർഷിപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | Merit Scholorship | ലംസം ഗ്രാന്റ് | മുസ്ലീംപെൺകുട്ടികളുടെ Scholorship | വികലാംഗ Scholorship | ജവാൻമാർക്കുള്ളവിദ്യാഭ്യാസ ആനുകൂല്യം | ബീഡി തൊഴിലാളി Scholorship | മത്സ്യ തൊഴിലാളി Scholorship | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | K.V.H.S അയിര | 27 | 160 | - | 15 | - | - | - | - |
| 2. | U.P.S കാരോട് | - | 7 | 4 | 4 | - | - | - | |
| 3. | St. Joseph U.P.S പൊട്ടയിൽകട | 2 | 40 | 3 | 2 | 4 | - | - | - |
| 4. | R.C.L.P.S ഉച്ചക്കട | - | 64 | - | 3 | 8 | - | 61 | - |
| 5. | L.M.S. L.P.S അമ്പിലിക്കോണം | - | 14 | - | 1 | - | - | - | - |
| 6. | L.P.G.S എറിച്ചല്ലൂർ | - | 28 | - | - | - | - | - | - |
| 7. | H.M.L.P.S കാരോട് | - | 13 | - | - | - | - | - | - |

അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിയ്ക്കുന്നത്. പതിനൊന്ന് ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ചയ്ക്ക് വിഷയീഭവിച്ചു. പ്രഗത്ഭരരായ പഞ്ചായത്തിലെ അദ്ധ്യാപകരുടേയും, വിദ്യാഭ്യാസ വിചക്ഷകരേയും പറ്റി പ്രത്യേകം സംസാരിച്ചു. അവരിൽ സർവ്വശ്രീ. കൊച്ചുമ്മിണിപിള്ള, കാക്കവിളമുത്തുസ്വാമി, പി. സദാശിവൻതമ്പി, എസ്. കൃഷ്ണൻനായർ, കൃഷ്ണപിള്ള, വൈ. ഡേവിഡ്, അപ്പിഭാഗവതർ, ചെല്ലപ്പൻ ഭാഗവതർ, മല്ലൻസാർ, ഭാഗ്യനാഥൻ, ശേശയ്യൻ, ദാനിയേൽ, ദാസൻ, കനകരാജ്, സഹായം, വാമനൻ തുടങ്ങിയവരുടെ നിസ്തുലമായ സേവനം പ്രത്യേകം പ്രശംസയ്ക്ക് പാത്രീഭവിച്ചു. അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ, സാഹചര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകളും വിലയിരുത്തലുകളും നടത്തുന്നു.

അക്കാദമിക് നിലവാരത്തകർച്ച സമരം കൊണ്ടും മറ്റും ഉണ്ടാകുന്ന അദ്ധ്യയന നഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിൽ ഉണ്ടാകുന്ന കാലതാമസം, അദ്ധ്യാപക-രക്ഷകർതൃസമിതി, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, ഉച്ചക്കഞ്ഞി, പുതിയ സ്ക്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ അപ്ഗ്രഡേഷൻ, അദ്ധ്യാപകരുടെ പരിശീലനം, കൂട്ടക്ലാസ്കയറ്റം, ഡി.പി.ഇ.പി., ഡി.ഐ.ഇ.റ്റി തുടങ്ങിയവയുടെ സേവനലഭ്യത മാസാന്ത പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതരപ്രവർത്തനങ്ങൾ എന്നീ ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ശോച്യാവസ്ഥ വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക 6ഉം, 7ഉം, 8ഉം നോക്കിയാൽ മനസ്സിലാകും.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത അതീവ പ്രാധാന്യമർഹിയ്ക്കുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും, ട്യൂഷൻ ക്ലാസ്സുകളേയും ആശ്രയിയ്ക്കുന്നതായി കാണുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മുഖ്യലക്ഷ്യമായിരിക്കട്ടെ. എല്ലാപേർക്കും വിദ്യാഭ്യാസം എന്ന മഹത് വചനം പ്രാവർത്തികമാകട്ടെ.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേയ്ക്ക് വേണ്ട പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ തെക്കൻ ഭാഗത്ത് കുന്നിയോട്, പുതുശ്ശേരി, പഴയ ഉച്ചക്കട, കുഴിഞ്ഞാൻവിള എന്നീ വാർഡുകളുടെ അതിർത്തിയ്ക്കുള്ളിൽ ഒരു ഹയർ സെക്കൻററി സ്ക്കൂൾ സ്ഥാപിയ്ക്കുക.
2. കെ.വി.എച്ച്.എസ്. അയിരയെ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളാക്കി ഉയർത്തുക.
3. എൽ.പി.ജി.എസ്. എറിച്ചെല്ലൂർ, ആർ.സി. എൽ.പി.എസ്. ഉച്ചക്കട എൽ.എം.എസ്. എൽ.പി.എസ്. അമ്പിലിക്കോണം, എച്ച്.എം. എൽ.പി.എസ്. കോരോട് എന്നീ സ്ക്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്. ആക്കുക.
4. കാരോട് യു.പി.സ്, സെൻറ് ജോസഫ് യു.പി.എസ്. പൊറ്റയിൽക്കട എന്നിവ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂൾ ആക്കുക.
5. എല്ലാ വാർഡുകളിലും അംഗൻവാടികളും, ബാലവാടികളും സ്ഥാപിയ്ക്കുക, നിലവിലുള്ള ഫീഡിംഗ് സെൻററുകളെ അംഗവൻവാടികളാക്കുക.
6. എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി നൽകുന്നതിനുവേണ്ട നടപടി സ്വീകരിയ്ക്കുക. അവധി ദിവസങ്ങളിലും ഉച്ചക്കഞ്ഞി വിതരണം ചെയ്യുക.
7. കാരോട്, വെൺകുളം. കാന്തല്ലൂർ, വടക്കേ പുതുവീട്, വാർഡുകൾക്കുള്ളിലായി ഒരു ഐ.റ്റി.ഐ. സ്ഥാപിയ്ക്കു.
8. പഞ്ചായത്തിലെ നഴ്സറി സ്ക്കൂളിൽ ദിവസക്കൂലിയ്ക്ക് നിയമിച്ചിട്ടുള്ള അദ്ധ്യാപികയെ പാർടൈം അദ്ധ്യാപികയാക്കി റഗുലറൈസ് ചെയ്യുക.
9. നേഴ്സറി സ്ക്കൂൾ നിലവിലില്ലാത്ത വാർഡുകളിൽ നേഴ്സറി സ്ക്കൂൾ ആരംഭിയ്ക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിയ്ക്കുക.

10. ചുറ്റുമതിൽ ഇല്ലാത്ത സ്ക്കൂളികളിൽ പി.റ്റി.എ. മുൻകൈ എടുത്ത് ചുറ്റുമതിൽ നിർമ്മിയ്ക്കുക.

11. പഞ്ചായത്തിൽ സാക്ഷരത-തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക. സാക്ഷരതാ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഒരു ജനവിദ്യാകേന്ദ്രം കുന്നിയോട് പഴയവായനശാന കെട്ടിടത്തിൽ ആരംഭിയ്ക്കുക.

12. നിലവിലുള്ള ശിശുമന്ദരിത്തിന് ചുറ്റുമതിൽ നിർമ്മിയ്ക്കുകയും, വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചറും, ഉച്ചഭക്ഷണവും, കളിപ്പാട്ടങ്ങളും, പഠനോപകരണങ്ങളും നൽകുവാൻ വേണ്ട നടപടി സ്വീകരിയ്ക്കുക.

13. കാരോട് കുളത്തൂർ പഞ്ചായത്ത് ഉൾപ്പെടുത്തി ഒരു ആർട്ട്സ് കോളേജ് സ്ഥാപിയ്ക്കുക.

14. സ്ക്കൂളുകളിൽ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിയ്ക്കുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും ചെയ്യുക.

15. കലാകായിക മത്സരങ്ങളിൽ സബ്ജില്ലാതലത്തിലെങ്കിലും മികവ് തെളിയിയ്ക്കുന്ന വർക്കം സാമ്പത്തിക സഹായവും, ഉപരിപഠനത്തിനുള്ള സൗകര്യവും ചെയ്തു കൊടുക്കുക.

16. പാഠ്യപദ്ധതിയിൽ പ്രകൃതി ജീവനും, യോഗകൃഷി, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തുക.

17. രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന ക്രമത്തിലെങ്കിലും ലൈബ്രറിയും, വായനശാലയും സ്ഥാപിയ്ക്കുക.

18. പഞ്ചായത്ത് സ്റ്റേഡിയം പുനർനിർമ്മാണം ചെയ്യുക.

19. നാടാർ-മുസ്ലീം ഗേൾസ് സ്ക്കോളർഷിപ്പ് ലംസംഗ്രാന്റ്, മേരിറ്റോറിയസ് സ്ക്കോളർഷിപ്പ്, വികലാംഗ സ്ക്കോളർഷിപ്പ്, എതൽ.എസ്.എസ്., യു.എസ്.എസ്. സ്ക്കോളർഷിപ്പ്, നാഷണൽ സ്ക്കോളർഷിപ്പ് മുതലായവ യോഗ്യരായ കുട്ടികൾക്ക് യഥാസമയം കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിയ്ക്കുക.

20. എറിച്ചെല്ലൂർ എൽ.പി.ജി.എസ്. നോടനുബന്ധിച്ച് ഒരു കംപ്യൂട്ടർ പഠനകേന്ദ്രം സ്ഥാപിയ്ക്കുക.

21. പൊറ്റയിൽകട സെൻറ്ജോസഫ് യു.പി. സ്ക്കൂളിൽ നടക്കുന്ന ചെയിൻ സർവ്വേ കോഴ്സ് വിപുലീകരിയ്ക്കുകയും, അതിനോടനുബന്ധിച്ച് ഒരു കംപ്യൂട്ടർ പഠന കേന്ദ്രം സ്ഥാപിയ്ക്കുകയും ചെയ്യുക.

22. കുഴിഞ്ഞാംവിള വാർഡിൽ നെല്ലിയ്ക്കാംവിള ഭാഗത്ത് ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിക്കുക.

**നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജനങ്ങലുടെ വിശ്വാസം ആർജ്ജിക്കണമെങ്കിൽ പാഠ്യപദ്ധതി, അദ്ധ്യാപകൻ, സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ, സമൂഹം എന്നീ ഘടങ്ങളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ബോധപൂർവ്വം ഇടപെടണം**

***"പഠനം പാൽപായസം***

***അദ്ധ്യാപനം അതിമധുരം"***

# 5-V

# കുടിവെള്ളവും പൊതുജനാരോഗ്യവും

കാരോട് പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സ് കിണറുകളാണ്. 5661-ഓളം വീടുകളിൽ 4500ൽ പരം വീടുകളിൽ സ്വന്തമായി കിണറുണ്ട്. പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും പാറാശ്ശാല ബ്ളോക്കിൽനിന്നും അനുവദിച്ച കിണറുകളുണ്ട്. ഇവയിൽ പലതും വേനൽക്കാലമാകുമ്പോൾ ജലം വറ്റിപോകുന്ന സ്വഭാവം ഉള്ളവയാണ്. ഏതാനും ചില കിണറുകൾ ജലം കിട്ടാതെ കിണറിന്റെ ഉൾഭാഗം മണ്ണിടിഞ്ഞ് ജലം ഇല്ലാതെ ഉപയോഗശൂന്യമായിരിക്കുകയാണ്. ഈപഞ്ചായത്തിലെ നാലാം വാർഡിലും ഉച്ചക്കട സ്ഥാപിച്ചിരിക്കുന്ന പി.എച്ച്.ഇ.ഡി യിലെ വാട്ടർ ടാങ്കിലും ഉള്ള ജലം എത്തിക്കാൻ കഴിയും. എങ്കിലും അത് പൂർണ്ണമായി ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.

ഈ പഞ്ചായത്തിൽ ജലക്ഷാമം ഏറ്റവും അധികം അനുഭവപ്പെടുന്നത്. എട്ട്, ഒൻപത്, പത്ത്, പതിനൊന്ന് എന്നീ വാർഡുകളിലാണ്. ഇതിൽ കല്ലാറപ്പൊറ്റ, എണ്ണവിള, പരുത്തിവിള, വെട്ടുവിള ഈ ഭാഗത്ത് കിണർ കുഴിച്ചാലും ജലം ലഭ്യതക്കുറവാണ്. പുതുശ്ശേരി വാർഡിലെ കടലുകുളം ചെളികോരി മാറ്റി നാലുകരകളും കരിങ്കല്ലുകൊണ്ട് വെള്ളം സംഭരിക്കുകയും പഞ്ചായത്ത് ഭൂമിയിലെ ചെന്നിയോട്ടിൽ ഒരു വാട്ടർടാങ്ക് കെട്ടിയാൽ ഈ വാർഡ് മുഴുവനും മറ്റുള്ള രണ്ട് മൂന്ന് വാർഡുകളിൽ കൂടെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയും. ഉച്ചക്കടയിൽനിന്നും ആരംഭിക്കുന്ന ജല വിതരണ പദ്ധതി പുല്ലുവെറ്റി വരെ എത്തിയിട്ടുണ്ട്. അത് തുടർന്ന് അടുത്തുള്ള മേഖലകളിൽ കൂടി വ്യാപിപ്പിച്ചാൽ ഇന്നുള്ള ജലക്ഷാമത്തിൽ അല്പം ആശ്വാസം കണ്ടെത്താൻ കഴിയും. വെൺകുളത്തിൽനിന്നും ജലം പമ്പ് ചെയ്ത് പഴയഉച്ചക്കട കേന്ദ്രമാക്കി ഹൈലവൽ വാട്ടർടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കുക. ചാണിക്കുഴി ഊറ്റിലെ ജലം മലിനമാക്കാതെ ഇന്നുള്ള സംവിധാനങ്ങളിൽ മാറ്റം വരുത്തിയാൽ ആവശ്യമായ ജലലഭ്യത ഉണ്ടാകും

നാലാം വാർഡിലെ പുല്ലുവിള ലക്ഷംവീട് കോളനിയിലും ഹരിജൻകോളനിയിലും കുടിവെള്ളത്തിനായി വളരെ ദൂരെ പോയി ശേഖരിക്കുന്ന അനുഭവമാണുള്ളത്, അവിടെ ബ്ളോക്കിൽനിന്നും നിർമ്മിച്ചിരിക്കുന്ന കിണർ ജലം ഇല്ലാതെ ഉപയോഗശൂന്യമാണ്. ഈ ഭാഗത്ത് ജലം

ലഭിക്കാൻ പാറാശ്ശാല പഞ്ചായത്തിൽ നിന്നും കുഴിഞ്ഞാംവിള വരെ വന്നു നില്ക്കുന്ന പൈപ്പ് ലൈൻ ഈ കോളനിയിലെയ്ക്കു നീട്ടികൊടുക്കുവാൻ പഞ്ചായത്ത് ശ്രമിച്ചാൽ 65% ജലദൗർലഭ്യത പരിഹരിക്കാം.

ഈ പഞ്ചായത്തിൽ കടന്നു പോകുന്ന നെയ്യാർ ഇറിഗേഷൻ ചാനൽ നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത്, പത്ത് എന്നീ വാർഡുകളിൽ കൂടെ കടന്നുപോകുന്നുണ്ട്. അതുപോലെ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഒരു പ്രധാന തോടാണ്. അയിര-വള്ളമുട്ടം മുതൽ കടകുളം വഴി കടന്നു പോകുന്നത്. ഇവ രണ്ടും ശാസ്ത്രീയമായി ഉപയോഗപ്രദമാക്കിയാൽ, കുടിക്കുന്നതിനും, കുളിക്കുന്നതിനും, ആടുമാടുകളെ കഴുകുന്നതിനും അങ്ങനെ ആരോഗ്യം നിലനിറുത്തുന്നതിനും തൻമൂലം പ്രകൃതി സന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും കഴിയും.

## ശുദ്ധജലസ്രോതസ്സുകൾ

### പട്ടിക-1
### കിണറുകളെ സംബന്ധിച്ച വിവരങ്ങൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ | PHEDമുഖേന വെള്ളമെത്തും ടാപ്പുകൾ |
|---|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | | |
| 9 | 11 | 3903 | 424 | 27 | 4554 | 73 |

### പട്ടിക-2
### കുടിവെള്ളം പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 1. | മാറാടി പ്രദേശത്ത്കൂടി വെള്ള പ്രശ്നം പരിഹരിക്കുക | അയിര, ചെങ്കവിള പി.എച്ച്.ഇ.ഡി വാട്ടർടാങ്കിൻെറ നിലവിലുള്ള കപ്പാസിറ്റി വർദ്ധിപ്പിച്ച് നിലവിലുള്ള സ്ലോസ്വൗവ്വർ കുറഞ്ഞ മോട്ടോർ മാറ്റി സ്ഥാപിച്ചും മാറാടി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം |
| 2. | ഈ വാർഡിലെ കുടിവെള്ളക്ഷാമം പ്രധാനമായി കാണുന്നത് പൊറ്റയിൽ കടയും പരിസരവും | പൂഴിക്കുന്ന് ജലസംഭരണിയിൽനിന്നും അയിര ചെങ്കവിള ജലസംഭരണിയിൽ നിന്നും ലഭിക്കുന്ന ശുദ്ധസംഭരണിയിൽ നിന്നും ലഭിക്കുന്ന ശുദ്ധജലത്തിൻെറ നിലവിലുള്ള വിതരണ സംവിധാനങ്ങൾ മാറ്റം വരുത്തുക. |
| 3. | വടൂർകോണം ഭാഗത്ത് ഉള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ | നിലവിലുള്ള ബ്ലോക്കിൽനിന്നും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള കിണറുകൾ ആഴത്തിൽകുഴിച്ചും ചെങ്കവിള വാട്ടർടാങ്കിൽനിന്നും ലഭിക്കുന്ന വെള്ളത്തിൻെറ അളവ് വർദ്ധിപ്പിച്ചും ഒരു പ്രദേശത്തിലെ നീരുറവകൾ വിപുലീകരിച്ചും പരിഹരിക്കാം. |
| 4. | പുല്ലുവിള ഹരിജൻകോളനി ഭാഗത്താണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത് | നിലവിലുള്ള ബ്ലോക്കിൽനിന്നും അനുവദിച്ചിരുന്ന രണ്ടികിണറുകളുടെ ആഴം വർദ്ധിപ്പിച്ചും അറ്റകുറ്റപണികൾനടത്തിയും കുഴിഞ്ഞാവിളവരെ പന്തലിച്ചുനിൽക്കുന്ന പാറശ്ശാല ജലസംഭരണിയിലെ പൈപ്പ്ലൈൻ കോളനിഭാഗത്തേയ്ക്ക് കൊണ്ടുവന്ന് |

| | | |
|---|---|---|
| | | കുടിവെള്ളക്ഷാമം പരിഹരിക്കാം. വാഴാങ്ങൽ നീരുറവ ആഴത്തിൽവച്ച് പുല്ലുവിള ഭാഗത്ത് വാട്ടർടാങ്ക് കെട്ടിയും കുടിവെള്ളക്ഷാമം പരിഹരിക്കാം. |
| 5. | ഈ വാർഡിലെ പാറശ്ശേരി, ചെറുകുഴിക്കര എന്നീഭാഗത്താണ് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഒറ്റപ്ളാവിള മുതൽ പനങ്കോട്ടുകുളം വരെയുള്ള ടാപ്പുകളിൽ വെള്ളം എത്തിക്കുക. | നിലവിലുള്ള ബ്ലോക്ക് പഞ്ചായത്ത് നിന്ന് ലഭിച്ചിട്ടുള്ള കിണറുകളുടെ ജല ലഭ്യത വർദ്ധിപ്പിക്കുക. അയിര വാട്ടർ ടാങ്കിൻെറ നിലവിലുള ജലസംഭരണം വർദ്ധിപ്പിച്ച് ഈ ഭാഗത്തെ ഇ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. |
| 6. | ഈ വാർഡിലെ കുടിവെള്ളക്ഷാമം മറ്റു വാർഡുകളെ അപേക്ഷിച്ച് രൂക്ഷമാണ് | വെൺകുളത്തിൽ നിന്നും വാട്ടർ സപ്ലൈസ്കീം പ്രകാരം ജലം പമ്പ് ചെയ്ത് പഴയ ഉച്ചക്കട കേന്ദ്രമായി ഹൈലെവൽ വാട്ടർ ടാങ്ക് നിർമ്മിച്ച് 7 ഉം 9 ഉം വാർഡുകളിൽ കൂടി ശുദ്ധജലം എത്തിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം. |
| 7. | ഈ വാർഡിൽ ബ്ളോക്കിൽ നിന്നും അനുവദിച്ചിട്ടുള്ള കിണറുകളും സ്വകാര്യകിണറുകളും ആണ്. പ്രധാനമായി ഉപയോഗിക്കുന്നത്. വാർഡിൻെറ കുറച്ചുഭാഗം ചെങ്കവിള വാട്ടർടാങ്കിൽനിന്നും ഉള്ള ജലം ലഭ്യമാണ് | ഇടക്കുളത്തിൽ നിന്നും ഉണ്ടാകുന്ന നീരുറവയിൽ നിന്നും ജലം പമ്പ് ചെയ്ത് ചെവ്വരപ്പൊറ്റ ഭാഗത്തേയ്ക്ക് ടാങ്കിലേയ്ക്ക് എത്തിച്ച് ജലം ലഭ്യത ഇല്ലാത്ത ഭാഗത്തേയ്ക്ക് എത്തിയ്ക്കാം. കാരോട് കൃഷിഭവൻ മുതൽ കാരോട് വായനശാല വരെ ഉള്ള ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ വെള്ളമില്ല. വെള്ളമെത്തിക്കുവാനുള്ള സൗകര്യം ചെയ്യുക. കാരോട് ദശലക്ഷം ഹൗസിംഗ് കോളനിയിൽ കുടിവെള്ളമെത്തിക്കുക. |
| 8. | കുഴിഞ്ഞാംവിള, കുറുമ്പന, താഴവിള പിൻകുളം, മഞ്ഞാംവിള, അമ്പനാവിള എണ്ണവിള, വെട്ടുവിള, അമുത്തുരുത്തി ഈ ഭാഗത്തെ രൂക്ഷമായ ജലക്ഷാമം ഉണ്ട്. | വെൺകുളം വാട്ടർ സപ്ലൈ സ്കീം പ്രകാരവും, അവുന്തുരുത്തി കുളത്തിനടുത്തുള്ള നീരുറവയിൽ നിന്നും ലഭിക്കുന്ന ശുദ്ധജലം കൊണ്ട് മേൽ പറഞ്ഞ ഭാഗങ്ങളിൽ ജല ക്ഷാമം പരിഹരിക്കാം. |
| 9. | പുതുശ്ശേരി, പഴയ ഉച്ചക്കട, ഉച്ചക്കട പുല്ലുവെറ്റി ഈ ഭാഗത്ത് ആണ് രൂക്ഷമായ ജലക്ഷാമം ഉള്ളത് | കടലുക്കുളം ഭാഗത്ത് ചെന്തിയോട് കിഴക്കേക്കര പഞ്ചായത്ത് ഭൂമിയിലെ ഊറ്റുകുഴിയിൽ നിന്നും 14 സെൻറ് പുറംപോക്കുള്ള ഊറ്റുകുഴിയിൽ നിന്നും വിപുലമായ ജലം സംഭരിച്ച് ആ ഭാഗത്തെ ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് ആവശ്യമായ ജലം മേൽ പറഞ്ഞ സ്ഥലങ്ങളിൽ സുഖമായി എത്തിക്കുവാൻ കഴിയും. |

# പൊതുജനാരോഗ്യം

ഈ പഞ്ചായത്തിലെ പ്രധാന ആരോഗ്യ സ്ഥാപനമാണ് പി എച്ച് സി കുഴിഞ്ഞാംവിള. ഇത് കൂടാതെ പ്രവർത്തിക്കുന്ന സബ്സെൻററുകളുമാണ്. വടുവൂർകോണം, അയിര, ചെങ്കവിള, പേച്ചന്ത എന്നീ ഭാഗത്ത് പ്രവർത്തിക്കുന്നത്. ഇവിടെ പ്രവർത്തിക്കുന്ന മൊത്തം ജീവനക്കാർ 18 എണ്ണം ആണ്. ഒരു ഡോക്ടറും, കുഷ്ഠരോഗ നിവാരണത്തിനായി മൂന്ന് പേരും ഉണ്ട്. ജീവനക്കാരുടെ എണ്ണം പഞ്ചായത്തിൻെറ ജനസംഖ്യാനുപാതത്തിൽ കുറവാണ്. മറ്റു ആധുനികപരമായ വൈദ്യ പരിശോധനയ്ക്കും ചികിത്സാ രീതികളും വളരെ പരിമിതമാണ്. കൊതുക് നിവാരണത്തിനും കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും ജീവനക്കാർ വളരെ കുറവാണ്. കാരോട് പി എച്ച് സി ഈ പഞ്ചായത്തിൻെറ ഒരു മൂലയ്ക്ക് സ്ഥാപിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ പ്രധാന ആയൂർവേദ ആശുപത്രിയാണ് എറിച്ചല്ലൂരിൽ പ്രവർത്തിക്കുന്നത്. ഇവിടേയ്ക്ക് യാത്രാ സൗകര്യം ഇല്ലാത്തതിനാലും ഈ വാർഡിലെ എല്ലാ ജനങ്ങൾക്കും പ്രയോജനം ലഭിക്കാത്തത് ഒരു ദുഃഖ സത്യമാണ്. അവിടെ ഒരു മെഡിക്കൽ ആഫീസർ സഹിതം

**പട്ടിക-1**

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പി.എച്ച്സി. | VIII | 1996 | 5 |
| | | | | Part-time |
| 2 | FWCഅയിര, ചെങ്കവിള | III, IV | | |
| | പഴയഉച്ചക്കട, കല്ലിയിൽ | IX,XI | 1982 | 6 |
| 3 | ആയൂർവ്വേദം | I | 1962 | 3 |

നാലു ജീവനക്കാർ പ്രവർത്തിക്കുന്നു.

സ്വകാര്യമായി പ്രവർത്തിക്കുന്ന ഉച്ചക്കടയിലെ ആശുപത്രി, ചെങ്കവിളയിലെ ഡിസ്പെൻസറി, നരിക്കുഴി ഭാഗത്തെ സ്വകാര്യ ആശുപത്രി, കടകുളം ഡിസ്പെൻസറി ഇവകളെല്ലാം ഈ പഞ്ചായത്തിലെ 35% വരുന്ന ജനങ്ങൾക്ക് പ്രയോജനം ഉള്ളതാണ്. പാരമ്പര്യ ചികിത്സാ മുറ പ്രകാരമുള്ള ആയൂർവേദ, നാട്ടു ചികിത്സാമുറകളും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. യുനാനി ചികിത്സാ മുറകളും വിഷ ചികിത്സാ മുറകളും ഈ പഞ്ചായത്തിൽ ഒട്ടും കുറവല്ല.

## നിർദ്ദേശങ്ങൾ

1. ഭക്ഷണപാനീയങ്ങൾ പാകം ചെയ്ത് വിൽക്കുന്ന ഹോട്ടലുകൾക്കും, കടകൾക്കും തൊഴിൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് പൊതുജനാരോഗ്യ വകുപ്പിന്റെ ഒബ്ജഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷം നല്കുന്നത് പകർച്ചവ്യാധികൾ സമൂഹത്തിൽ നിന്നും പടർന്നു പിടിക്കാതിരിക്കുവാൻ ഏറെക്കുറെ സഹായകമായിരിക്കും. നിർബന്ധമായും ഒബ്ജഷൻ സർട്ടിഫിക്കറ്റ് വാങ്ങി ലൈസൻസ് നല്കുന്നത് പ്രയോജനപ്പെടും.

2. കശാപ്പുശാലകൾ അറവുശാലകൾ ഈ പഞ്ചായത്തിലെ നിയമ വിരുദ്ധമായി നടത്തുന്നുണ്ട്. ലൈസൻസ് പോലും ലഭിക്കാത്ത പല ആളുകളും ഈ തൊഴിൽ നടത്തുന്നുണ്ട്. കശാപ്പു ചെയ്തതിനു ശേഷമുള്ള അവശിഷ്ടങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ അലക്ഷ്യമായി നിക്ഷേപിച്ച് പ്രസ്തുത തൊഴിൽ ചെയ്തു വരുന്ന ആളികൾ ധാരാളമുണ്ട്. ഇത് പൊതുജനാരോഗ്യത്തിന് ഹാനികരമാണ്.

3. രോഗം പിടിപെട്ട ആടുമാടുകളെ വിദഗ്ദ്ധ മൃഗഡോക്ടർമാരുടെ പരിശോധന ലഭിക്കാതെ കശാപ്പ് ചെയ്യുകയും വില്പന ചെയ്യുകയും ചെയ്യുന്നതിനാൽ പല പകർച്ച വ്യാധികളും പടർന്നു പിടിക്കാൻ ഇടയാകുന്നു.

4. പൊതു ശ്മശാനങ്ങൾ, പൊതു മലമൂത്ര വിസർജ്ജന സൗകര്യങ്ങൾ ഈ പഞ്ചായത്തിലെ ഹരിജൻ കോളനികളിലും, ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലും നടപ്പിൽ വരുത്തേണ്ടത് അത്യാവശ്യമാണ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വയറിളക്കം, ഛർദ്ദിൽ ഇവകൾ ഒഴിവാക്കുന്നതിന് ഈ പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേഷൻ നടത്തേണ്ടതാണ്.

5. കൊതുക്മൂലം ഉണ്ടാകുന്ന പല രോഗങ്ങളും തടഞ്ഞു നിറുത്തുന്നതിന് കൊതുക് നിവാരണ സാമഗ്രികളും ജീവനക്കാരും ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്.

6. കുഷ്ഠരോഗം, ക്ഷയം, എയ്ഡ്സ്, ക്യാൻസർ ഇതുമൂലമുള്ള മാരക രോഗങ്ങളെ ഈ പഞ്ചായത്തിൽ നിന്നും നിവാരണം ചെയ്യുന്നതിലേയ്ക്ക് ഉന്നത ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ദ്ധൻമാരെ ഈ പഞ്ചായത്തിൽ നിയമിക്കുകയും, പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സിനിമാ പ്രദർശനങ്ങൾ നടത്തുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.

7. ഈ പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായി അർഹമായത്ര എണ്ണം സബ്സെന്ററുകളും ആരോഗ്യ കേന്ദ്രങ്ങളും ജീവനക്കാരും നടപ്പിൽ വരുത്തണം.

8. സ്ക്കൂൾ ആരോഗ്യ പരിപാടികൾ ഒട്ടും കാര്യക്ഷമമല്ലാതെയാണ് ഈ പഞ്ചായത്തിൽ നടക്കുന്നത്.

9. ഈ പഞ്ചായത്തിലെ ജലസംഭരണികളായ ചെങ്കവിളയും, ഉച്ചക്കടയും കാലാകാലങ്ങളിൽ കഴുകി ശുദ്ധീകരിക്കാത്ത കാരണങ്ങളാൽ ജലം ഭാഗികമായും മലിനീകരണപ്പെട്ടിരിക്കുന്നു.

10. ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടെ ഒഴുകി പോകുന്ന ചാനൽ, തോടുകൾ, ഇരുകരകളും ശുചീകരിക്കാത്ത കാരണങ്ങളാൽ ജലം മലിനമാകാറുണ്ട്. മാരകമായ കീടനാശിനികളുടെ ഉപയോഗവും അതിന്റെ ഭവിഷ്യത്തുകളും പാവപ്പെട്ട കർഷർക്ക് ബോധ്യമാക്കി കൊടുക്കുവാൻ ഈ പഞ്ചായത്തിലെ കൃഷിഭവനുകൾ മുതിരാത്ത കാരണത്താൽ പലരോഗങ്ങളും കർഷകർക്ക് പടർന്നുപിടിക്കുന്നുണ്ട്. ഇത് പരിഹരിക്കുവാൻ കൃഷിയെക്കുറിക്കുന്ന അത്യാധുനികവിവരങ്ങൾ, സിനിമാ പ്രദർശനങ്ങളിലൂടെയും വാർഡ്തോറുമുള്ള ക്ളാസ്സുകളിലൂടെയും കർഷകരെ ബോധവൽക്കരിക്കാം.

11. കാക്കറവിള ആയുർവേദ ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. കുഴിഞ്ഞാംവിള വാർഡിൽ സ്ഥിതി ചെയ്യുന്ന പി.എച്ച്.സി. പ്രസ്തുത വാർഡിൽ മണ്ണാംവിള എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

12. ഈ പഞ്ചായത്തിൽ അലഞ്ഞുതിരി

ത്തുനടക്കുന്ന പട്ടികളെ അടിയന്തരമായി നശിപ്പിക്കുന്നതിനും തൻമൂലം പേപ്പട്ടി വിശബാധ നിർമ്മാർജ്ജനം നടത്തേണ്ടതും വളരെ അത്യാവശ്യാമാണ്.

13. ഈ പഞ്ചായത്തിൽ നിലവിലുള്ള പാൽ വിതരണം അടിയന്തരമായി വിപുലീകരിച്ചും അത്യുല്പാദനശേഷിയുള്ള കറവ പശുക്കളെ ഗ്രാമീണർക്ക് വിതരണം ചെയ്ത് ആരോഗ്യപരിപാലനം നടത്താവുന്നതാണ്.

14. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് കീടനാശിനികളുടെ ഉപയോഗവും അനാരോഗ്യകരമായ ചികിൽസകളും നിയമം മൂലം നിരോധിക്കേണ്ടതാണ്.

15. ഈ പഞ്ചായത്തിലെ കുളങ്ങളിൽ കുളിക്കടവുകൾ ഉണ്ടാകുകയും, പായലുകൾ മാറ്റി ശുദ്ധീകരിക്കുകയും ചെയ്താൽ ആരോഗ്യപരമായ ഒരന്തരീക്ഷം ഉണ്ടാക്കുവാൻ കഴിയും

16. മാസത്തിൽ ഒരു ദിവസമെങ്കിലും ഈ പഞ്ചായത്തിലെ എല്ലാവീടുകളിലും ആരോഗ്യവിദഗ്ധൻമാർ സന്ദർശിക്കുകയും, രോഗവിവരങ്ങൾ ശേഖരിക്കുകയും, പോഷകമൂല്യങ്ങളുള്ള ആഹാരം ക്രമീകരണങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നല്കി ജനങ്ങളെ ബോധവൽക്കരിക്കണം

17. നമ്മുടെ ചികിൽസാവിധികളിൽ പ്രധാനമായിട്ടുള്ള ചികിൽസകളാണല്ലോ, ആയൂർവേഥം, അലോപതി, ഹോമിയോ ഈ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹോമിയോ ആശുപത്രി വളരെ അത്യാവശ്യമാണ്

18. ചികിൽസാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഹെൽത്ത് കാർഡ് സംവിധാനം നടപ്പിൽ വരുത്തേണ്ടതാണ്.

19. മദ്രാസ് പബ്ളിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ളിക് ഹെൽത്ത് ആക്റ്റ് എന്നീ കാലഹരണപ്പെട്ട ആരോഗ്യനിയമങ്ങൾ പുതുക്കി തദ്ദേശയ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും വ്യാജഡോക്ടർമാരുടെ പ്രവർത്തനവും തടയേണ്ടതാണ്.

20. ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും കൂട്ടിയിണക്കി ശുചിത്വഗ്രാമം, ആരോഗ്യഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ കഴിയും.

| തടസ്സകാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നത് |
| 2. സ്ഥലപരിമിതി കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന മറ്റു സ്ഥലങ്ങളിലും | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ് |
| 3. ആവശ്യകതവേണ്ടത് ബോദ്ധ്യപ്പെടാത്തതിനാൽ | ആരോഗ്യബോധവൽക്കരണ യൂണിറ്റിൻെറ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യപ്രവർത്തകരെ- ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി അയൽ കൂട്ടങ്ങളിൽ ചർച്ചാക്ളാസ്സുകൾ, ഫീൽഡ്പബ്ളിസിറ്റി വിഭാഗത്തിൻെറ പ്രദർശനങ്ങൾ, സ്ളൈഡ് വീഡിയോ എന്നിവ സംഘടിപ്പിക്കുക. |

# പരിസരശുചിത്വം

വർഷക്കാലത്തും വരൾച്ചാക്കാലത്തും പഞ്ചായത്തിന്റെ തീരപ്രദേശത്തും കുഗ്രാമങ്ങളിലും പകർച്ചവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ളോറിനേഷൻ, ഈച്ച നശീകരണ്, കൊതുക് നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും, ചപ്പുചവറുകളും, കമ്പോസിറ്റ് ആക്കിമാറ്റിയാൽ അടുക്കളത്തോട്ടതിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനും വിട്ടിനടുത്തുള്ള മലിനജലം കെട്ടിനില്ക്കുന്നത് തടയുക. കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ചു അവയെ നശിപ്പിക്കുക. വീടുകളിൽ ഡി.ഡി.റ്റി തളിക്കുക എന്നിവ കൊണ്ട് മുൻപറഞ്ഞ രോഗങ്ങളെ തടഞ്ഞുനിറുത്താം.

### ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം |
|---|---|---|
| 1993-94 | 288 | 112 |
| 1994-95 | 80 | 127 |
| 1995-96 | 84 | 180 |

### പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 1200 | 960 | 210 | 38746 |
| 1994-95 | 1700 | 1300 | 113 | 34950 |
| 1995-96 | 1110 | 1050 | 103 | 38790 |

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടു ത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| I | ആയുർവേദ ആശുപത്രി | ഇല്ല | വയറിളക്കം, ചൊറി, പനി, ദന്തരോഗങ്ങൾ | തൃപ്തികരമല്ല. ആവശ്യമുള്ള മരുന്നുകൾ ഇല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. | ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതിയെ കാര്യക്ഷമമാക്കണം |
| II | ഇല്ല | നഴ്സിംഗ് ഹോം പൊൻവിള | വയറിളക്കം, ചൊറി, പനി | ഈ സ്ഥാപനം കൊണ്ട് ഈ വർഡിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണം തൃപ്തികരമാകുന്നില്ല. | ഈ വാർഡിൽ പി.എച്ച്.സി, ഹോമിയോ ആശുപത്രി സ്ഥാപിക്കുക. |
| III | F.W.C | ഇല്ല | വയറിളക്കം | കുട്ടികളുടെ കുത്തിവയ്പ് നടത്തുക. അനാരോഗ്യകരമായ അമ്മാമാരെ ചികിത്സിക്കുക. കൂടുതൽ ജീവനക്കാരെ നിയമിക്കുക. | പുകവലിക്കെതിരായി ബോധവൽക്കരണം നടത്തണം |

| | | | | | |
|---|---|---|---|---|---|
| 4 | ഇല്ല | അലോപ്പതി സ്വകാര്യം-1 ആയുർവേദം സ്വകാര്യം-1 | വയറിളക്കം ചൊറി, പനി ദന്തരോഗങ്ങൾ | സർക്കാർ സ്ഥാപനങ്ങളില്ല | പ്രൈമറി ഹെൽത്ത് സെൻററുകൾ സ്ഥാപിക്കുക. കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ ഇടുക. ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുക |
| 5 | ഇല്ല | നരിക്കുഴി-1 അലോപ്പതി | വയറിളക്കം വാതം,പനി ചുമ | രോഗികൾക്ക് അത്യാവശ്യത്തിനുള്ള ചികിത്സാ സൗകര്യം ഇല്ല | പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ആരോഗ്യ ക്ലബ്ബുകൾ സംഘടിപ്പിക്കണം. ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക. |
| 6 | ഇല്ല | ഇല്ല | പനി, ചുമ, വയറിളക്കം | അത്യാവശ്യത്തിനു വേണ്ട ചികിത്സാ സൗകര്യം ഇല്ല | ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക. പുകവലിക്കെതിരായ ബോധവൽക്കരണം പി.എച്ച്.സി തുങ്ങുക. ഒരു ദന്താശുപത്രി സ്ഥാപിക്കുക. |
| 7 | ഇല്ല | ഇല്ല | പനി, ചുമ, വാതം, ക്ഷയം | അത്യാവശ്യത്തിനു വേണ്ട ചികിത്സാ സൗകര്യം ഇല്ല | ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| 8 | P.H. Centre | ആയുർവേദം 1 | പനി, ചുമ, വയറിളക്കം, വാതം, ക്ഷയം | പ്രൈമറി ഹെൽത്ത് സെൻററിൻെറ പ്രവർത്തനം കാര്യക്ഷമമല്ല | കിടക്കകളുള്ള ഒരു വലിയ ആശുപത്രിയായി ഉയർത്തുക. ആവശ്യ മരുന്നുകൾ ലഭ്യമാക്കണം. |
| 9 | ഇല്ല | ഇല്ല | പനി, ചുമ, വയറിളക്കം, ചൊറി | ആവശ്യത്തിനു വേണ്ട ആരോഗ്യസ്ഥാപനങ്ങളില്ല | ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക. ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| 10 | ഇല്ല | അലോപ്പതി സ്വകാര്യം-1 ആയുർവേദം | പനി, ചുമ, വയറിളക്കം,ഹൃദ്രോഗം | ആവശ്യത്തിനു വേണ്ട ആരോഗ്യസ്ഥാപനങ്ങളില്ല | ഒരു പ്രൈമറി ഹെൽത്ത്സെൻറർ, ദന്താശുപത്രി തുടങ്ങുക, ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| 11 | ഇല്ല | ഇല്ല | പനി, ചുമ, ക്ഷയം, ചൊറി | ആവശ്യത്തിനു വേണ്ട ആരോഗ്യസ്ഥാപനങ്ങളില്ല | ഒരു പ്രൈമറി ഹെൽത്ത്സെൻറർ സ്ഥാപിക്കുക. മദ്യം, പുകവലി എന്നിവയ്ക്കെതിരെ ബോധവൽക്കരണം |

# 5-vi

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

കന്യാകുമാരി, തുരുവനന്തപുരം രാജ പാതയ്ക്ക് 5 കി.മീ. മാറിയാണ് കാരോട് പഞ്ചായത്തിലെ റോഡുകൾ സ്ഥിതിചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒന്നാണ് ഇവിടത്തെ റോഡുകൾ. പഞ്ചായത്തിനെ തമിഴ്നാട്ടിൽ നിന്നും വേർതിരിക്കുന്ന ഒരു പ്രധാനറോഡാണ് ഉച്ചക്കട മുതൽ ഊരമ്പിലൂടെ പാറശ്ശാലയിൽ ചെന്ന് ചേരുന്ന റോഡ്. പഞ്ചായത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളിലുടെ നീളം ഏകദേശം 21.5 കി.മീ. നീളം വരും. പഞ്ചായത്ത് റോഡുകൾക്ക് എല്ലാംകൂടി 50.5 മീറ്റര നീളമുണ്ട്. ഇത് 23 കി. മീറ്റർ ടാർ ചെയ്തിട്ടുണ്ട്. ടാർ ചെയ്ത റോഡുകളിൽ 14 കി.മീ.ൽ ബസ് സർവ്വീസ് നടത്തുന്നു.

സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നെയ്യാറ്റിൻകര, പാറശ്ശാല, പൂവ്വാർ എന്നീ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന ബസുകളാണ്. പഞ്ചായത്തിലൂടെ ഓടുന്നത് കൂടാതെ ഓട്ടോറിക്ഷ, ടാക്സി, ട്രക്കർ എന്നിവയും ഗതാഗതത്തിനായി ജനങ്ങൾ ആശ്രയിക്കുന്നു. പൂർണ്ണമായും പൊതുമേഖലയിലാണ് ഇവിടത്തെ ട്രാൻസ്പോർട്ട് സംവിധാനം. സ്വകാര്യബസ് സർവ്വീസുകൾക്ക് അനുമതിയില്ല. ഈ പ്രദേശത്ത് ഇന്ന് ജനങ്ങൾ ഏറ്റവും അധികം ബുദ്ധി മുട്ടനുഭവിക്കുന്നത് യാത്രയ്ക്കാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസുകൾക്ക് പൂർണമായും യാത്രാക്ലേശം പരിഹരിക്കാൻ സാധ്യമല്ല. സർക്കാർ ജീവനത്തിനും, പട്ടണങ്ങളിൽ ജോലിക്കായും, വിദ്യാഭ്യാസത്തിനായും നിരവധിപേർ മറ്റു സ്ഥലങ്ങളിലേയ്ക്ക് ദിനംപ്രതി യാത്രചെയ്യുന്നു. ഈ രംഗത്ത് ജനങ്ങൾക്ക് ഒരു പരിധിവരെ സഹായകമാകുന്നത് സ്വകാര്യവാഹനങ്ങളാണ്. ഇതിൽ പ്രധനാം സ്വകാര്യ ട്രക്കർ-ടെമ്പോ ഇപ്പോൾ ഇതൊരു ശാപമായിട്ടുണ്ട്. യാതൊരുവിധ മാനദണ്ഡവുമില്ലാതെ ഇവ ഓടുന്നു. നിരവധി

## പട്ടിക -1 പഞ്ചായത്തിലെ ടാർറോഡ്

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം K.M | വീതി | ബസ് മറ്റ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1. | ഉദിയൻകുളങ്ങര-പൊഴിയൂർ | P.W.D | 10 | 8മീ | ഉണ്ട് |
| 2. | കളിയിക്കാവിള-ഉച്ചക്കട | P.W.D | 6 | 8മീ | ഉണ്ട് |
| 3. | ചെങ്കവിള-അമ്പിലികോണം | P.W.D | 4.5 | 8മീ. | ഉണ്ട് |
| 4. | പഴയഉച്ചക്കട-കാക്കവിള | P.W.D | 1 | 8മീ. | ഉണ്ട് |
| 5. | ശങ്കുരുട്ടി-കാരോട് | പഞ്ചായത്ത് | 2 | 8മീ | ഉണ്ട് |
| 6. | ഒറ്റപ്ലാവിള-നരിക്കുഴി | പഞ്ചായത്ത് | 1 | 8മീ | ഉണ്ട് |
| 7. | ചാരോട്ടുകോണം-ചെങ്കവിള | പഞ്ചായത്ത് | 3 | 8മീ | ഉണ്ട് |
| 8. | ഒറ്റപ്ലാവിള-നഴിക്കഴി-പൊറ്റിയൽക്കട | പഞ്ചായത്ത് | 3 | 8മീ | ഉണ്ട് |
| 9. | അഞ്ചാലിക്കോണം-കുഴിഞ്ഞാംവിള | പഞ്ചായത്ത് | 3 | 8മീ | ഉണ്ട് |
| 10. | ഇട്ടിച്ചിവിള-ഞാറക്കല | പഞ്ചായത്ത് | 2 | 8മീ | ഉണ്ട് |
| 11. | കുഴിഞ്ഞാംവിള-താഴവിള | പഞ്ചായത്ത് | 2 | 8മീ | ഇല്ല |
| 12. | അമ്പനാവിള | പഞ്ചായത്ത് | 2 | 8മീ | ഇല്ല |
| 13. | കൂനംവിള-മണ്ണാംവിള | പഞ്ചായത്ത് | 2 | 8മീ | ഇല്ല |
| 14. | പുല്ലുവിള-വെൺകുളം | പഞ്ചായത്ത് | 1 | 8മീ | ഇല്ല |
| 15. | ചൂരക്കുഴി റോഡ് | പഞ്ചായത്ത് | 1 | 8മീ | ഇല്ല |

അപകടങ്ങൾ ഇതുമൂലം ഉണ്ടാകുന്നു. യാത്ര ഏറെക്ലേശകരമാണ്. എന്നാലും കൃത്യസമയത്ത് ആഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചെന്നെത്തേണ്ടതിനാൽ ഇതൊക്കെ സഹിക്കുന്നു. ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നും കൂടുതൽ ബസുകൾ കാര്യക്ഷമമായി നടത്തിയെങ്കിൽ മാത്രമേ ഗതാഗത പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ കഴിയൂ.

## ഗതാഗതരംഗത്തെ പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകൾ ഇന്ന് ശോച്യാവസ്ഥയിലാണ്.
2. റോഡുകളുടെ ഇരുവശങ്ങളിലും ഓടകെട്ടി സംരക്ഷിക്കാത്തതിനാൽ മഴക്കാലത്ത് യാത്ര ദുഃസഹമാകുന്നു.

# പട്ടിക- 2 പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| നമ്പർ | പേര് | ഉടമസ്ഥ | ദൂരം കി.മീ. |
|---|---|---|---|
| 1 | പ്ലാമൂട്ടുക്കട-അയിരറോഡ് | പഞ്ചായത്ത് | 3.500 |
| 2. | ചാരോട്ടുകോണം-ചെങ്കാവിള റോഡ് | പഞ്ചായത്ത് | 4.000 |
| 3. | ശംഖുരുട്ടി-വായനശാല റോഡ് | പഞ്ചായത്ത് | 3.000 |
| 4. | പിങ്കുളം-മണ്ണാംവിള റോഡ് | പഞ്ചായത്ത് | 1.500 |
| 5. | പാവാറ-അമ്പനാവിള റോഡ് | പഞ്ചായത്ത് | 0.500 |
| 6. | എണ്ണവിള-കല്ലാറപ്പൊറ്ററോഡ് | പഞ്ചായത്ത് | 1.000 |
| 7. | പാവാറ-കുന്നിയോടു റോഡ് | പഞ്ചായത്ത് | 0.500 |
| 8. | കാക്കവിള-കുന്നിയോടു റോഡ് | പഞ്ചായത്ത് | 0.750 |
| 9. | ചാരോട്ടുകോണം-എച്ച്.എസ് റോഡ് | പഞ്ചായത്ത് | 1.250 |
| 10. | മഞ്ചാംകുഴി ചാനൽ റോഡ്-താഴവിള വരെ | പഞ്ചായത്ത് | 0.300 |
| 11. | ചൂരക്കുഴി ലക്ഷം വീടു കോളനി റോഡ് | പഞ്ചായത്ത് | 0.500 |
| 12. | മാറാടി-പനങ്കോട്ടുകുളം റോഡ് | പഞ്ചായത്ത് | 1.000 |
| 13. | ഞാറക്കാല-വി.എം. റോഡ് | പഞ്ചായത്ത് | 0.500 |
| 14. | ചെങ്കവിള-വള്ളംമുട്ടം റോഡ് | പഞ്ചായത്ത് | 1.500 |
| 15. | വാളാംകുളം-കല്ലിയിൽ റോഡ് | പഞ്ചായത്ത് | 0.750 |
| 16. | പുല്ലുവിള-വെൺകുളം റോഡ് | പഞ്ചായത്ത് | 0.500 |
| 17. | കാരയ്ക്കാവിള-പുല്ലുവറ്റി റോഡ് | പഞ്ചായത്ത് | 1.000 |
| 18. | വാളാംകുളം റോഡ് | പഞ്ചായത്ത് | 2.000 |
| 19. | പഴയ ഉച്ചക്കട-കാക്കോട്ടുകോണം റോഡ് | പഞ്ചായത്ത് | 8.250 |
| 20. | ഭഗവതി ക്ഷേത്രം റോഡ് | പഞ്ചായത്ത് | 1.000 |
| 21. | കാരയ്ക്കാവിള-പുല്ലുവറ്റി റോഡ് | പഞ്ചായത്ത് | 2.000 |
| 22. | മഞ്ചാംകുഴി-പറിപ്പക്കോണം റോഡ് | പഞ്ചായത്ത് | 1.500 |
| 23. | പുല്ലുവിള-വെൺകുളം റോഡ് | പഞ്ചായത്ത് | 0.500 |
| 24. | പുല്ലുവിള-കുന്നിയോടു ഏലാറോഡ് | പഞ്ചായത്ത് | 0.500 |
| 25. | കാരയ്ക്കാവിള-ചന്നിയോട് റോഡ് | പഞ്ചായത്ത് | 0.750 |
| 26. | പുല്ലുവിള-ഒ എൽ എച്ച് എസ് റോഡ് | പഞ്ചായത്ത് | 0.750 |
| 27. | വെൺകുളം-പഞ്ചായത്താഫീസ് റോഡ് | പഞ്ചായത്ത് | 0.250 |
| 28. | കുഴിഞ്ഞാൻവിള ചാനൽ റോഡ്-താഴവിളവരെ | പഞ്ചായത്ത് | 1.500 |
| 29. | പ്ലാമൂട്ടുക്കട മുതൽ ഞാറക്കാല വരെ | പഞ്ചായത്ത് | 1.000 |
| 30 | ചൂരക്കുഴി-മൂഞ്ഞാമറത്തല റോഡ് | പഞ്ചായത്ത് | 0.500 |
| 31. | തുണ്ടുവിള-വാഴവിളാകം റോഡ് | പഞ്ചായത്ത് | 1.000 |
| 32. | പൂവൻവിള-പൂവണ്ണറത്തല റോഡ് | പഞ്ചായത്ത് | 0.500 |
| 33. | ചാരോട്ടുകോണം-മുണ്ടയ്ക്കാവിള റോഡ് | പഞ്ചായത്ത് | 1.000 |
| 34. | ഉച്ചക്കട കരയ്ക്കാട്ടുവിള മുതൽ വലിയവിള പാട്ടവിള കൊല്ലംകുളം പയറ്റുവിള ആയ്ക്കാവിളാകം റോഡ് | പഞ്ചായത്ത് | 2.000 |
| 35. | പൊഴിയൂർ ക്ഷേത്രനട മുതൽ കഴുകൻ തിട്ട | പഞ്ചായത്ത് | 1.000 |
| 36. | ചെന്നിയോട് വാളാംകുളം റോഡ് | പഞ്ചായത്ത് | 1.000 |

3. റോഡിൻെറ വീതിക്കുറവ്, പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നിവ യാത്രാസൗകര്യത്തിന് തടസ്സമായി നിൽക്കുന്നു.

4. തമിഴ്നാടുമായി ബന്ധപ്പെട്ടു കിടക്കുന്ന റോഡുകൾ ഒരിക്കൽപ്പോലും അറ്റകുറ്റപ്പണികൾ ചെയ്തിട്ടില്ലാത്തതാണ്. ഇതുമൂലം ഈരമ്പ്, ചെങ്കവിള വഴിയുള്ള യാത്രയ്ക്ക് ധാരാളം ബുദ്ധിമുട്ട് ഉണ്ടാകുന്നു.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള റോഡുകൾ സംരക്ഷിച്ച് നിർത്തുക.
2. മെറ്റൽ ചെയ്യാനുള്ളവ, ടാർചെയ്യാനുള്ളവ തുടങ്ങിയവയുടെ പണി പൂർത്തിയാക്കിയതിനുശേഷമേ പുതിയ റോഡുകളെക്കുറിച്ച് ആലോചിക്കാവൂ.
3. വികസനമെന്നാൽ റോഡ് നിർമ്മാണം എന്ന ധാരണ മാറ്റണം.
4. പൊതുഫണ്ട് ഉപയോഗിച്ച് റോഡുവെട്ടുന്ന ഇന്നത്തെ അവസ്ഥ മാറ്റണം. പൊതുജന സേവനത്തോടെ സന്നദ്ധ പ്രവർത്തനത്തിന് മുൻതൂക്കം നൽകണം.
5. വൃക്ഷങ്ങൾ ധാരാളമായി വെട്ടി നശിപ്പിച്ചുകൊണ്ട് റോഡ് വെട്ടുന്നത് അവസാനിപ്പിക്കണം.
6. കാക്കറവിള - ഉടതലക്കുളം റോഡും, മാറാടി-ഉടതലക്കുളം റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു പാലം പണിയുക.
7. ചേനംകോടു മുതൽ ശ്രീധർമ്മശാസ്താ ക്ഷേത്രം വരെ റോഡ് നിർമ്മിച്ച് വൈദ്യുതീകരിക്കുക.
8. സ്വകാര്യ ബസ് റൂട്ടിന് അനുമതി നൽകി യാത്രാക്ലേശം പരിഹരിക്കണം.

## പുതുതായി വെട്ടേണ്ട റോഡുകൾ

1. പുതുവൽ ഭാഗത്തുനിന്നും ഫീൽഡ് ചാനൽ റോഡിൽ എത്തുന്നതുവരെ വഴിയും ലൈറ്റും
2. പൊറ്റയിൽകട സ്ക്കൂളിനു പുറകു വശം മുതൽ ചാനൽ വരമ്പ് കോട്ടുകോണം വഴി വാത്തിക്കുഴിവരെയുള്ള ബണ്ട്
3. നേതാജി റോഡുമായി മണ്ണാംവിളയെ ബന്ധപ്പെടുത്തി റോഡ് വെട്ടുക.
4. കുഴിഞ്ഞാംവിള ജംഗ്ഷൻ മുതൽ ഗണപതി ക്ഷേത്രം വരെ റോഡ് നിർമ്മിക്കുക.
5. ചൂണ്ടിയിൽ ക്ഷേത്ര റോഡിനെ കുഴിഞ്ഞാംവിള നെയ്ത്തു കമ്പനിയുമായി ബന്ധിപ്പിക്കുക.
6. ചൂരക്കുഴി മൂയാമറത്തല ചെമ്മണ്ണുവിള റോഡ് ടാർ ചെയ്യുക.
7. അയിര ജംഗ്ഷനൽ നിന്നും വാഴാങ്ങൽ കുളംവരെയുള്ള പൊതു വഴി നന്നാക്കുക.
8. പുല്ലുവിള കോളനി നെയ്ത്തു ശാല മുതൽ വാഴാങ്ങികുളം വരെ പുതിയ റോഡ് തെളിക്കുക.
9. അയിര കുളത്തിൽ നിന്നും ഏലാത്തരിശിയിലേക്ക് പോകുന്ന വഴി റോഡാക്കുക.
10. എരുമപ്പെട്ടി ഹോളിക്രോസ്സ് നഗറിൽ നിന്നും ഏകദേശം 750 മീറ്റർ റോഡ് നരിക്കുഴിയിൽ നിന്നും വന്നു നിൽക്കുന്ന റോഡുമായി ബന്ധിപ്പിക്കുക.
11. ചെങ്കവിള ചന്തയിൽ നിന്നും ചാനൽകര വഴി പനംകോട്ടുകുളത്തേയ്ക്ക് പോകുന്ന വഴി റോഡാക്കുക.
12. പ്ലാത്തോട്ടത്തേയ്ക്ക് പോകുവാനുള്ള നടപ്പാത റോഡാക്കുക.
13. കാന്തള്ളൂർ ജനതാവായ ശാലയക്കു അടുത്തു നിന്നും തുടങ്ങി കടകുളം വരെയും ചാറോട്ടുകോണത്തു നിന്നുള്ള റോഡ് മേൽപ്പടി റോഡുമായി ബന്ധിപ്പിക്കുക.
14. മഞ്ചാവിള പാംകൂർ സൊസൈറ്റിയിൽ നിന്നും തുടങ്ങുന്ന റോഡ് ഞാറയ്ക്കൽ വരെ നീട്ടുക.
15. കാരോട് മുതൽ വെൺകുളം തോടിൻെറ വശത്തുകൂടെ പൊതുജന പങ്കാളിത്തത്തോടെ നിർമ്മിച്ച റോഡ് ഗതാഗതയോഗ്യമാക്കുവാൻ മുൻകൈ എടുക്കുക.
16. കുഞ്ചുപറങ്കാല മുതൽ നെടുംകുളം വരെയുള്ള റോഡ് ഭൂതത്താൽ ക്ഷേത്രം വരെ നീട്ടുക.

17. കാരോട് റോഡ് മുതൽ എച്ച് എം എസ് എൽ പി എസ് സ്ക്കൂളിലേയ്ക്കുള്ള വഴി റോഡാക്കുക.
18. കരിമരം മുതൽ ഇടക്കുളം വരെ ഏലാക്കരയിൽ നിർമ്മിച്ച റോഡിനെ കാരോട് റോഡുമായി ബന്ധിപ്പിക്കുക.
19. കരുമരം പറക്കാണിക്കുളം, ഇടക്കുളം എന്നിവ ബന്ധപ്പെട്ടുകിടക്കുന്ന റോഡ് വെൺകുളവുമായി ബന്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുക.
20. വെൺകുളം വായനശാല റോഡ് പിൻകുളം മണ്ണാംവിള റോഡുമായി ബന്ധപ്പെടുത്തുക.

## പുനരുദ്ധരിക്കേണ്ട റോഡ് / ടാർ ചെയ്യേണ്ടവ

1. മാറാടി മുതൽ ഉടതലകുളത്തിതന്റെ കരവഴി കാക്കറവിളവരെയുള്ള റോഡ്.
2. നേതാജി വായനശാലമുതൽ കാവൻകുളം വഴി ഞാറക്കാലവരെയുള്ള റോഡ്.
3. ചൂണ്ടിയിൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് മെറ്റൽ ഇടുക.
4. മാടവിള, ചൂരക്കുഴി, ചെമ്മണ്ണവിള ഐ.എച്ച്.ജി.പി. ഹരിജൻ കോളനി ഇവയെ ബന്ധിപ്പിച്ച് റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.
5. അയിര, ഇട്ടിച്ചിവിള, ഞാറക്കാല, പ്ലാമൂട്ടുക്കട റോഡ് ടാർ ചെയ്യുക.
6. പഴക്കാട് മുതൽ അയിര തോട് വരെയുള്ള റോഡ് നന്നാക്കുക.
7. ചെറുവാരക്കോണം മഞ്ചാംകുഴി റോഡ് ടാർ ചെയ്യുക. ചെങ്കവിള ചെറുപ്പാക്കോണം റോഡ് വള്ളമുട്ടംവരെ നീട്ടുകയും ടാർ ചെയ്യുകയും ചെയ്യുക. ചെങ്കവിള അയിര സി.ആർ.റോഡ് കാര്യക്ഷമമാക്കുക.
8. മഞ്ചാംകുഴി പട്ടാരുവിള, ചെങ്കവിള ചാനൽ റോഡ് വാഹനയോഗ്യമാക്കുക.
9. വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന പൂവർണ്ണത്തല മുതൽ പൂവൻവിള വരെയുള്ള റോഡ് ടാർ ചെയ്യുക.
10. ഒറ്റപ്ലാവിള മുതൽ ഇട്ടിച്ചിവിള വരെയുള്ള റോഡ് മെയിൻറൻസ് ചെയ്യുക.
11. എസ്.എം നഗർ മുതൽ പുത്തളം നടവരെയും പള്ളത്ത്മേൽപുരം മുതൽ അയിരറോഡു വരെ റോഡ് ടാർ ചെയ്യുക.
12. പാറശ്ശേരി മുതൽ കീഴ്ശ്ശേരിമഠം വരെയുള്ള റോഡ് ടാർ ചെയ്യുക.
13. അമ്പിലിക്കോണം മുതൽ വെള്ളറാൾ ക്ഷേത്രം വരെ റോഡ് ടാർ ചെയ്യുക.
14. കാരോട് യു.പി.എസിന്റെ വടക്കുഭാഗത്ത് നിന്നും തുടങ്ങുന്ന റോഡ് തേനുവിള ഭാഗത്തുകൂടി മാറാടിവരെയുള്ള റോഡ് ടാർ ചെയ്യുക.
15. പള്ളിക്കുഴി, ചീതച്ചിവിള, തെമ്മാനംവിള റോഡ് ടാർ ചെയുക.
16. ചാറോട്ടുകോണം മൺവിള മാറാടിറോഡ് ടാർ ചെയ്യുക.
17. കുഴിഞ്ഞാംവിള താഴ്വിള റോഡ് ടാർ ഇടാത്ത ഭാഗം ടാർ ചെയ്യുക.
18. പൊഴിയൂർ കല്ലിയിൽ പുതുശ്ശേരി റോഡ് ടാർ ചെയ്തു തമിഴ്നാടുമായി ബന്ധിപ്പിക്കുക.
19. പഴയ ഉച്ചക്കട കാക്കവിള കടലുക്കുളം റോഡ് ചെന്നിയോട് റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.
20. പിൻകുളം, മണ്ണാംവിള റോഡ് ടാർ ഇടാത്ത ഭാഗം ടാർ ചെയ്യുക.
21. കാരായ്ക്കായിള-വാളാംകുളം റോഡ് ടാർ ചെയ്യുക.
22. കുണ്ടമരം മുതൽ ഇടക്കുളംവരെയുള്ള റോഡ് ടാർ ചെയ്യുക.
23. പിൻകുളം-കൽപ്പാറപ്പൊറ്റ, റോഡ് ടാർ ചെയ്യുക.
24. കാക്കവിള പാറയിൽ ക്ഷേത്ര റോഡ് പാവാറ റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.
25. അമ്പിലികോണം മുതൽ മാറാടി വരെയുള്ള റോഡ് ടാർ ചെയ്യുക.
26. പാട്ടവിള റോഡ് പഴയ ഉച്ചക്കട റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.
27. കാക്കവിള മുതൽ ഉടതലകുളംവരെയുള്ള റോഡ് ടാർ ചെയ്യുക.

# മാർക്കറ്റ്

പഞ്ചായത്തിൽ പ്രധനാപ്പെട്ട 2 മാർക്കറ്റുകളാണുള്ളത്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ വിഭവങ്ങളും വിറ്റഴിക്കുന്നതിന് അനുയോജ്യമായ മാർക്കറ്റുകൾ ഇവിടെയില്ല. പ്രധാനമായും ഇവിടെ നിന്നും വിൽപ്പനയ്ക്കായി കൊണ്ടു പോകുന്നത് തേങ്ങ, പച്ചക്കറികൾ, ഏത്തയ്ക്കായ് തുടങ്ങിവയാണ്. എല്ലാ പ്രദേശങ്ങളിലും ഗ്രാമീണ ചന്തകൾ ഉണ്ടാക്കിയാൽ പഞ്ചായത്തിന് സ്വാശ്രയത്തിന്റെ ചുവട് ഉറപ്പിക്കാൻ കഴിയും. പ്രധാന ഉൽപ്പന്നമായ നാളികേരത്തിന് ഒരു പൊതുവിപണി ആവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. നാളികേരം, നേന്ത്രക്കായ് എന്നിവയ്ക്ക് പൊതുമാർക്കറ്റോ, ആഴ്ചചന്തയോ വേണം.
2. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ വിൽക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക.
3. അനഃധികൃത ചന്തകൾ നിർത്തലാക്കുക.
4. പഞ്ചായത്തിൽ ഒരു കന്നുകാലി ചന്ത ചങ്കവിള മാർക്കറ്റിനോടനുബന്ധിച്ച് തുടങ്ങുക.
5. ചാരോട്ടുകോണം കേന്ദ്രമാക്കി ഇപ്പോൾ നടത്തുന്ന മാർക്കറ്റ് പഞ്ചായത്ത് മാർക്കറ്റായി മാറ്റുക.

# ഊർജ്ജം

വൈദ്യുതി കടന്നുവന്നിട്ടാല്ലാത്ത പല സ്ഥലങ്ങളും ഇന്ന് കാരോട് പഞ്ചായത്തിലുണ്ട്. വൈദ്യുതി കടന്നെത്തിയിട്ടുള്ള പ്രദേശങ്ങളിൽ മിന്നുന്ന വോൾട്ടേജിലുള്ള പ്രകാശമാണ് കിട്ടുന്നത്. തുടരെതുടരെയുള്ള പവർകട്ടും, വോൾട്ടേജ് ക്ഷാമവും ഇവിടുത്തെ പ്രധാന പ്രശ്നങ്ങളാണ്. സ്റ്റെപ്പ്അപ്പുകൾ ഇന്ന് പല വീടുകളിലും ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ ഈപ്രദേശത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രധാന ആഫീസുകൾ ഒന്നും തന്നെയില്ല. ഈ പ്രദേശത്തിനടുത്തുള്ള ഇലക്ട്രിക് മേജർ സെക്ഷൻ ആഫീസ് തൊട്ടടുത്ത പഞ്ചായത്തായ ചെങ്കലിലാണ്. കാരോട് പഞ്ചായത്തിലെ ജനങ്ങൾക്ക് 5 മുതൽ 10 കി.മി. വരെയു ദൂരം വരുന്ന ഈ സ്ഥലത്തു പോയാണ് കറന്റ് ബില്ല് അടയ്ക്കേണ്ടത്. ഇതുപോലൊരും ആഫീസ് പാറശ്ശാലയിലും ഉണ്ട്. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ഏക ഇലക്ട്രിസിറ്റി ബോർഡ് ആഫീസ് പഴയ ഉച്ചക്കടയിൽ പ്രവർത്തിക്കുന്ന ഓവർസിയർ ഓഫീസ് മാത്രമാണ്.

നെയ്യാറ്റിൻകരയിൽ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും പാറശ്ശാലയിലെ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ് കാരോട് പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. ഇവിടെ മൊത്തം 3047 ഉപഭോക്താക്കളാണുള്ളത്. ഇതിൽ 2543പേർ ഗാർഹിക ഉപഭോക്താക്കളാണ്. ഇതിനുപുറമെ 146പേർ കാർഷിക ഉപഭോക്താക്കളും 47 പേർ വ്യവസായ ഉപഭോക്താക്കളും 311പേർ കമേഴ്സ്യൽ ഉപഭോക്താക്കളുമാണ്. (കണക്കുകൾ, സെക്കൻററിഡേറ്റ, കെ.എസ്.ഇ.ബി. ആഫീസ്.)

പഞ്ചായത്തിൽ നിലവിലുള്ള 13 ട്രാൻസ്ഫോർമറുകളിൽ പലതും അധികഭാരം വഹിക്കുന്നവയാണ്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗം പേരും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ ചേർക്കുന്നു.

പട്ടിക - 1

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1. | 110 കെ.വി. | പ്ലാമൂട്ടുക്കട |
| 2. | | കടകുളം |
| 3. | | ഞാറയ്ക്കാല |
| 4. | | ഉച്ചക്കട |
| 6. | | പുല്ലുവറ്റി |
| 7. | | പൊഴിയൂർ |
| 8. | | പിൻകുളം |
| 9. | | പഴയ ഉച്ചക്കട |
| 10. | | ചാരോട്ടുകോണം |
| 11. | | ചെങ്കവിള I |
| 12. | | ചെങ്കവിള-II |
| 13. | | അയിര ഊരമ്പ് |

പഞ്ചായത്തിൽ ആകെ കി.മീ. 110 കെ.വി. 3 ലൈനുകളും സിംഗിൽ ഫേസ് ലൈനുളും ഉണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതു എത്തിയിട്ടില്ല.
2. പഞ്ചായത്തിൽ ഒൻപത് ഹരിജൻ കോളനികൾ ഇനിയും വൈദ്യുതികരിക്കാനുണ്ട്.
3. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ആഫീസ് മാത്രമേ ഇവിടെയുള്ളൂ. ഇത് ഒരു സബ് എൻജിനീയറുടെ ആഫീസ് ആണ്. അപ്ഗ്രേഡ് ചെയ്യണം.
4. പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ വളരെ കുറവാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
5. വൈദ്യുതീകരിക്കാത്ത വീടുകളിൽ അടിയന്തിരമായി വൈദ്യുതീകരിക്കേണ്ടതുണ്ട്.
6. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്.

### പട്ടിക - 2

### വൈദ്യുതീകരിക്കേണ്ട / വൈദ്യുതീകരിച്ച കോളനികൾ

| നമ്പർ | കോളനികൾ | വൈദ്യുതി കരിച്ചത് | വൈദ്യുതി കരിക്കാനുള്ളത് |
|---|---|---|---|
| 1. | വെളിയംകോട്ടുകോണം | | ✓ |
| 2. | കാന്തല്ലൂർ, നെല്ലിവിള | | |
| 2. | കാരോട് | | |
| 4. | കല്ലിയിൽ പുതുശ്ശേരി | ✓ | |
| 5. | കുനുംപുറം വെട്ടുകടവ് | | |
| 6. | വടവൂർകോണം | | |
| 7. | എറിച്ചല്ലൂർ | | |
| 8. | മാറാടി | | |
| 9. | വെട്ടുവിള | ✓ | |
| 10. | ഇടക്കണ്ടം മഞ്ചാംകുഴി | | |
| 11. | കാരയ്ക്കാവിള | ✓ | |
| 12. | ചെമ്മണ്ണുവിള | ✓ | |
| 13. | പേച്ചന്ത. | | |

## നിർദ്ദേശങ്ങൾ

1. രൂക്ഷമായ വൈദ്യുതിക്ഷാമം നേരിടുന്ന പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾതന്നെ കാരോട്., മാറാടി എന്നീ പ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ ഉടൻ സ്ഥാപിക്കുക. ഇതിനു പുറമേ, പ്ലാമൂട്ടുകട, കഴിഞ്ഞാംവിള, കുന്നിയോട് എന്നിവടങ്ങളിലും ഇത് നടപ്പാക്കുക.
2. ലക്ഷംവീട് കോളനികളിൽ വൈദ്യുതിതക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. ഇലക്ട്രിക് ലൈനിൽ തട്ടിനിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റി അതുവഴി പൊതു നഷ്ടം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. വോൾട്ടേജ് കുറവ് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സിംഗിൾ ഫേയ്സ്, ത്രീ ഫേയ്സായി മാറ്റണം.
5. എൽ.റ്റി. ലൈനിന്റെ നീളം കുറക്കത്തക്ക വിധം ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കണം.
6. പാറശ്ശാല നിർദ്ദിഷ്ട 110 കെ.വി.എ. സബ്സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തിയാക്കാൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.
7. പാറശ്ശാലയിൽ നിന്നും കാരോട് പഞ്ചായത്തു പ്രദേശത്തിനായി ഒരു പുതിയ 110 കെ.വി. ഫീഡർ വലിക്കാൻ സമ്മർദ്ദം ചെലുത്തണം.
8. പഞ്ചായത്തുവക എല്ലാ റോഡിലും വൈദ്യുതി എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
9. പ്ലാമൂട്ടുക്കട, ഉച്ചക്കട ഭാഗം ത്രീഫേയ്സായി മാറ്റുക.
10. ഉദിയൻകുളങ്ങര കെ.എസ്.ഇ.ബി. വഴി സി.ഡി. അടച്ചിട്ടുള്ള മുഴുവൻ ദുർബ്ബല

വിഭാഗങ്ങൾക്കും ഹരിജനങ്ങൾക്കും, കൃഷി ആവശ്യത്തിനും എത്രയും വേഗം കണക്ഷൻ കിട്ടാൻ വേണ്ട മെറ്റീരിയൽസ് അനിവദിച്ചു കിട്ടാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി കണക്ഷൻ ലഭ്യമാക്കണം.

11. ഈ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കളെയും പാറശ്ശാല ഇലക്ട്രിക് മേജർ സെക്ഷൻെറ കീഴിൽ കൊണ്ടുവരണം.
12. ഉച്ചക്കടയിലെ ഇലക്ട്രിക്സിറ്റി ആഫീസ് അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസാക്കി മാറ്റുക.
13. വെൺകുളത്തിൻെറ നാലുവശവും പോസ്റ്റിട്ട് ലൈൻ വലിച്ച് ലൈറ്റ് ഇടുക.

## കാരോട് ഗ്രാമപഞ്ചായത്തിലെ വൈദ്യുതിസബന്ധിച്ച വിവരങ്ങൾ

പട്ടിക - 3

| നിലവിലുള്ള ഉപഭോക്താക്കൾ | | |
|---|---|---|
| 1. | ഗാർഹികം | 2543 |
| 2. | വ്യാപാരം | 311 |
| 3. | വ്യാവസായികം | 98 |
| 4. | കാർഷികം | 146 |
| | ആകെ | 3088 |

പട്ടിക - 4

| കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം | | |
|---|---|---|
| 1. | ഓർഡിനറി | 255 |
| 2. | ഒ.റ്റി.പി. | 16 |
| 3. | ഒ.വൈ.ഇ.സി. | 26 |

പട്ടിക - 5

| ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | | |
|---|---|---|
| 1. | ഓർഡിനറി | 16 |
| 2. | ഒ.റ്റി.പി. | 2 |
| 3. | ഒ.വൈ.ഇ.സി. | 35 |

പട്ടിക - 6

| വാർഡ് നമ്പർ | ഹരിജൻ കോളനികൾ | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യമായി വൈദ്യുതി ലഭിക്കുന്നവർ | പണം നൽകി വൈദ്യുതി ലഭിക്കുന്നവർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | കല്ലിയിൽ | 14 | 7 | 7 |
| | കാരയ്ക്കാവിള | 17 | 4 | 9 |
| | വെട്ടുവിള | 20 | 4 | 9 |
| | വടൂർക്കോണം | 1 | - | 1 |
| | ചൂരക്കുഴി | 38 | 7 | 31 |

## പഞ്ചായത്തുതല സമ്പൂർണ്ണ ഊർജ്ജാസൂത്രണപദ്ധതി

ഊർജ്ജത്തെപ്പറ്റിയുള്ള ഏതു ചർച്ചകളും വൈദ്യുതിയിലാണ് ചെന്നെത്തുന്നത്. വൈദ്യുതിയെപ്പോലെതന്നെ പാചകത്തിനും മറ്റും ഇന്ധനം കണ്ടെത്തേണ്ടതുണ്ട്. വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം തുടങ്ങിയവയും ഊർജ്ജാസൂത്രണ പദ്ധതിയിൽ വരേണ്ടവയാണ്. ഇതിനുവേണ്ടി പഞ്ചായത്തുതലത്തിൽ സമഗ്രമായ ഒരു ഊർജ്ജാസൂത്രണ പദ്ധതി ആവിഷ്ക്കരിക്കണം.

*ഇതിൻെറ പ്രവർത്തനങ്ങൾ*

ഊർജ്ജാസൂത്രണത്തിന് ആവശ്യമായ സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയാണ് ഈ സംരഭത്തിൻെറ ലക്ഷ്യം. ഈ സർവ്വേയുടെ

ലക്ഷ്യങ്ങൾ വിലയിരുത്തുമ്പോൾ പഞ്ചായത്തിന്റെ ഊർജ്ജ പ്രശ്നത്തിന്റെ യഥാർത്ഥചിത്രം കിട്ടും.

*ബോധവൽക്കരണം.*

ഊർജ്ജ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിനും ബോധവൽക്കരണം ആവശ്യമാണ്. ഇതിന്റെ ഫലമായി ദക്ഷതകൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ മെച്ചം പുത്തൻ ഊർജ്ജസ്രോതസുകളുടെ സാധ്യത. ഊർജ്ജ ദുർവ്യയം കുറയ്ക്കാൻ പ്രേരണ ചെലുത്തുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തവുന്നതാണ്.

*പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം.*

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഇന്ധനം വിറകാണ്. പാചകത്തിനും പരമ്പരാഗത വ്യവസായങ്ങൾക്കും ആവശ്യമായ വിറക് കണ്ടെത്താനുള്ള ബുദ്ധിമുട്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടി വരികയാണ്. ഇന്ന് നാം വീടുകളിൽ പാചകത്തിനായി ഉപയോഗിച്ചുവരുന്ന വിറകടുപ്പുകളുടെ ദക്ഷത വളരെ കുറവാണ്. ഇതിന്റെ ദക്ഷത 8.15%മാണ്. ഇന്ന് നാട്ടിൽ പ്രചരിച്ചുപോരുന്ന പരിഷത്ത് അടുപ്പുകൾ 20 മുതൽ 25% വരെ ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക വഴി വിറകിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. അതുപോലെ ഹോട്ടലുകൾ, ആയുർവ്വേദ ആശുപത്രികൾ, അങ്കണവാടികൾ, ഉച്ചഭക്ഷണം പരിപാടി നടപ്പിലാക്കുന്ന സ്കൂളുകൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ ഉപയോഗിച്ചു കൊണ്ടും വിറകിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. 40%ത്തോളം ദക്ഷതയുള്ള കമ്മ്യൂണിറ്റി അടുപ്പുകൾ ഇന്ന് പ്രചരിച്ചുവരുന്നുണ്ട്. ഇത് വാണിജ്യാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

*പവർലൈൻ പരിശോധന*

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതവ്യൂഹം ധാരാളം പ്രശ്നങ്ങളിൽ പെട്ടുഴലുന്നവയാണ്. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ലൈനുകൾ ശക്തിപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. ലൈനിലെ അറ്റകുറ്റപ്പണികൾ നടത്തുക, ലൈനിൽ തട്ടിനിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റുക, ജംബറുകൾ നേരെയാക്കുക എന്നീ നടപടികൾ മൂലം പ്രേക്ഷണ വിതരണ ശൃംഘലയിലെ നഷ്ടം അഞ്ചുശതമാനത്തോളം കുറയ്ക്കാൻ കഴിയും. ഇതിന് പഞ്ചായത്തിലെ വൈദ്യുതവ്യൂഹത്തെ സംബന്ധിച്ച് ഒരു പഠനം ആവശ്യമാണ്. ഇവിടെയാണ് ഒരു പവർലൈൻ പഠനത്തിന്റെ പ്രസക്തി. പഞ്ചായത്തിലെ മേപ്പിൽ പവർലൈൻ മാപ്പ് വരച്ചെടുക്കുക ഇങ്ങനെ മാർക്കു ചെയ്യുമ്പോൾ ലൈനിലെവിടെയെല്ലാം കമ്പുകൾ തട്ടി നിൽക്കുന്നു, എവിടെയൊക്കെയാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടത്, എവിടെയൊക്കെയാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളത് എന്നൊക്കെ അറിയാൻകഴിയും. പിന്നീട് ഇത് ഉപകാരപ്പെടും.

*കോംപാക്ട് ഫ്ലൂറസെൻറ് വിളക്കുകൾ പ്രചരിപ്പിക്കുക.*

ഊർജ്ജസംരക്ഷണ രംഗത്ത് ഫലപ്രദമായി പ്രയോഗിക്കാവുന്ന ഒന്നാണ് ഇത്തരം വിളക്കുകൾ. വോൾട്ടത കുറവുള്ള പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ പരിപാടി വളരെ സഹായകമായിരിക്കും.

ട്യൂബ് ലൈറ്റുകളുടെ സാധാരണ ചോക്കുകൾക്കു പകരം ഇലകട്രോണിക് ചോക്കുകൾ വിതരണം ചെയ്യിക്കുക. മോട്ടോർ പമ്പുസെറ്റുകൾ, സോളാർ പമ്പുകൾ എന്നിവയുടെ വിതരണം സോളാർ വാട്ടർ ഹീറ്റർ, സോളാർ അടുപ്പുകൾ ബയോഗ്യാസ് അടുപ്പുകൾ തുടങ്ങിയ പ്രചരിപ്പിക്കുക ഇതിലൂടെ ഊർജ്ജ ഉപയോഗം കുറയ്ക്കാം.

## വുതുതായി വൈദ്യുതീകരിക്കേണ്ട ലൈനുകൾ

1. പുതുവൽ ഭാഗത്ത്നിന്നുള്ള ഫീൽഡ് ചാനൽ റോഡിൽ എത്തുന്നതുവരെ വഴി സുഗമമാക്കി ലൈറ്റിടുക.
2. മാറാടി മുതൽ ഉടതലകുളത്തിന്റെ കരവഴി കാക്കാവിളവരെയുള്ള റോഡ് പുനഃരുദ്ധരിച്ച് വൈദ്യുതീകരിക്കുക.
3. വയർ ചെയ്തിട്ടുള്ള വീടുകളിൽ വൈദ്യുതി കണക്ഷൻ ഉടനടി കൊടുക്കുക.
4. കാക്കറവിള ചാനൽ മുതൽ ഉടതല

## കാരോട് ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| വാർഡ് | വേപ്പർ ലാമ്പ് | റ്റ്യൂബ് | ബൾബ് | ആകെ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ഇല്ല | 1 | 28 | 29 |
| 2 | ഇല്ല | 1 | 22 | 23 |
| 3 | ഇല്ല | 2 | 32 | 34 |
| 4 | ഇല്ല | 1 | 20 | 21 |
| 5 | ഇല്ല | 2 | 29 | 31 |
| 6 | ഇല്ല | 2 | 21 | 23 |
| 7 | ഇല്ല | 1 | 32 | 33 |
| 8 | ഇല്ല | 1 | 34 | 35 |
| 9 | ഇല്ല | 2 | 26 | 28 |
| 10 | ഇല്ല | 1 | 28 | 29 |
| 11 | ഇല്ല | 1 | 23 | 24 |
| ആകെ | ഇല്ല | 15 | 295 | 310 |

കുളത്തിൻെറ കരവഴി പുതിയ റോഡിൽ അവസാനിക്കുന്ന വൈദ്യുത ലൈനുകൾ ടൂ ഫേസ്സ് ആക്കുക.

5. പൊറ്റയിൽക്കട സ്ക്കൂളിന് പുറക്വശം മുതൽ ചാനൽ വരമ്പ് കോട്ടുക്കോണം വഴി വാത്തിക്കുഴിവരെയുള്ള ബണ്ട് ജീപ്പ് റോഡാക്കണം. ഈ പ്രദേശങ്ങളിൽ 50 വീടുകൾക്ക് വൈദ്യുതി സൗകര്യം എത്തിക്കാൻ വേണ്ട നടപടികൾ വേണം.

6. പുളിയറവിള ബണ്ട് വീയം കുളം വരെ വൈദ്യുതീകരിക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കണം. നേതാജി റോഡുമായി മണ്ണാൻവിളയെ ബന്ധപ്പെടുത്തുന്ന നടപ്പാത വൈദ്യുതികരിക്കാൻ പദ്ധതിയുണ്ടാക്കുക.

7. ചൂണ്ടിയിൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് മെറ്റലിടുകയും വൈദ്യുതീകരിക്കുകയും ചെയ്യുക.

8. കുഴിഞ്ഞാൽ വിളമുതൽ വടൂർക്കോണം ഗണപതിക്ഷേത്രം വരെ സ്ട്രീറ്റ് ലൈറ്റ് നൽകുക.

9. താഴവിളഭാഗത്തേയ്ക്ക് വൈദ്യുതി എത്തിയ്ക്കുക.

10. പഞ്ചായത്തിൽ നിന്നും വയറിംഗ് നടത്തിയ വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകുക.

11. ദേവിവിളാകത്ത് ചാനൽവഴി പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കുക.

12. ചൂരക്കുഴിഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

13. മാടവിള ജംഗ്ഷനിൽനിന്നും അടയ്ക്കാകുളത്തിലേക്കുള്ള വഴിയിൽക്കൂടി പോസ്റ്റ് ഇട്ട് വൈദ്യുതി എത്തിക്കുക.

14. ദേവിവിളാകത്ത് ചാനൽ വഴി പോസ്റ്റ് സ്ഥിപിച്ച് ലൈൻ വലിക്കുക.

15. കുഴിഞ്ഞാൻവിള മുതൽ വള്ളംമുട്ടം വരെയുള്ള റോഡിൻെറ തെരുവ് ലൈറ്റ് തെളിയിക്കണം. അതുപോലെ ചെറുവാരക്കോണം മുതൽ ഇടക്കണ്ടം വരെയുള്ള സ്ട്രീറ്റ്ലൈറ്റ് അടിയന്തരിമായി സ്ഥാപിക്കണം.

16. ചെങ്കവിളയിലേക്ക് 110 കെ.വി. ലൈനാക്കി ഉയർത്തണം. പുല്ലുവിള കോളനിയിലെ ട്രാൻസ്ഫോമറിൻെറ ശക്തി വർദ്ധിപ്പിക്കണം.

17. സൗരോർജ്ജം കൊണ്ടുള്ള തെരുവ് ലൈറ്റുകൾ പ്രവർത്തിപ്പിക്കണം.

18. വൈദ്യുതി ലഭിക്കാതിരിക്കുന്ന ലക്ഷംവീട് കോളനിയിൽ ഏലിത്തരിശ്, ഇടക്കണ്ടം, മഞ്ചാംകുഴി കോളനി ഇവകൾ അടിയന്തിരമായി വൈദ്യുതീകരിക്കുക.

19. സ്വന്തമായി വീട് വയറിംഗ് ചെയ്യാൻ കഴിയാത്ത ദരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ച് വൈദ്യുത കണക്ഷൻ സൗജന്യമാമായി നൽകുക.

20. എറിമപ്പെട്ടി ഹോളിക്രോസ് നഗറിൽ നിന്നും ഏകദേശം 750 മീറ്റർ റോഡ് നരികുഴിയിൽ നിന്ന് നിൽക്കുന്ന റോഡുമായി ബന്ധിക്കുക.

21. ചെങ്കവിള ചന്തയിൽ നിന്നും ചാനൽകരവഴി പനങ്കോട്ട് കുളത്തേയ്ക്ക് പോകുന്ന വഴി മെറ്റൽ ചെയ്ത് പുതുക്കി പണിയുകയും ചെയ്യണം. വൈദ്യുതി സൗകര്യം ഇല്ലാത്ത തുകൊണ്ട് ചാനൽയ്ക്കര ഭാഗത്ത് ഓരോ സൗരോർജ്ജ ലൈറ്റുകൾ സ്ഥാപിക്കുക.

22. ചെങ്കവിള ചന്തയുടെ പടിഞ്ഞാറ് ഭാഗത്തെ വീടുകളിൽ വൈദ്യുതിയ്ക്ക് വേണ്ടി വയറിംഗ് ചെയ്തത് ദ്രവിച്ചു പോയി. അവിടെ വൈദ്യുതി കണക്ഷൻ കിട്ടാൻ ഉർജ്ജിതമായ നടപടിയെടുക്കണം.

23. സി.ആർ. റോഡിൽ നിന്ന് വൈദ്യുത കണക്ഷൻ ഭൂതത്താൻ തരിശിലും സമീപ സ്ഥലത്തും വീടുകളിൽ വയറിംഗ് സൗജന്യം ചെയ്ത് കണക്ഷൻ കൊടുക്കുക.

24. വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കു ന്നതിലേക്ക് വേണ്ടി അനുവദിച്ച ട്രാൻസ്ഫോ മറിന്റെ പണി എത്രയും പെട്ടെന്ന് ആരംഭി ക്കുക.

25. ശങ്കുരുട്ടി-കാരോട് വായനശാല റോഡ് വൈദ്യുതീകരിക്കുന്ന വാർഡിൽ പുതുതായി പണിയാരംഭിച്ച വില്ലേജ് ആഫിസ് സ്ഥിതി ചെയ്യുന്ന പുവർണറത്തല മുതൽ പൂവൻവിള വരെയുള്ള റോഡിൽ ഇലക്ട്രി ക് ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.

26. ഒറ്റപ്ലാവിളമുതൽ ഇട്ടിച്ചിവിളവരെയുള്ള റോഡിൽ ഇലക്ട്രിക് ലൈൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുക.

27. പാറശ്ശേരി മുതൽ കീഴ്ശ്ശേരി വരെയുള്ള റോഡിൽ ഇലക്ട്രിക് ലൈൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുക.

28. അയിരറോഡുമുതൽ വെട്ടുവിള പ്ലാങ്കാലവരെയുള്ള ചാനൽ വഴിയിൽ കൂടി ഇലക്ട്രിക് ലൈൻ വലിച്ച് പ്ലാങ്കാല ഭാഗത്ത് വൈദ്യുതി ലഭ്യമാക്കുക.

29. ഉടയൻതച്ചൻവിള മുതൽ അമ്പിലിക്കോണം സ്ക്കൂൾ റോഡ് വരെയുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് ലൈൻ എത്തിക്കുക.

30. പള്ളിക്കുഴി, തച്ചൻവിള, തൊമ്മൻവിള ഉൾപ്പെടുന്ന റോഡിൽ ഇലക്ട്രിക് ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കുക.

31. ചാരോട്ട്കോണം ജംഗ്ഷനിൽ ഒരു ഫുൾ നൈറ്റ് ട്യൂബ് സ്ഥാപിക്കണം.

32. പഞ്ചായത്തിൽ വയറിംഗ് ചെയ്തിട്ടിരിക്കുന്ന വീടുകളിൽ ഉടനടി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കുക.

33. ഈ പഞ്ചായത്തിലെ താഴ്ന്ന വരുമാന ക്കാർക്കും കുടിലിൽ താമസിക്കുന്നവർക്കും സൗജന്യമായി വൈദ്യുത കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കുക.

34. വെൺകുളം വെയിറ്റിഗ് ഷെഡിനടുത്ത് സ്ഥിതി ചെയ്യുന്ന പോസ്റ്റിൽ ഒരു ഫുൾ നൈറ്റ് ലൈറ്റ് സ്ഥാപിക്കണം.

35. കാന്തള്ളൂർ കടകുളം റോഡിൽ 35 പോസ്റ്റിട്ട് വൈദ്യുതീകരിക്കണം.

36. മഞ്ചവിള ഞാറയ്ക്കൽ റോഡിൽ 25 പോസ്റ്റിട്ട് വൈദ്യുതീകരിക്കണം.

37. പുല്ലുവിള വെൺകുളം റോഡിലുള്ള ഇലക്ട്രിക് ലൈൻ വഴി വിളക്ക് സ്ഥാപി ക്കണം.

38. അനുവദിച്ചിട്ടുള്ള ട്രാൻസ് ഫോമറുകളും പോസ്റ്റുകളും യഥാക്രമം കാരോട് വായനശാലാ മാറാടി വായനശാല എന്നീ ഭാഗങ്ങളിൽ എത്രയും പെട്ടെന്ന് വൈദ്യുതി ക്ഷാമം പരിഹരിക്കുക.

39. കാരോട് മുതൽ വെൺകുളം വരെയും കുഞ്ചുവരങ്കാല മുതൽ ചാനൽബണ്ടുവഴി പൊൻകുഴി ക്ഷേത്രംവരെ പോസ്റ്റിട്ട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

40. ചാരോട്ട്കോണം മുതൽ കുഞ്ചുവരങ്കാല മുതൽ ഇടകഞകുളം വരെയും കാരോട് കൃഷി ഭവൻ വരെയും മൃഗാശുപത്രി മുതൽ മാടയറക്കൽ വരെയും സ്ട്രീറ്റ് ലറ്റ് സ്ഥാപിക്കുക.

41. കാരോട് കോളനിമുതൽ ചങ്കുരുട്ടി

അനുവദിച്ച പോസ്റ്റുകൾ സ്ഥാപിക്കുക.

42. മാറാടി മുതൽ ചെറുക്കുഴിക്കര വരെയുള്ള നിലവലുള്ള ഇലക്ട്രിക് പോസ്റ്റിൽ നിന്നും തുടർച്ചയായി പുങ്കുഴിക്ഷേത്രം വരെ വൈദ്യുതികരിച്ച് മാറാടി മുതൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

43. പരുത്തിവിള പണ്ടാരവിള വരെയുള്ള റോഡിൽ പോസ്റ്റിട്ട് ലൈൻവലിച്ച് കറണ്ട് എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും വേണം.

44. പഴയ ഉച്ചക്കടകാക്കവിള കടലിക്കുളം റോഡിൽ പഴയ ഉച്ചക്കടമുതൽ പുലയൻവിളവരെ പോസ്റ്റിട്ട് ലൈൻ വലിച്ച് കറണ്ട് എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും വേണം.

45. ചെന്നിയോട് പണ്ടാരവിള റോഡിൽ ഇലക്ട്രിക് ലൈൻ വലിച്ച് കറണ്ട് എത്തിയ്ക്കുക്യും സ്ട്രീറ്റ് ലൈറ്റ് എത്തിക്കുകയും വേണം.

46. വാഴവിള പണ്ടാരവിള റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

47. കുന്നിൻ പുറത്തും ചടയൻവിളയിലും ഓരോ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

48. വാർഡിലെ വൈദ്യുതിയില്ലാത്ത 100ൽപരം നിർദ്ധന കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷൻ നൽകുക.

49. പാട്ടവിള റോഡ് വൈദ്യുതീകരിക്കുക.

50. പഞ്ചായത്തിൽ നിന്നും വയറിംഗ് പൂർത്തികരിച്ചിട്ടുള്ള വീടുകൾക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ നൽകുക.

51. പാട്ടവിള, ഉടലിവിളാകം, വാറുവിള വരെയുള്ള ചനൽബണ്ടുവരെയുള്ള വഴി വൈദ്യുതീകരിക്കുക.

52. വാർഡിലെ എല്ലാ പഞ്ചായത്ത് റോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

53. പത്താം വാർഡിലേയും, മൂന്നാം വാർഡിലേയും പ്രദേശമായ കാണക്കുളം വലിയവിള, വാറുണ്ടം, ഉടവിളാകം, പുത്തുവിള്ള, എള്ളുവിള ചടൻവിള എന്നീ ഭാഗങ്ങളിലെ വൈദ്യുത ക്ഷാമം പരിഹരിക്കുന്നതിന് പാട്ടവിള കേന്ദ്രമാക്കി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

54. കാരോട്, മാറാടി വരെ ചാനൽ വൈദ്യുതി ലഭിക്കാത്ത രാജീവ് ദശലക്ഷം കോളനി വൈദ്യുതീകരിക്കുക്.

55. കുഴിഞ്ഞാംവിള വാർഡിൽ കൂതലവിള ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരഹിരക്കുന്നതന് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

56. കാന്തല്ലൂർ വാർഡിൽ എസ്.എം. നഗർ വള്ളത്തോളം മുതൽ അയിരവരെയുള്ള റോഡ് ഇലക്ട്രിക് ലൈൻ വലിക്കുക.

57. വോൾട്ടേജ് ക്ഷാമം പരഹരിക്കുന്നതിന് കാരോട് വാർഡിൽ പൊറ്റ പുതുവൽ അയത്തങ്ങാപഴിഞ്ഞി ചെറുകുഴിക്കര എന്നിഭഗാങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

# 5-vii

# പാർപ്പിടവും സാമൂഹ്യക്ഷേമവും

സ്വന്തമായി ഒരു വീട് എന്നത് എല്ലാ മുഷ്യരുടെയും ഒരു സ്വപ്നമാണ്. എന്നാൽ ഇത് സ്വപ്നമായി അവശേഷിക്കുന്നവരാണ് ഭൂരിഭാഗം പേരും. കൂലിയെടുത്ത് ഉപജീവനം നടത്തുന്ന വരാണ് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം പേരും. അ കാരണം കൊണ്ടുതന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതലും. ഗൾഫ് പണത്തിതന്റെ സ്വാധീനമാണ് കെട്ടിട നിർമ്മാണരംഗത്ത് മാറ്റത്തിന് കാരണമായ ഒരു ഘടകം. സാധാരണക്കാരൻ പോലും ഇപ്പോൾ കോൺക്രീറ്റ് കെട്ടിടങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

**കാരോട് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വീടുകൾ വാർഡ് തിരിച്ച്.**
**93മുതൽ 95 വരെയുള്ള വീടുകളുടെ തരം തിരിച്ചുള്ള പട്ടിക**

| വാർഡ് | ഓല | ഓട് | ഓട് ടെറസ് | ടെറസ് | ഇരുനില | കുടിൽ | നിരകെട്ടിടം | മൊത്തം |
|---|---|---|---|---|---|---|---|---|
| 1 | 120 | 188 | 130 | 98 | 34 | 60 | | 630 |
| 2 | 122 | 180 | 110 | 111 | 20 | 80 | | 623 |
| 3 | 180 | 210 | 88 | 120 | 18 | 98 | | 714 |
| 4 | 212 | 230 | 84 | 112 | 22 | 111 | | 771 |
| 5 | 112 | 204 | 120 | 88 | 38 | 86 | | 648 |
| 6 | 192 | 304 | 111 | 82 | 12 | 188 | 1 | 879 |
| 7 | 122 | 190 | 120 | 111 | 82 | 20 | 80 | 643 |
| 8 | 188 | 130 | 140 | 98 | 34 | 70 | | 660 |
| 9 | 204 | 112 | 120 | 88 | 38 | 96 | | 658 |
| 10 | 188 | 130 | 120 | 108 | 34 | 60 | | 640 |
| 11 | 210 | 190 | 112 | 101 | 40 | 80 | | 733 |

ഭവനനിർമ്മാണരംഗത്ത് വായ്പകൾ നൽകുന്ന ബാങ്കുകൾ പഞ്ചായത്തിൽ ഒന്നും തന്നെ ഇല്ല. മറ്റു പഞ്ചായത്തുകളിലെ ഹൗസിംങ് സൊസൈറ്റിയിൽ നിന്നുമാണ് ഈ പഞ്ചായത്തിലുള്ളവർ വയ്പ എടുക്കുന്നത്. ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ വായ്പകൾ ഉദാരമാക്കേണ്ടതുണ്ട്. സർക്കാർ കാലകാലങ്ങളിൽ ദുർബ്ബലവിഭാഗങ്ങൾക്ക് അനുവദിക്കുന്ന സൗജന്യങ്ങൾ ഇനിയും കൂട്ടേണ്ടതുണ്ട്.

കേരളത്തിൻെറ തനതുമാതൃകകൾ വിട്ട് കോൺക്രീറ്റിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന രീതി മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. ചിലവു കുറഞ്ഞ വീടു നിർമ്മാണത്തിൻെറ പ്രചാരത്തിലൂടെ മാത്രമേ ഇതിനു സാധ്യമാകൂ.

**ഭവനലഭ്യത പട്ടിക**

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 92-93 | 1 | 2 | 6 | 9 |
| 93-94 | - | 1 | 8 | 9 |
| 94-95 | - | 10 | 1 | 11 |
| 95-96 | 10 | 6 | 7 | 23 |
| ആകെ | 11 | 19 | 22 | 52 |

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർധനവാണ് ഈ രംഗത്ത് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ട്. 1989-ൽ 100 രൂപ ആയിരുന്ന സിമൻറ് 1996ൽ 180 രൂപയ്ക്ക് മുകളിലായി. അതുപോലെ തന്നെ കല്ല്‌വില, കമ്പി എന്നിവയുടെ വില വൻതോതിൽ വർധിച്ചിട്ടുണ്ട്.

കൂലിനിരക്കിൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെ കഴിഞ്ഞ 10 വർഷത്തിനിടയിൽ 100% വർധനവാണ് ഉണ്ടായിട്ടുള്ളത്. ഇവിടെയും സ്ത്രീപുരുഷ വേർതിരിവുണ്ട്. ആവശ്യത്തിന് കെട്ടിടം പണിക്കാരെ കിട്ടാത്തത് ഈ രംഗത്തെ മറ്റൊരു പ്രശ്നമാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ സഹകരണസംഘം രൂപീകരിക്കുക.
2. ചിലവുകുറഞ്ഞ വീടുകൾക്കുള്ള പ്രചാരം വർധിപ്പിക്കുക.
3. ചിലവു കുറഞ്ഞ വീടു നിർമ്മാണ ഏജൻസികൾ തുടങ്ങുക.
4. മേസൺ മാർക്ക് ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിക്കുക.
5. സർക്കാർ നൽകുന്ന വായ്പയ്ക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
6. അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി ചെയ്യുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർധിപ്പിക്കുക.
8. രാജീവ് ദശലക്ഷപാർപ്പിട പദ്ധതി പ്രകാരമുള്ള വീടുകളുടെ എണ്ണം കൂട്ടുക.
9. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി തുക വർധിപ്പിക്കുക.
10. ഗൃഹനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ വിൽക്കുന്നതിന് പഞ്ചായത്തിൻെറ കീഴിൽ ഒരു ഷോപ്പ് തുടങ്ങുക.

# സാമൂഹ്യക്ഷേമം

സമൂഹത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴയുള്ള വരെ ഉദ്ധരിക്കുവാനുള്ള പദ്ധതികളാണ് സാമഹ്യക്ഷേമവകുപ്പുവഴി നടപ്പിലാക്കി വരുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി, ക്ഷേമ നിധിബോർഡ് എന്നിവടങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങളാണ് ഈ വിധത്തിൽ കാരോട് പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. ഇവയൊക്കെ നാമമാത്രമായിട്ടാണ് ലഭിക്കുന്നത്.

ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവിരം.

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | S.C./S.T കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചവർ | S.C./S.T | ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയവർ |
|---|---|---|---|---|---|
| 1 | 280 | 39 | 7 | 4 | - |
| 2 | 265 | 21 | 6 | 4 | - |
| 3 | 289 | 15 | 7 | 3 | - |
| 4 | 291 | 62 | 5 | 1 | - |
| 5 | 300 | 27 | 9 | 6 | - |
| 6 | 121 | 1 | 22 | 10 | - |
| 7 | 161 | 1 | 24 | 16 | 1 |
| 8 | 227 | 5 | 23 | 9 | - |
| 9 | 252 | - | 23 | 9 | - |
| 10 | 217 | 25 | 17 | 8 | - |
| 11 | 163 | 20 | 26 | 11 | |

അബലകളും, വൃദ്ധരും, വികലാംഗരും, മന്ദബുദ്ധികളും, അനാഥരും സാമൂഹ്യജീവികളാണ്. ജനനംകൊണ്ട് ജിവച്ഛവങ്ങളായി ജന്മം പൂർത്തീകരിക്കാൻ വിധിക്കപ്പെട്ടവർക്ക് ആഗോളതലത്തിൽ ഉയർത്തെഴുന്നേറ്റുകൊണ്ടിരിക്കുന്ന ഈ മഹനീയ മുഹൂർത്തത്തിൽ സാമഹ്യ മാറ്റത്തിതന്റെ കാഹള ശബ്ദം കേൾക്കാനുള്ള അവസരവും അവകാശവും നാം നൽകേണ്ടതാണ്.

ഒരു ആയുഷ്ക്കാലം മുഴുവൻ കടുംബത്തിനു വേണ്ടി കോണുകളിൽ കൂനിക്കൂടിയിരിക്കുവാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ വൃദ്ധജനങ്ങൾ നമ്മുടെ സമൂഹത്തിന്റെ മുന്നിൽ ഒരു ചോദ്യ ചിഹ്നമായി നിൽക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും ദുർബലവിഭാഗങ്ങൾക്കും നിരവധി ആനുകൂല്യങ്ങൾ ഗവണ്മെന്റ് നടപ്പിലാക്കി വരുന്നു. അതുപോലെ വിധവകൾക്കും, അബലകൾക്കും, വികലാംഗർക്കും, ശിശുക്കൾക്കും, വൃദ്ധർക്കും, മന്ദബുദ്ധികൾക്കും പ്രയോജനം ലഭ്യമാകുന്നു. വൃദ്ധമന്ദിരങ്ങളും അവർക്കുവേണ്ടുന്നതായ ആനുകൂല്യങ്ങളും സ്ഥാപിതമാകുമ്പോൾ സാമൂഹ്യ മനസ്സാക്ഷിക്കു മുമ്പിൽ വലിച്ചെറിയപ്പെട്ട വൃദ്ധജനങ്ങളെ നമുക്ക് ആശ്വസിപ്പിക്കാൻ കഴിയും.

പോളിയോ മൂലം അംഗവൈകല്യം അനുഭവിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ ക്ഷേമത്തിനായി ഗവണ്മെന്റ് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ഇവരെ മാരകമായ രോഗത്തിൽ നിന്നും രക്ഷിക്കുവാൻ സമയാസമയങ്ങളിൽ വേണ്ട പ്രതിരോധ കുത്തിവയ്പുകൾ നൽകണം.

കാരോട് പഞ്ചായത്തിൽ മന്ദബുദ്ധി കേന്ദ്രങ്ങളോ, അനാഥാലയങ്ങളോ ഒന്നും

തന്നെയില്ല. അംഗനവാടികൾ ഒന്നും തന്നെയില്ല. നാമമാത്രമായി നഴ്സറി സ്ക്കൂൾ പ്രവർത്തി ക്കുന്നുണ്ട്.

എന്തെല്ലാം പദ്ധതികളാണ് നടപ്പിലുള്ളതെന്ന് ഈ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുള്ളവർ അജ്ഞരാണ്. സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിക്ക് കാര്യമായ പങ്ക് വഹിക്കാൻ ഇല്ലാത്തതിനാൽ ക്ഷേമപ്രവർത്തനങ്ങൾ വേണ്ടുന്ന വിധത്തിൽ നടക്കുന്നില്ല ട്രൈസം തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയവർ വിരളം പഞ്ചായത്തിൽ പരിശീനകേന്ദ്രങ്ങൾ ഇല്ല. സ്വയം തൊഴിൽ കണ്ടെത്തിയവർ ചുരുക്കം. അവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല. സാമൂഹ്യ ക്ഷേമ വകുപ്പു വഴി ദാരിദ്ര്യ രേഖയ്ക്കു താഴെ യുള്ളവർക്ക് നിരവധി ആനുകൂല്യങ്ങൾ നടപ്പി ലാക്കു വരുന്നു.

## പ്രശ്നങ്ങൾ

1. മന്ദബുദ്ധികൾ, വികലാംഗർ, വൃദ്ധജനങ്ങൾ, വിധവകൾ, അനാഥരായ കുട്ടികൾ എന്നി അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് കാര്യക്ഷമതയും സ്ഥിരതയുള്ള ക്ഷേമപ്രവ ർത്തനങ്ങൾ നിലവിലില്ല,
2. സ്ത്രീകളുടെ തൊഴിലില്ലായ്മ മൂലം അവരുടേ തായ വരുമാനം നാമമാത്രമാണ്. ഇത് പുരുഷമേധാവിത്വത്തിന് വഴിതെളിക്കുന്നു.
3. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവുതന്നെയാണ്. സ്ത്രീധനം നിരോധിച്ചി ട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം സാർവത്രികമാണ്. ഇതിൻെറ ദുരന്തം അനുഭവിക്കുന്നവർ ഇടത്തരക്കാരും താഴെ ത്തട്ടിലും ഉള്ളവരുമാണ്.
4. സ്ത്രീധനം, ആഭരണം എന്നിവയ്ക്ക് രക്ഷകർ ത്താക്കൾ പണം കണ്ടെത്തിയാൽ മാത്രമേ ഒരു പെൺകുട്ടി വിവാഹിതയാകാൻ യോഗ്യത നേടുന്നുള്ളൂ. ഇനിയെങ്കിൽ അവൾ അവിവാഹിതയായി കഴിയേണ്ടി വരുന്നു. ഇത് നിയമലംഘനമാണ്.
5. ഐ.ആർഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകി വരുന്ന ധനസഹായം യഥാസമയം ലഭിക്കന്നില്ല.
6. പലക്ഷേമ പ്രവർത്തനങ്ങളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല.
7. ലക്ഷംവീട് കോളനികളിൽ ഒരു വീടിൻെറ ഇരുഭാഗത്തായി ഓരോ കുടുംബങ്ങൾ താമസിക്കുന്നു. ഇവർക്ക് സ്ഥലപരിധി പ്രശ്നമാകുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. അവശവിഭാഗങ്ങളുടെ സമഗ്രമായ വിവരം ശേഖരിച്ച് സ്ഥിരമായ ജീവിതസാഹചര്യം സർക്കാർ സഹായത്തോടെ ഉറപ്പാക്കണം.
2. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം വിതരണം നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കു കയും കാലതാമസം വരുത്താതെ നൽകി യാൽ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയു ള്ളവർക്ക് ആശ്വാസമാകൂ.
3. കോളനികളിൽ ഒരു വീടിൻെറ ഇരുഭാഗ ത്തുമായി പാർക്കുന്ന കുടുംബങ്ങളെ ഓരോ ഭവനങ്ങളിലായി മാറ്റി പാർപ്പിക്കണം.
4. പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം അടിയന്തിരമായി നൽകേണ്ടതാണ്.
5. സാമൂഹ്യ ക്ഷേമത്തിനായി ഹെൽത്ത് സെൻറ റുകൾ മുഖേന പരിശീലനം ലഭിച്ച ട്രെയിനു കൾ വാർഡിൻെറ എല്ലാ ഭാഗങ്ങളും സന്ദർ ശിച്ച് നിർദ്ദേശങ്ങളുഉം ഉപദേശങ്ങളും നൽകുക.
6. അഗതികളെയും വൃദ്ധരായ ആളുകളെയും സംരക്ഷിക്കുന്നതിനു വേണ്ടി വൃദ്ധമന്ദിരം സ്ഥാപിക്കുക.
7. ഗ്രാമസേവിക ആഫീസിന് അടുത്തായി സ്ഥിതി ചെയ്യുന്ന ഹെൽത്ത് സെൻറർ കുടുതൽ സജീവമാക്കുക.
8. മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കുക.

9. നിലവിലുള്ള പെൻഷനുകൾ അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

10. വിവിധക്ഷേമ പദ്ധതികൾ പഞ്ചായത്തുവഴി നടപ്പാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

11. വിധവകളുടെ പെൺമക്കളെ കെട്ടിച്ചുഉ കൊടുക്കുന്നതിനുള്ള ധനസഹായം 2000 ത്തിൽ നിന്നും 5000 ആക്കുക.

## ഡി.ഡബ്ല്യൂ.സി.ആർ.എ. സഹായ ലഭ്യത.

ഡി.ഡബ്ല്യൂ.സി.ആർ.എ.യുടെ പദ്ധതി പ്രകാരം മൂന്ന് യൂണിറ്റുകളാണ് കാരോട് പഞ്ചായത്തിലുള്ളത്. 4-ാം വാർഡിൽ പ്രവർത്തിക്കുന്ന അയിര ഡി.ഡബ്ല്യൂ.സി.ആർ.എ. സ്കീം. ഇത് ഒരു ടെയിലറിംഗ് യൂണിറ്റ് ആണ്. ഇതിനു പുറമേ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രിയങ്ക ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റ് ചെരുപ്പ് നിർമ്മാണം 7-ാം വാർഡിലെ ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റ് [illegible]ി. കുടനിർമ്മാണം. 1992-93 മുതൽ 95-96 വരെയുള്ള ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

### പട്ടിക - 1
### ഡി ഡബ്ല്യൂ എൽ ആർ എ സഹായ ലഭ്യതാ കണക്ക്

| Sl. No | Year | SC | ST | Others | Total | IGA | SC | ST | Others | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 92-93 | - | - | - | 1 | 1 | 3 | - | 8 | 11 |
| 2 | 93-94 | - | - | - | - | - | - | - | - | - |
| 3 | 94-95 | - | - | - | 1 | 1 | 2 | - | 8 | 10 |
| 4 | 95-96 | - | - | 1 | 1 | 1 | - | - | 10 | 10 |

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ നൽകുന്നതാണ് ട്രൈസം. 1992-93 വർഷം മുതൽ 95-96 വർഷം വരെ കാരോട് പഞ്ചായത്തിൽ മൊത്തം 15 പേർക്ക് പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

### പട്ടിക - 2 TRYSM

| വർഷം | പരിശീലനം നേടിയവർ | | | | പണിയെടുക്കുന്നവർ | | | | പരിശീലനത്തിൽ ഇരിക്കുന്നവർ |
|---|---|---|---|---|---|---|---|---|---|
| | SC | ST | മറ്റുള്ളവ | മൊത്തം | വനിത | വികലാംഗർ | സ്വയം തൊഴിൽ | അല്ലാത്തവർ | |
| 92-93 | - | - | - | - | - | - | - | - | 7 |
| 93-94 | 2 | - | 5 | 7 | 6 | - | 1 | 6 | - |
| 94-95 | - | - | - | - | - | - | - | - | 8 |
| 95-96 | 1 | - | 7 | 8 | 8 | - | 7 | 1 | 11 |

## ടൂൾകിറ്റ്

ഗ്രാമതലത്തിൽ കൈത്തൊഴിലുകാർക്ക് നവീനതൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. 1992-93 വർഷം മുതൽ കാരോട് പഞ്ചായത്തിലെ 2 വി.ഇ.ഒ. സർക്കിളുകളിലായി 81 ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

**കാരോട് പഞ്ചായത്തിലെ ടൂൾ കിറ്റ് വിതരണം**

| വർഷം | എണ്ണം | റൂറൽ ആർട്ടിസൻസ് |
|---|---|---|
| 92-93 | 11 | 46 |
| 93-94 | 45 | 46 |
| 94-95 | 21 | 46 |
| 95-96 | 4 | 46 |

## സി.ആർ.എസ്.പി. പദ്ധതി.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത് 1992-93 മുതൽ 95-96 വരെ ഇപ്രകാരം 90 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ഓരോ വർഷത്തിലും വളരെ കുറച്ചു പേർക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. ഇതിന്റെ എണ്ണം വർദ്ധിപ്പിക്കണം.

**CRSP പദ്ധതി പ്രകാരം നിർമ്മിച്ച കക്കൂസുകൾ**

| വർഷം | നിർമ്മിച്ച കക്കൂസുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | Target | SC | ST | Others | Total |
| 93-94 | 29 | 6 | - | 23 | 29 |
| 94-95 | 37 | 2 | - | 35 | 37 |
| 95-96 | 25 | 5 | - | 19 | 24 |

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് നടത്തുന്ന പെൻഷൻ പദ്ധതികളൊക്കെ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ലെന്നതും അനർഹരായ പലരും ഇത് കൈപ്പറ്റുന്നു എന്നുള്ളത് ഈ രംഗത്തെ ഒരു പോരായ്മയാണ്. പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി പരാതികളും നിർദ്ദേശങ്ങളും പൊന്തിവന്നിട്ടുണ്ട്.

## പെൻഷനെ സംബന്ധിച്ചുള്ള വിവിരങ്ങൾ

***1. വിധവാപെൻഷൻ***

പ്രായപൂർത്തിയായ ആൺ മക്കളുള്ളവർക്ക് ഈ പെൻഷൻ ലഭിക്കില്ലാ എന്ന നിയമം മാറ്റി അവർക്ക് മരണംവരെ പെൻഷൻ അനുവദിക്കണം. ഈ പഞ്ചായത്തിൽ 149 പേർക്ക് ഇത് ലഭിക്കുന്നുണ്ട്.

***2. വികലാംഗപെൻഷൻ.***

വികലാംഗരായ മുഴുവൻ ആളുകൾക്കും ഈ പെൻഷൻ നൽകണം. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടാതെ പലരും ബുദ്ധിമുട്ടുന്നുണ്ട്. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ആഫീസർക്കു നൽകണം. കാരോട് പഞ്ചായത്തിൽ വികലാംഗപെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 320.

***3. കർഷകത്തൊഴിലാളിപെൻഷൻ.***

കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യം എല്ലാപേർക്കും ലഭ്യമാകുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻപേർക്കും പെൻഷൻ ലഭിക്കുന്നില്ല. അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. ഇവരെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. ഈ പദ്ധതിപ്രകാരം 1820 പേർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നത്.

***4. തൊഴിലില്ലായ്മ വേതനം.***

തൊഴിലില്ലായ്മ വേതനം പറ്റുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

## തൊഴിലില്ലായ്മ വേതനം

| വർഷം | എണ്ണം |
|---|---|
| 1985 | 9 |
| 86 | 69 |
| 87 | 63 |
| 88 | 48 |
| 89 | 52 |
| 90 | 58 |
| 91 | 69 |
| 92 | ഇല്ല |
| 93 | 93 |
| 94 | 95 |

ഇതിനു പുറമെ അഗതി പെൻഷൻ ലഭിക്കുന്ന 582 പേരും വാർദ്ധക്യ പെൻഷൻ ലഭിക്കുന്ന 23 പേരും ക്ഷയ രോഗ പെൻഷൻ ലഭിക്കുന്ന 6 പേരും ക്യാൻസർ രോഗ പെൻഷൻ ലഭിക്കുന്ന 5 പേരും ഈ പഞ്ചായത്തിലുണ്ട്.

## IAY പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം

| വർഷം | ടാർജറ്റ് വീടുകൾ | പൂർത്തീകരിച്ചത് | പണിനടന്നുകൊണ്ടിരിക്കുന്നത് | RR Cases |
|---|---|---|---|---|
| 92-93 | 2 | 1 | - | 1 |
| 93-94 | - | - | - | - |
| 94-95 | - | - | - | - |
| 95-96 | 25 | 10 | - | 9 |

## ക്ഷേമനിധികൾ

കയർതൊഴിലാളികൾ മുഴുവൻ ക്ഷേമനിധിയിൽ ചേർന്നിട്ടില്ല. ഇവരെ മുഴുവൻ ഇതിൽ അംഗങ്ങളാക്കണം

പഞ്ചായത്തിൽ കുറേ പേർ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നു. ഇതിൽ മുഴുവനാളുകളെയും അംഗങ്ങളാക്കി മാറ്റണം. ഇവരുടെ പെൻഷൻ പ്രായം 55 ആക്കി ചുരുക്കണം.

തയ്യൽ, ബാർബർ, കൊല്ലൻമാർ, വാച്ച്, ആശാരി, സൈക്കിൾ റിപ്പയറൻമാർ തുടങ്ങിയവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കാര്യമായി ഇതിനുവേണ്ട പ്രവർത്തനം നടത്തിയിട്ടില്ല ഇതും പരിഹരിക്കണം.

## നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികൾ

| വാർഡ് | സ്കൂൾ കെട്ടിടം | ആശുപത്രി കെട്ടിടം | പാലം | കൾവർട്ട് | കുളം | ജലസേചന കിണർ | കുടി വെള്ളം കിണർ | ടാർ റോഡ് കി.മി |
|---|---|---|---|---|---|---|---|---|
| 1 | 1 | 1 | 4 | 4 | 4 | 1 | 6 | 2 |
| 2 | 1 | - | 6 | 5 | 6 | 3 | 8 | 3 |
| 3 | 1 | 1 | 5 | 6 | 5 | 2 | 11 | 4 |
| 4 | - | 1 | 6 | 4 | 3 | 1 | 9 | 2 |
| 5 | 1 | - | 7 | 9 | 5 | 1 | 7 | 3.5 |
| 6 | - | - | 2 | 4 | 4 | 1 | 4 | 6 |
| 7 | 2 | - | 3 | 5 | 3 | 1 | 7 | 3 |
| 8 | - | 1 | 1 | 7 | 4 | - | 8 | 4 |
| 9 | - | - | 2 | 6 | 5 | 1 | 6 | 4 |
| 10 | 1 | - | 4 | 5 | 3 | 1 | 3 | 3.5 |
| 11 | - | - | 3 | 4 | 2 | 1 | 4 | 2 |

## NWS Work

| വർഷം | വീടുപണി പൂർത്തിയാക്കിയത് | വീടു പണി പുരോഗമിക്കുന്നു | കിണർ പൂർത്തിയാക്കിയത് | ലാൻഡ് ഡവലപ്മെൻറ് | മറ്റു പണികൾ |
|---|---|---|---|---|---|
| 92-93 | 2 | 1 | 11 | 0.65 | - |
| 93-94 | 1 | 7 | 12 | 0.70 | - |
| 94-95 | 10 | 7 | 13 | 0.70 | |
| 95-96 | 6 | - | 4 | 0.24 | 2 |

## JRY Work

| വർഷം | റോഡ് - കി.മീറ്റർ | വീട് പൂർത്തിയാക്കിയത് | കക്കൂസ് | കുടിവെള്ളം-കിണർ | ജലസേചനം-കിണർ | ജലസേചനം-ടാങ്ക് | സ്കൂൾ കെട്ടിടം | തൊഴിലവസരം എണ്ണം |
|---|---|---|---|---|---|---|---|---|
| 92-93 | 3.9 | 6 | 16 | 1 | - | - | - | 3700 |
| 93-94 | 2.5 | 8 | 10 | - | - | 1 | - | 4400 |
| 94-95 | - | 1 | - | - | - | - | - | 500 |
| 95-96 | 2.2 | 7 | 6 | - | - | - | - | 3650 |
| ആകെ | | 22 | | | | | | |

## DWCRA പദ്ധതി വിവരം

| വാരഡ് | തൊഴിൽ സംരംഭത്തിൻെറ പേര് | അനുവദിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമതം |
|---|---|---|---|---|
| 3-4 | റെഡിമെയ്ഡ് സെൻറർ | 95-96 | 10 | തൃപ്തികരം |
| 7 | കുടനിർമ്മാണം റെഡിമെയ്ഡ് തുണി | 94-95 | 10 | ശരാശരി |
| 6 | റെക്സിൻ ലതർ വർക്ക് | 95-96 | 10 | ശരാശരി |

## ഭവന നിർമ്മാണം

| വാരഡ് നമ്പർ | IRDPസർവെ പ്രകാരം വീട് ആവശ്യമുള്ളവർ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചവ |
|---|---|---|---|
| 1. | - | 4 | പൂർത്തിയായി |
| 2 | - | 4 | പൂർത്തിയായി |
| 3 | - | 5 | പൂർത്തിയായി |
| 4 | - | 6 | പൂർത്തിയായി |
| 5 | - | 4 | പൂർത്തിയായി |
| 6 | - | 33 | 26 |

## IRDP

| വർഷം | ആനുകൂല്യം കിട്ടിയ വീടുകൾ | | | | അനുവദിച്ച തുക | | | | ഒരു കുടുംബത്തിന് അനുവദിച്ചത് |
|---|---|---|---|---|---|---|---|---|---|
| | SC | ST | മറ്റുള്ളവ | മൊത്തം | വനിത | വികലാംഗർ | സബ്സിഡി | ലോൺ | |
| 92-93 | 36 | - | 23 | 59 | 30 | 1 | 2.13 | 2.7 | 8186 |
| 93-94 | 32 | - | 28 | 60 | 26 | 4 | 2.73 | 3.68 | 10658 |
| 94-95 | 35 | - | 28 | 63 | 33 | 1 | 3.26 | 4.85 | 12873 |
| 95-96 | 32 | - | 27 | 59 | 40 | 3 | 2.98 | 5.97 | 15169 |

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വാർദ്ധക്യകാല പെൻഷൻ പഞ്ചായത്ത് | മാതൃസഹായം പഞ്ചായത്ത് | അഗതി പെൻഷൻ | വിധവ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | അവശ കലാകാരൻമാർക്കും സാഹിത്യ കാരൻമാർക്കും നല്കുന്ന പെൻഷൻ | അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ | ക്ഷയരോഗ പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | കുടുംബസഹായം പഞ്ചായത്ത് തലം | വികലാംഗ പെൻഷൻ |
|---|---|---|---|---|---|---|---|---|---|---|---|---|
| - | - | - 582 | 239 | 23 | - | - | 6 | 5 | 1280 | 95 | - | 320 |

***മനുഷ്യ രാശിയെ സംബന്ധിക്കുന്ന ധാർമ്മികവും സാമൂഹ്യവും സാമ്പത്തികവുമായ കർത്തവ്യം എന്ന നിലയിൽ ദേശീയ പരിപാടികളിലൂടെയും അന്തർ ദേശീയ സഹകരണത്തിലൂടെയും ദാരിദ്ര്യത്തെ ലോകത്തിൽനിന്ന് തുടച്ചു നീക്കുക.***

5 -viii

# സംസ്കാരം

നമ്മുടെ പഞ്ചായത്ത് പൂർണ്ണമായും ഗ്രാമീണ സംസ്ക്കാരം ഉൾക്കൊള്ളുന്ന പഞ്ചായത്താണ്. നഗരത്തിന്റെ പുത്തൻ സാംസ്ക്കാരിക രീതി കടന്നുകൂടുവാൻ ഇന്നും അറച്ചു നിൽക്കുന്നു സാംസ്ക്കാരികമായി നല്ല നിലവാരം പുലർത്തുന്ന ഒരു പൈതൃകമാണ് നമുക്കുള്ളത്. നാനാജാതി മതസ്ഥരായ ആളുകൾ ഏകോദര സഹോദര ങ്ങളെ പോലെ കഴിഞ്ഞു വരുന്ന മഹത്തായ ഒരു സംസ്ക്കാരമാണ് നമുക്കുള്ളത്.

മനുഷ്യന്റെ മാനസികമായ മാറ്റത്തിന്റെയും വളർച്ചയുടെയും പ്രവർത്തന ശൈലിയുടേയും പാരമ്പര്യത്തിൻറേയും ആകെത്തുകയാണ് സംസ്ക്കാരം. സാംസ്ക്കാരത്തെ ക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ വിപുലമാക്കു മ്പോൾ കലയും സാഹിത്യവും മാത്രമല്ല സംസ്ക്കാരം. മാനസികസംസ്ക്കാരവും ഭൗതികസംസ്ക്കാരവും ഇതിന്റെ വക ഭേദങ്ങളാണ്. നൂറ്റാണ്ടുകളായി മനുഷ്യമനസുകളിൽ അന്തർലീനമാരിക്കുന്ന വിശ്വാസങ്ങളും മൂല്യ ബോധവും മിഥ്യാബോധവും മാനസിക സാംസ്ക്കാരത്തിന്റെ ഭാഗങ്ങളാകുമ്പോൾ ആചാരങ്ങളും അനാചാരങ്ങളും ഭൗതികസംസ്ക്കാര പട്ടികയിൽ പെടുന്നു. നാനാത്വത്തിൽ ഏകത്വം എന്ന അടിസ്ഥാന മൂല്യത്തിൽ അധിഷ്ഠിതമാണ് നമ്മുടെ മതേതര സങ്കല്പം. ആയിരം ജാതികളും ഉപജാതികളും നൂറുകണക്കിനു മതങ്ങളും അരാധനക്രമങ്ങളും ഇവിടെ ഇപ്പോഴും നിലനിൽക്കുന്നു. അത്രയ്ക്കം വൈവിധ്യമുള്ള സംസ്ക്കാരമാണ് നമുക്കുള്ളത്. ഒരു വർണ്ണമാലയിലെ വിവിധ പുഷ്പങ്ങളെപ്പോലെ യാണ് നമ്മുടെ നാടിന്റെ മതസൗഹാർദ്ദം. മത സൗഹാർദ്ദത്തിന്റെ വിളനിലമാണ് നമ്മുടെ കൊച്ചുഗ്രാമം

അതിപുരാതനമായ ഹൈന്ദവ ക്ഷേത്രങ്ങളും ക്രിസ്ത്യൻ ആരാധനാലയങ്ങളും മുസ്ലീം പള്ളികളും ഉൾക്കൊള്ളുന്ന പഞ്ചായത്താണ് നമ്മുടേത്. രാജ്യത്തുടനീളം വർഗ്ഗീയ കലാപങ്ങൾ ആഞ്ഞടി ക്കുമ്പോഴും അതിന്റെ ലാഞ്ചനപോലും ഏല്ക്കാത്ത ഗ്രാമമാണ് നമ്മുടേത്. നമ്മുടെ ഗ്രാമീണ സംസ്ക്കാരത്തിന് ചാരുത പകരുന്ന

രീതിയിലാണ് ഇവിടത്തെ ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്നത്. പൊഴിയൂർ മഹാദേവർ ക്ഷേത്രം പാറയിൽ ശ്രീധർമ്മ ശാസ്താ ക്ഷേത്രം കാരോട് ശ്രീ നിലകണ്ഠേശ്വര ക്ഷേത്രം താഴവിള ദേവീക്ഷേത്രം അയിരചൂണ്ടിക്കൽ ധർമ്മശാസ്താ ക്ഷേത്രം എറിച്ചല്ലൂർ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രവും അതുപോലെതന്നെ ചരിത്ര പ്രധാനവും പുണ്യപുരാതനവുമായ കാന്തള്ളൂർശാല എന്ന പേരിൽ പ്രസിദ്ധമായ സംസ്കൃതഭാഷാ പഠനകേന്ദ്രം എന്നു സങ്കല്പുക്കപ്പെടുന്നു കാന്തള്ളൂർശാലയും നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്നു. അതുപോലെതന്നെ കൃസ്തീയ ആരാധനാലയങ്ങളായ കാരോട് സി.എസ്.ഐ. ചർച്ച് പൊറ്റയിൽക്കട ആർ.സി.ചർച്ച് പഴയ ഉച്ചക്കട ആർ.സി. ചർച്ച്, ഉച്ചക്കട ആർ.സി. ചർച്ച് എന്നിവ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്രിസ്തീയ ആരാധനാലയങ്ങളാണ്. ചാരോട്ടുകോണം ജുമാമസ്ജിദ് ഈ പഞ്ചാത്തലത്തിലെ ഏക മുസ്ലീം ആരാധനലയമാണ്. വൈ.എം.സി.എ. മുസ്ലീം ജമാദ് എൻ.എസ്.എസ്. കരയോഗങ്ങൾ എന്നിവ ഇതിലുൾപ്പെടുന്നു. കൂടാതെ താഴെപറയുന്ന കലാസാംസ്ക്കാരിക കേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

1. കൃഷ്ണവിലാസം ഗ്രന്ഥശാല, കാരോട്
2. വിജ്ഞാന പ്രദായനി ഗ്രന്ഥശാല, ഉച്ചകട
3. ജനതാവായനശാല, കാന്തള്ളൂർ
4. നല്ലതമ്പി മെമ്മോറിയൽ ആർട്ട്സ്ക്ലബ്ബ്, അമ്പിലികോണം.
5. സർഗ്ഗധാര കലാസാംസ്ക്കാരിക സമിതി, കുന്നിയോട്
6. നേതാജി യുവജനസംഘം ഗ്രന്ഥശാല, പ്ലാമൂട്ടുക്കട
7. ഹിശൈല യുണൈറ്റഡ് ക്ലബ്ബ്, ഞാറക്കാല
8. പുലരി ആർട്ട്സ ക്ലബ്ബ്, അയിര
9. പ്രീയദർശനി മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ്, അയിര
10. ഗ്രാമോദ്ധാരണ ഗ്രന്ഥശാല, അയിര
11. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് സെൻറ് ജോസഫ് ചർച്ച്, പൊറ്റയിൽക്കട
12. ബ്രണ്ട്സ് ലൈബ്രറി ആൻറ് റീഡിംഗ് റൂം, എറിച്ചല്ലൂർ
13. കാട്ടാപ്പുഴിഞ്ഞി പൗരസമിതി, കാരോട്
14. പ്രീയാ തിയറ്റേഴ്സ് ഉച്ചക്കട
15. വൈശാഖ് തിയറ്റേഴസ്, അയിര
16. ക്രൈസ്റ്റ് ആർട്ട്സ് ക്ലബ്ബ്, കാരോട്
17. ചാരിട്ടബിൾ യൂത്ത് ക്ലബ്ബ്, പ്ലാമൂട്ടുക്കട

മുകളിൽ പറഞ്ഞിരിക്കുന്ന സാംസ്ക്കാരിക കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വിപുലീകരിച്ചാൽ ഈ പഞ്ചായത്തിലെ സാംസ്ക്കാരിക ഉന്നതിക്ക് പ്രയോജനം ചെയ്യും.

## നിർദ്ദേശങ്ങൾ

1. സാംസ്ക്കാരിക തകർച്ചയ്ക്കും മൂല്യച്യുതിക്കുമെതിരെ പഞ്ചായത്ത് തലത്തിൽ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
2. അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കണം നടത്തുക.
3. വിവാഹദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം നിയമം മൂലം തടയുകയും ബോധവത്ക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
4. നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ ഒരു പ്രാദേശിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
5. ലൈബ്രറികളുടെ പ്രവർത്തനം കാലോചിതമായി നവീകരിക്കുകയും വീഡിയോ ക്ലബ്ബുകളും ഫിലിം സൊസൈറ്റികളും സ്ഥപിക്കേണ്ടതതുമാണ്.
6. പഞ്ചായത്ത് തനതായി സായാഹ്നങ്ങളിൽ വിശ്രമിക്കുന്നതിനുവേണ്ടി ഒരു പാർക്ക് ആധുനികരീതിയിതക നിർമ്മിക്കുക, കാരോട് പഞ്ചായത്തിലെ മിനി സ്റ്റേഡിയത്തിൽ തുടങ്ങിയാൽ നന്നായിരിക്കും.

## ഗ്രന്ഥശാലകൾ

കേരളത്തിലെ ഏറ്റവും സുസംഘടിതമായ ജനകീയ സാംസക്കാരിക കേന്ദ്രമാണ് കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനം. 169 വർഷങ്ങൾക്കു മുമ്പാണ് കേരളത്തിൽ പബ്ലിക് ലൈബ്രറി എന്ന സങ്കൽപ്പം പൂവണിഞ്ഞത്. കാരോട് പഞ്ചായത്തിൽ ആദ്യത്തെ ലൈബ്രറി 1942-ൽ സ്ഥാപതമായ ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാലയാണ് ഇന്ന് കാരോട് പഞ്ചായത്തിൽ ആകെ 7 ഗ്രന്ഥശാല കളാണ് നിലവിലുള്ളത്. ഇതിൽ ഒരെണ്ണം പഞ്ചായത്ത് ലൈബ്രറി ആണ്. ഉച്ചക്കട ആസ്ഥാന മാക്കി പ്രവർത്തിക്കുന്ന വിജ്ഞാനപ്രദായിനി, പ്ലാമൂട്ടുക്കടയിലെ നേതാജി യുവജനസംഘം ഗ്രന്ഥശാല എന്നിവ ഈ പഞ്ചായത്തിലെ പ്രശസ്തമായ രണ്ടു ഗ്രന്ഥശാലകളാണ്.

കേരളത്തിലെ സാംസ്ക്കാരിക രംഗത്തും, വിദ്യാഭ്യാസ രംഗത്തും ഗ്രന്ധശാലകൾ ഉണ്ടാക്കിയ മാറ്റം അസൂയാവഹമാണ്. കരോട് പഞ്ചായ ത്തിലും വിദ്യാഭ്യാസപരമായ മുന്നേറ്റത്തിന് ഗ്രന്ഥശാലകൾ നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ആദ്യകാലത്തു നിന്നും വിഭിന്നമായയ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. ഔപചാരികമായി പൊതുവിദ്യാഭ്യാസ സ്ഥാപ നമായ ജനകീയ ഗ്രന്ഥശാലകളെ വീണ്ടും സജീവമാ ക്കുക എന്നത് ജനകീയാസൂത്രണ പ്രവർത്തനത്തിൽ മുൻതൂക്കം കൊടുക്കേണ്ട ഒന്നാണ്. ഈരംഗത്തെ ശോച്യവസ്ഥ മാറ്റുന്നതിനു ചില നിർദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. ഗ്രന്ഥശാലകൾക്ക് വർഷാവർഷം പുതിയ പുസ്തകങ്ങൾ വാങ്ങാൻ പഞ്ചായത്തു ബഡ്ജറ്റിന്റെ 3 ശതമാനം മാറ്റി വയ്ക്കുക.
2. കെട്ടിടം പണിയുണന്നതിനും, അറ്റകുറ്റപ്പണി കൾ ചെയ്യുന്നതിനും സഹായം ചെയ്യുക.
3. വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപി ക്കുക ഇതിനുവേണ്ട സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുക.
4. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രന്ഥശാലയ്ക്കു സമ്മാനം നൽകുക. വായന പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതികൾ ഉണ്ടാക്കുക.
5. ഓരോ ഗ്രന്ഥശാലയും റൂറൽ ഇൻഫൊർ മേഷൻ സെൻറർ ആക്കി മാറ്റുക.
6. പഞ്ചായത്ത് ലൈബ്രറി സജീവമാക്കുക. ഗ്രന്ഥശാലാ സംഘത്തിൽ ആഫിലിയേഷൻ ന...ുക. പഞ്ചായത്തിലെ ഒരു പ്രധാന ഇൻഫൊർമേഷൻ സെൻറർ ആക്കി മാറ്റുക. ലൈബ്രേറിയനെ സ്ഥിരമാക്കുക.
7. പഞ്ചായത്ത് ലൈബ്രറിയും, മറ്റ് ബ്രൈറി യുമായി ചേർന്ന ഒരു നെറ്റവർക്ക് സ്ഥാപി ക്കുക. പഞ്ചായത്തിൽ മൊബൈൽ ലൈബ്രറി സംവിധാനം ആരംഭിക്കുക.

## കായികം

കായികരംഗത്ത് പറയത്തക്ക നേട്ടമൊന്നും നമ്മുടെ പഞ്ചായത്തിനില്ല. എന്നാൽ ഇത് സാധ്യതയുണ്ട്. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്ത തിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാ ഭിരുചി വളർത്തിയെടുക്കുന്നതിനുള്ള ബോധ പൂർവ്വമായ ശ്രമം ചെയ്യാത്തതുകൊണ്ടാണ്. കായികരംഗവുമായി ബന്ധപ്പെട്ട് ധാരാളം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ചെറിയതോതിൽ ഇവയ്ക്ക ഗ്രാൻറനുവദിക്കുക.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ ഒരു സ്പോർട്ട്സ് പരിശീലനകേന്ദ്രം സ്ഥാപിക്കുക.
2. വോളിബോൾ, ഫുട്ബാൾ, ബാഡ്മിൻറൺ തുടങ്ങിയവയ്ക്ക് പ്രോൽസാഹനം നൽകുക.
3. എല്ലാവർഷവും വോളിബാൾ, ഫുട്ബാൾ ടൂർണമെൻറ് പഞ്ചായത്തിന്റെ കീഴിൽ നടത്തുക.
4. പഞ്ചായത്ത്സ്റ്റേഡിയം മെച്ചപ്പെടുത്തുക.
5. എറിച്ചല്ലൂർ എൽ.പി.ജി.എസ്. ഗ്രൗണ്ട് ഒരു മിനിസ്റ്റേഡിയമാക്കുക.
6. 100 മീ. 200 മീ. എന്നിവയ്ക്ക് കണക്കാക്കി ഒരു ട്രാക്ക് എങ്കിലും ഈടാവുന്ന സ്റ്റേഡിയം ഉണ്ടാക്കുക.

7. മധ്യവേനൽ അവധിക്കാലത്ത് സ്ക്കൂൾ കുട്ടികൾക്കായി വിവിധകോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

## സംസ്ക്കാരം മറ്റു നിർദ്ദേശങ്ങൾ

1. മധ്യവേനലവധിക്കാലത്ത് കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അല്ലെങ്കിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്ന സന്നദ്ധസംഘടനകളുമായി ചേർന്ന് സഹകരിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുക.
2. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
3. വിവിധ പ്രദേശങ്ങളിലെ റേഡിയോ, ടി.വി. കിയോസ്കുകൾ പ്രവർത്തനക്ഷമമാക്കുക.
4. ഓണാഘോഷം, കേരളോത്സവം എന്നിവ ജന പങ്കാളിത്തത്തോടെ ആഘോഷപൂർവ്വം നടത്തുക.
5. സാക്ഷരതാ പ്രവർത്തനം സജീവമാക്കുക.

### പഞ്ചായത്തിലെ ഗ്രന്ഥശാലകളും വായനശാലകളും

| നമ്പർ | പേര് | സ്ഥലം |
|---|---|---|
| 1. | ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല | കാരോട് |
| 2. | വിജ്ഞാനപ്രദായനി ഗ്രന്ഥശാല | ഉച്ചക്കട |
| 3. | ജനതാവായനശാല | കാന്തല്ലൂർ |
| 4. | നേതാജി യുവജനസംഘം ഗ്രന്ഥശാല | പ്ലാമൂട്ടുക്കട |
| 5. | ഗ്രാമോദ്ധാരണ ഗ്രന്ഥശാല | അയിര |
| 6. | ഫ്രണ്ട്സ് ലൈബ്രറി & റീഡിംഗ് റൂം | എറിച്ചല്ലൂർ |
| 7. | പഞ്ചായത്ത് ലൈബ്രറി | എണ്ണവിള |

### കലാകായിക സംഘടനകൾ

| നമ്പർ | പേര് | സ്ഥലം |
|---|---|---|
| 1. | നല്ലതമ്പി മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ് | അമ്പിലി ക്കോണം |
| 2. | സർഗ്ഗധാര കലാസാംസ്മാരകസമിതി | കുന്നിയോട് |
| 3. | ഹിമശൈലയുണൈറ്റഡ് ക്ലബ്ബ് | ഞാറക്കാല |
| 4. | പുലരി ആർട്ട്സ് ക്ലബ്ബ് | അയിര |
| 5. | പ്രിയദർശിനി മെമ്മോറിയൽ ആർട്സ്ക്ലബ്ബ് | അയിര |
| 6. | സെൻറ് ജോസഫ് ആർട്ട് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | പൊറ്റിയൽക്കട |
| 7. | കാട്ടാപ്പഴഞ്ഞി പൗരസമിതി | കാരോട് |
| 8. | ക്രൈസ്റ്റ് ആർട്ട്സ് ക്ലബ്ബ് | കാരോട് |
| 9. | ചാരിറ്റബൾ യൂത്തം ക്ലബ്ബ് | പ്ലാമൂട്ടുക്കട |

## പഞ്ചായത്തിലെ പ്രധാന ക്ഷേത്രങ്ങൾ

| നമ്പർ | പേര് | സ്ഥലം |
| --- | --- | --- |
| 1. | ശ്രീധർമ്മ ശാസ്താക്ഷേത്രം | എറിച്ചല്ലൂർ |
| 2. | നീലകേശ്വരി ക്ഷേത്രം | കാരോട് |
| 3. | താഴവിള ദേവിക്ഷേത്രം | ഉച്ചക്കട |
| 4. | ചൂണ്ടിക്കൽ ധർമ്മ ശാസ്താ ക്ഷേത്രം | അയിര |
| 5. | പൊൽകുഴി ധർമ്മശാസ്താ ക്ഷേത്രം | കാരോട് |
| 6. | കല്ലുവിള ക്ഷേത്രം | വെൺകുളം |
| 7. | വെള്ളറാൽ നീലേശ്വരി ക്ഷേത്രം | |
| 8. | ഞാറക്കാലതോട്ടക്കൽ ക്ഷേത്രം | ഞാറക്കാല |
| 9. | പാറയിൽ ശ്രീധർമ്മശാസ്താ ക്ഷേത്രം | കുന്നിയോട് |
| 10. | അയണിമുട്ട് തമ്പുരാൻ ക്ഷേത്രം | ചെന്നിയോട് |

## കാരോട് പഞ്ചായത്തിലെ ക്രിസ്തീയ ദേവാലയങ്ങൾ

| നമ്പർ | പേര് | സ്ഥലം |
| --- | --- | --- |
| 1. | സി.എസ്.ഐ. ചർച്ച് | കാരോട് |
| 2. | ആർ.സി. ചർച്ച് | പൊറ്റയിൽക്കട |
| 3. | സി.എസ്.ഐ. ചർച്ച് | അമ്പിലിക്കോണം |
| 4. | എം.എസ്.സി. ചർച്ച് | കുഴിഞ്ഞാംവിള |
| 5. | എം.എസ്.സി. ചർച്ച് | കുളത്തൂർ |
| 6. | സി.എസ്.ഐ. ചർച്ച് | കുട്ടിച്ചിവഴി |
| 7. | ആർ.സി. ചർച്ച് | കൂനംവിള |
| 8. | ആർ.സി. ചർച്ച് | നറുക്കുഴി |
| 9. | എൽ.എം.എസ്. ചർച്ച് | പാട്ടവിള |
| 10. | എച്ച്.എം.എസ് ചർച്ച് | ചടയൻവിള |
| 11. | ആർ.സി. ചർച്ച് | ഉച്ചക്കട |
| 12. | കല്ലാറപ്പൊഫ എൽ.എം.എസ്. | കുന്നിയോട് |
| 13. | സി.എസ്.ഐ. ചർച്ച് | കാരോട് |
| 14. | ആർ.സി. ചർച്ച് | എരുമപ്പെട്ടി |
| 15. | എൽ.എം.എസ്. ചർച്ച് | കുന്നിൻപുറം |
| 16. | പെന്തകോസ്റ്റ് മഷൻ | കുഴിഞ്ഞാവിള |
| 17. | ആർ.സി. ചർച്ച് | അയിരൂർ |

# 5 -ix

# പട്ടിക ജാതി-പട്ടികവർഗ്ഗക്ഷേമം

കാരോട് പഞ്ചായത്തിൽ പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടെ 31147 ആളുകൾ താമസിക്കുന്നുണ്ട്. ഇതിൽ പട്ടികജാതിക്കാരായ പുരുഷൻമാർ 1159, സ്ത്രീകൾ 1223, പട്ടികവർഗ്ഗ പുരുഷൻമാർ 2ഉം സ്ത്രീകൾ 3ഉം ആകുന്നു. പഞ്ചായത്തിൽ പട്ടികജാതി കോളനികൾ ഐ.എച്ച്.ഡി.പി ആയും അല്ലാതെയും 13 എണ്ണം നിലവിലുണ്ട്.

### കോളനികൾ

| കോളനിയുടെ പേര് | വാർഡ് നമ്പർ | കുടുംബ എണ്ണം |
|---|---|---|
| 1. വെള്ളിയംകോട്ടുകോണം | IV | 52 |
| 2. കാന്തള്ളൂർ നെല്ലിവിള | V | 17 |
| 3. കാരോട് | VII | 35 |
| 4. കല്ലിയിൽ പുതുശ്ശേരിIHDP | XI | 72 |
| 5. കുന്നിൻപുറം വെട്ടുകാട് | XI | 32 |
| 6. വടൂർകോണം IHDP | III | 76 |
| 7. എറിച്ചല്ലൂർ | V | 33 |
| 8. മാറാടി | I | 28 |
| 9. വെട്ടുവിള IHDP | II | 34 |
| 10. ഇടക്കണ്ടം മഞ്ചാംകുഴി | IV | 29 |
| 11. കാരയ്ക്കാവിള | XI | 68 |
| 12. ചെമ്മണ്ണുവിള | XI | 27 |
| 13. പേച്ചന്ത | VI | 20 |

### വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

| നമ്പർ | കോളനിയുടെ പേര് | വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ |
|---|---|---|
| 1. | കല്ലിയിൽ | 14 |
| 2. | കാരയ്ക്കാവിള | 17 |
| 3. | വെട്ടുവിള | 20 |
| 4. | വടൂർകോണം | 1 |
| 5. | ചൂരക്കുഴി | 38 |

### പ്രശ്നങ്ങൾ

മേൽവിവരിച്ചിട്ടുള്ള കോളനികളിലേയും കോളനികളില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാരുമായ ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വളരെ മോശമാണ്. 95%

കുടുംബങ്ങൾക്ക് വീട് ഉൾപ്പടെ അഞ്ചും, പത്തും സെൻറ് ഭൂമി മാത്രമാണുള്ളത്. കുറേപേർക്ക് വീടും കക്കൂസും ഗവൺമെൻറിൽനിന്ന് ലഭിക്കുകയും അവ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും കുറേ പേർക്ക് ലഭിക്കാനുണ്ട്. സ്വന്തമായി വീട് നിർമ്മിച്ചിട്ടുള്ളവരിൽ പകുതിയിലധികം വീടുകളും പൂർത്തികരിക്കാത്തവയും അറ്റകുറ്റപ ണികൾ നടത്തിയിട്ടില്ലാത്തവരും ആകുന്നു. കാരണം കഴിവില്ലായ്മതന്നെ.

ഇവിടത്തെ കോളനികളിലെ കുടിവെള്ളം ഒട്ടും തന്നെ പരിഹരിക്കപ്പെട്ടിട്ടില്ല. പൈപ്പ് ലൈനും നിലവില്ല. മില്യൻ വെൽ സ്കീം പ്രകാരം കുഴിച്ചിട്ടുള്ളതും സ്വന്തമായി കുഴിച്ചിട്ടുള്ള തുമായകുറേ കിണറുകൾ ഇവിടെയുണ്ട്. ഇവയിൽ അപൂർവ്വം ചിലതൊഴിച്ചാൽ ബാക്കി കിണറുക ളെല്ലാം വെള്ളമില്ലാത്ത പാഴ് കിണറുകളാണ്. ഇവ ആഴത്തിൽ താഴ്ത്തി ജലം ഉപയുക്തമാക്കുന്ന തിനോ, അറ്റകുറ്റപണികൾ നടത്തുന്നതിനോ കഴിയുന്നില്ല. ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നും കുടിവെള്ളം കൊണ്ടുവരുന്ന അവസ്ഥയാണ് ഇവിടെയുള്ളത്.

ഇവരുടെ വീടുകളിലെ വൈദ്യുതിയും പരിഹരിക്കപ്പെട്ടില്ല. കുറേ വീടുകൾക്ക് വയറിംഗ് ചെയ്യുന്നതിന് ഗവൺമെൻറിൽനിന്നും ധന സഹായം ലഭിച്ചിട്ടുണ്ട്. ധനസഹായം വാങ്ങി വീട് വയറിംഗ് നടത്തിയവരും സ്വന്തമായി വയറിംഗ് ചെയ്തവരും വൈദ്യുതിയ്ക്കായി വർഷങ്ങളോളം കാത്തിരിപ്പ് തുടരുകയാണ്. വൈദ്യുതി ലഭിച്ചിട്ടുള്ള വീടുകളിൽ വോൾട്ടേജ് ക്ഷാമം തുടരുന്നു. രാത്രികാലങ്ങളിൽ എട്ടും, പത്തും വോൾട്ടുമാത്രം നിലവിലുള്ള വൈദ്യുതിലൈനുകളും ചില കോളനികളിലുണ്ട്.

### പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളുടെ എണ്ണം

| | |
|---|---|
| ലോവർ പ്രൈമറി സ്കൂൾ | 176 |
| അപ്പർ പ്രൈമറി സ്കൂൾ | 81 |
| ഹൈസ്കൂൾ | 63 |
| പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ | |

### പട്ടികജാതി പട്ടിക വർഗ്ഗജനസംഖ്യ

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 107 | 125 | 232 |
| 2 | 89 | 97 | 188 |
| 3 | 66 | 62 | 128 |
| 4 | 290 | 297 | 587 |
| 5 | 102 | 127 | 229 |
| 6 | 17 | 16 | 33 |
| 7 | 50 | 53 | 103 |
| 8 | 37 | 33 | 70 |
| 9 | 41 | 41 | 82 |
| 10 | 88 | 108 | 196 |
| 11 | 272 | 262 | 534 |

ഈ വിഭാഗം ജനങ്ങളിൽ കൂടുതൽ പേർക്കും കൃഷിമേഖലകളിലെ കൂലിപ്പണിയാണ് തൊഴിൽ. ഇവർക്ക് സ്വന്തമായി കൃഷിചെയ്യുന്നതിന് കൃഷിഭൂമി വളരെ കുറവാണ് നെൽകൃഷി ചെയ്യുന്നതിന് നെൽപാടങ്ങളോ. തെങ്ങുകൃഷി ചെയ്യുന്നതിനോ പുരയിടങ്ങളോ, മറ്റു ധാന്യവിളകൾ കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്നതിന് കൃഷിഭൂമിയോ ഇല്ല. വീടിനുചുറ്റും ഉള്ളതായ സ്ഥലങ്ങളിൽ പച്ചക്കറി മുതലായവ കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്നതിന് ജലസേചന സൗകര്യങ്ങളോ ഭൂഗർഭജല സംവിധാനങ്ങളോ ഇല്ല. ചിലവീടുകളിൽ കിണർ ഉണ്ടങ്കിലും കുടിക്കുന്ന തിന്പോലും ജലം കിട്ടുന്നില്ല.

മണ്ണിനു ഫലപുഷ്ടി കുറവാണ്. വസ്തു വകകൾ ഇല്ലാത്തതുകൊണ്ട് അരി, മരച്ചീനി, തേങ്ങ മുതലായവ ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്നതിന് പകരം വിലകൊടുത്തു വാങ്ങുന്നു. വില കൊടുത്തു വാങ്ങുന്നതിനും തൊഴിലില്ലായ്മ ഒരളവുവരെ തടസ്സം നില്ക്കുന്നു. അങ്ങനെ ഇവരുടെ ഭവനങ്ങളിൽ ദാരിദ്ര്യം നിലനിൽക്കുന്നു. പ്രധാനമായും ഇവർ

ഭക്ഷ്യസാധനങ്ങൾക്ക് പൊതു വിതരണ കേന്ദ്രത്തെ യാണ് ആശ്രയിക്കുന്നത്.

അഭ്യസ്ഥവിദ്യരായ കുറേ യുവതി യുവാക്കൾ ഇവരിൽ ഉണ്ട്. അവരുടെ യോഗ്യതയ്ക്ക് തക്കതായ തൊഴിൽ ലഭിക്കുന്നില്ല. ഗവൺമെൻറ് 10% ഉദ്യോഗസംവരണം പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവിടത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതിക്കാരിൽ വളരെ കുറച്ചു പേർക്കുമാത്രമേ ഉദ്യോഗം ലഭിച്ചിട്ടുള്ളു.

മോട്ടോർ വാഹനം ഓടിക്കുക, സ്പ്രേ പെയിൻറിംഗ്, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, മെക്കാനിസം എന്നിവയിൽ പരിജ്ഞാനമുള്ളവരും സാങ്കേതികവിദ്യഭ്യാസം ഉള്ളവരുമായ കുറേ ആളുകൾക്ക് ഈ വിഭാഗത്തിലുണ്ട്. ഇവർക്ക് തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനോ, കച്ചവടമേഖലകളിൽ കച്ചവടം ചെയ്ത് തൊഴിൽ കരസ്ഥമാക്കുന്നതിനോ സാമ്പത്തിക ബുദ്ധിമുട്ടുകാരണം സാധിക്കുന്നില്ല.

മിക്കവാറും ഭവനങ്ങളിൽ കന്നുകാലികൾ വളരെ കുറവാണ്. ഗവൺമെൻറിൽനിന്നും കന്നുകാലികൾ വാങ്ങുന്നതിനു കുറേ പേർക്ക് വായ്പ ലഭിച്ചിട്ടുണ്ട്.എങ്കിലും ഉദ്ദേശിച്ച അളവിൽ അവയൊന്നും ഫലവത്തായിട്ടില്ല കാരണം ദാരിദ്ര്യം തന്നെയാണ്.

വയോജനവിദ്യാഭ്യസം, സാംസ്കാരിക സംഘടന എന്നിവ നിലവിൽ വന്നിട്ടുണ്ടെങ്കിലും നിരക്ഷരരായി കുറേ ആളുകൾ ഈ മേഖലകളിൽ ഉള്ളവരായികാണുന്നു. 90% കുട്ടികളും എസ്. എസ്. എൽ. സി വരെയെങ്കിലും പഠിച്ചവരാണ് എന്നാൽ തുടർന്നും വിദ്യാഭ്യാസം ചെയ്യുന്നതിന് സാധിക്കുന്നില്ല. തൊഴിലില്ലായ്മയും ദാരിദ്ര്യവും മൂലം കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നില്ല.

ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹ ചടങ്ങുകളിലും മറ്റും ഇതര സമുദായക്കാർ പങ്കെടുക്കുകയും അന്യോന്യംസഹവർത്തിത്വ ത്താൽ ജീവിക്കുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനായി ഗവൺമെൻറ് പല പദ്ധതികളും ആവിഷ്ക രിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തപ്പെട്ടിട്ടില്ല. ഇവർ ഇന്നും ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിക്കുന്നു. കാരണം ഇവരുടെ ഉന്നമനത്തിനായി ഗവൺമെൻറ് ആവിഷ്ക രിച്ചിട്ടുള്ള പദ്ധതികൾ ഇവരുടെ കൈകളിൽ പൂർണ്ണമായി എത്തപ്പെട്ടിട്ടില്ല. എന്നതും പദ്ധതികളിലെ പാളിച്ചകളും ഉദ്യോഗസ്ഥ വൃന്ദങ്ങളിലെ അലംഭാവവും കാരണമാകുന്നു.

## നിർദ്ദേശങ്ങൾ

1. ഭവനരഹിതരായ പട്ടികജാതി പട്ടികവർ ഗ്ഗക്കാർക്ക് ഭവനവും കക്കൂസും നിർമ്മിച്ചു കൊടുക്കുക
2. വീട് പൂർത്തികരിക്കുന്നതും മെയിൻറനൻസ് പണി നടത്താൻ കഴിവില്ലാത്തതുമായ ഭവനങ്ങൾക്ക് പൂർത്തികരണത്തിനും ധനസഹായം ലഭ്യമാക്കുക.
3. ഭവനനിർമ്മാണത്തിനു ഗവൺമെ ൻറിൽനിന്നും കൊടുക്കുന്ന ധനസഹായ ത്തിൻെറ തുക വർദ്ധിപ്പിക്കുക
4. മേൽക്കൂര ഓലമേഞ്ഞിട്ടുള്ള കെട്ടിടങ്ങൾക്ക് ഓലമാറ്റി ഓട് മേയുന്നതിന് ധനസഹായം നല്കുക.
5. കിണറുകളുണ്ടെങ്കിലും ജലം ഇല്ലാത്തതായ കിണറുകൾ ആഴത്തിൽ കുഴിച്ച് ജലം ലഭ്യമാക്കുകയും കിണറുകൾ ഇല്ലാത്തതായ കുടുംബങ്ങൾക്ക് പൈപ്പ് ലൈനോ ഭൂഗർഭജലമോ ലഭ്യമാക്കുകയും ചെയ്യുക.
6. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിനും, പമ്പുസെറ്റ് വയ്ക്കുന്നതിനും ഗ്രാൻറുകൾ അനുവദി ക്കുക.
7. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു ഗവൺ മെൻറിൽ നിന്നും അനുവദിക്കുന്ന ഐ.അർ.ഡി.പി ലോൺ, കൃഷി ഭവനിൽ നിന്നും നല്കുന്ന കിണർ, പമ്പുസെറ്റ്, തെങ്ങിൻതൈകൾ എന്നിവ യഥാർത്ഥ ഉപഭോക്താവിനെ കണ്ടുപിടിച്ചു വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
8. വീട് വൈദ്യുതീകരിക്കുന്നതിന് 500 രൂപ എന്നത് മാറ്റി മൊത്തമായും വീട് വൈദ്യുതീകരിക്കു ന്നതിന് ധനസഹായം കൊടുക്കുക.
9. വീട് വയറിംഗ് നടത്തി വൈദ്യുതിയ്ക്കായി കാത്തിരുന്നവർക്ക് വൈദ്യുതി എത്തിക്കുക
10. വൈദ്യുതി ഉണ്ടെങ്കിലും വോൾട്ടേജ്ക്ഷാമം നേരിടുന്ന പട്ടികജാതി-വർഗ്ഗകോളനികൾക്ക്

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോമർ സ്ഥാപിക്കുക

11. നെൽകൃഷി ചെയ്യുന്നതിനോ, തെങ്ങുകൃഷി ചെയ്യുന്നതിനോ,മറ്റു ധാന്യവിത്തുകൾ കൃഷി ചെയ്യുന്നതിനോ സ്വന്തമായി ഭൂമിയില്ലാത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

12. ഉള്ളതായ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഭൂഗർഭജലമോ, ജലസേചന സൗകര്യമോ ഉണ്ടാക്കുക

13. വിത്ത്, വളം, കീടനാശിനി, കൃഷി ആയുധങ്ങൾ സൗജന്യമായി കൊടുക്കുക.

14. പൊതുവിതരണ കേന്ദ്രം വഴിയുള്ള എല്ലാ ഭക്ഷ്യധാന്യങ്ങളും പകുതിവിലയ്ക്കെങ്കിലും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ലഭ്യമാക്കുക.

15. പട്ടികജാതിവർഗ്ഗകോളനികളിൽ മാവേലിസ്റ്റോർ സ്ഥാപിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് എല്ലാവിധ ഭക്ഷ്യധാന്യങ്ങളും കുറഞ്ഞവിലയ്ക്ക് നല്കുക.

16. സങ്കരയിനം കറവ പശുക്കൾ, മറ്റുകന്നുകാലികൾ, കോഴികൾ എന്നിവ വളർത്തുന്നതിന് ധനസഹായം ലഭ്യമാക്കുക.

17. എംപ്ലോയ്മെൻറ് എക്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതായ എല്ലാ അഭ്യസ്തവിദ്യരായ പട്ടികജാതിവർഗ്ഗ യുവതിയുവാക്കൾക്ക് ഉദ്യോഗം നല്കുക.

18. വിവിധ ഡിപ്പാർട്ടുമെൻറുകൾ പട്ടികജാതി വർഗ്ഗക്കാർക്കു നല്കുന്ന വിവിധ ആനുകൂല്യങ്ങൾ ഏകീകരിക്കുക.

19. അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ യുവതി യുവാക്കൾക്ക് സാങ്കേതിക പരിജ്ഞാനവും വിദഗ്ധ പരിശീലനവും നല്കി, അവനവൻെറ അഭിരുചിക്കവുസരിച്ച് സ്വയം തൊഴിൽ കരസ്ഥമാക്കുന്നതിനു പദ്ധതി നടപ്പിലാക്കുക

20. വാഹനങ്ങൾ വാങ്ങുന്നതിനും ഓടിക്കുന്നതിനും വാഹനങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനും സ്പ്രേപെയിൻറിംഗ്, മെക്കാനിസം എന്നിവയിലും തൊഴിൽ കരസ്ഥമാക്കുന്നതിനും ധനസഹായം നല്കുക.

21. അരിമില്ല്, കൊപ്രമില്ല്, ടെലഫോൺബൂത്ത്, പെട്രോൾപമ്പ്, പൊതുവിതരണകേന്ദ്രം, മാവേലിസ്റ്റോർ എന്നീ സ്ഥാപനങ്ങൾ നടത്തുന്നതിന് പട്ടികജാതി-വർഗ്ഗക്കാർക്ക് സാമ്പത്തിക സഹായവും മുൻഗണനയും നല്കുക.

22. അരി, പലചരക്കുക്കട, സ്റ്റേഷനറി, ഹാർഡ് വെയേഴ്സ് മുറുക്കാൻക്കട, തുണി, ഫാൻസി സ്റ്റോർ, പച്ചക്കറി മുതലായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തികസഹായം നല്കുക.

23. കുടിൽവ്യവസായങ്ങളായ നെയ്ത്ത്, മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ നടത്തുന്നതിന് പരിജ്ഞാനവും സാമ്പത്തികവും നല്കുക.

24. കുട്ടികളിൽ പോഷകാഹാരക്കുറവു മൂലമുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിന് മാവേലിസ്റ്റോർ വഴി ദോഷകഗുണങ്ങളുള്ള ഭക്ഷ്യവസ്തുക്കൾ കുറഞ്ഞവിലയ്ക്കോ, സൗജന്യമായോ വിതരണം ചെയ്യുകയും പട്ടികജാതി-വർഗ്ഗകോളനികളിൽ ഡിസ്പൻസറികൾ സ്ഥാപിക്കുകയും ചെയ്യുക.

25. ഗ്രന്ഥശാല, ടെലിവിഷൻസെറ്റ് എന്നിവ കോളനികളിൽ സ്ഥാപിക്കുന്നതുമൂലം ഇവരുടെ സംസ്ക്കാരം അഭിവ്യദ്ധിപ്പെടുത്താൻ സാധിക്കും

26. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമിയുൾപ്പടെ വീടുവയ്ക്കുന്നതിന് ധനസഹായം നൽകുക.

മേൽവിവരിച്ചിട്ടുള്ള കാര്യങ്ങളിൽ പരിഞ്ജാനവും സാമ്പത്തിക സഹായങ്ങളും പാവപ്പെട്ട ജനവിഭാഗങ്ങളായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിനും നേരിട്ടുള്ള പ്രയോജനം ലഭിക്കുന്ന സ്ഥായിയായ സാമ്പത്തികവ്യവസ്ഥ ഉണ്ടായാൽ മാത്രമേ ഇവരുടെ ദാരിദ്ര്യവും തൊഴിലില്ലായ്മയും അകറ്റി സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിന് സാധിക്കുകയുള്ളു.

**ഹരിജൻകോളനികൾ ഐ.എച്ച്.ഡി.പി ആക്കേണ്ടവ**

1. കാരോട് ഹരിജൻ കോളനി
2. എറിക്കലത്തിൻവിള
3. മുട്ടുവിള ലക്ഷം വിട് കോളനി
4. വെളിയം കോട്ടുകോണം
5. ഇടച്ചിറ ഹരിജൻകോളനി
6. അമത്തുരുത്തി കോളനി
7. ചേനംകോട് കോളനി
8. വെൺമണികോണം.

# 5 (x)

# വനിതാക്ഷേമം

സാധൂഹികമാറ്റത്തിലും സാമൂഹിക പരിഷ്ക്കരണത്തിലും വനിതകൾ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. സ്ത്രീ അടുക്കളയിൽ മാത്രം ഒതുങ്ങികൂടേണ്ടവളല്ല. പുരുഷനുതുല്യമായ അവകാശങ്ങളും പ്രവർത്തനക്ഷമതയും സ്ത്രീക്കുണ്ട്. എന്നാൽ കാരോട് പഞ്ചായത്തിലെ വനിതകൾക്ക് തങ്ങളുടെ വർദ്ധിതമായ സാമൂഹിക പങ്കാളിത്തത്തിൻെറ ആവശ്യതകയെപ്പറ്റി വ്യക്തമായ ധാരണകൾ ഇനിയും ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്.

ഇവിടത്തെ 50 ശതമാനത്തോളം സ്ത്രീകൾ സമൂഹത്തിൻെറ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ട് പൊതുപ്രവർത്തനങ്ങളിൽ തീരെ പങ്കാളിത്തമില്ലാതെ കഴിയുന്നവരാണ്. സാക്ഷരതയിലും സാംസ്ക്കാരിക പ്രവർത്തനങ്ങളിലും സ്ത്രീകൾ പൊതുവായ മുൻപന്തിയിൽ തന്നെയാണ്. എന്നാൽ പുരുഷമേധാവിത്വം ഈ രംഗത്ത് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനവുംഅംഗീകാരവും കിട്ടണമെങ്കിൽ കുടുംബം പുലർത്തുന്നതോടൊപ്പം കുറയൊക്കെ പൊതുരംഗങ്ങളിലേയ്ക്കും കടന്നുവരാൻ തയ്യാറാകണം

തൊഴിൽമേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ് രംഗത്ത് പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. തൊഴിൽമേകലയിൽ പങ്കാളിത്തം സൂചിപ്പിക്കുന്ന 91ലെ സെൻസസ് പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഈ പ്രദേശത്തെ സ്ത്രീകൾക്ക് മുൻകാലത്ത് വിദ്യാഭ്യാസത്തിൽ പരിമിതമായ സൗകര്യങ്ങളെ ലഭിച്ചിരുന്നുള്ളു എന്നാൽ ഇന്ന് അതല്ല സ്ഥിതി.

ചെറുകിടവ്യവസായങ്ങൾ, സ്വയം തൊഴിൽ സംരഭങ്ങൾ ഉദാഹരണം കോഴിവളർത്തൽ, അടുക്കളത്തോട്ടം, ഗാർഡനിംഗ്, സോപ്പുനിർമ്മാണം. നെയ്ത്ത്, തുന്നൽപ്പണി, തുടങ്ങിയവയിൽ സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കണം. പതിനൊന്നുവാർഡുകളിലായി 30 മഹിളാ സമാജങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട് കൂടാതെ വനിതകളുടെതായി സി.ഡബ്ളി യു. സി.ആർ.എ യൂണിറ്റുകളും നിലവിലുണ്ട്. 1990-ലെ സാക്ഷരതാപ്രവർത്തനം വഴി സ്ത്രീകൾക്കിടയിലെ നിരക്ഷത കുറയ്ക്കാൻ സാധിച്ചു. ഈ പഞ്ചായത്തിൽനിന്നും ഹൈസ്കൂൾ പ്രീഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികളുടെ കണക്കു നോക്കിയാൽ പെൺകുട്ടികളാണ് കൂടുതൽ. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണ പ്രവർത്തനങ്ങൾ പൊതുവേ കുറവാണ്. സ്ത്രീ പീഡനകേസുകളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

## സാദ്ധ്യതകൾ

സാമൂഹിക രംഗത്തും തൊഴിൽ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ പഠന പരിശീലന ശില്പശാലകൾ നടത്തണം. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾ പ്രോത്സാഹനവും ഉത്തേജനവും നൽകണം. പൊതു രംഗത്ത് പ്രവർത്തിച്ചു വരുന്ന വനിതകൾ ഈ കാര്യങ്ങളിൽ മുൻകൈ എടുക്കുകയും പുതിയ തലമുറയുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ച് അവർക്ക് ആത്മവിശ്വാസം പകരാൻ തയ്യാറാവുകയും വേണം.

## നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് കണ്ടുമുട്ടുന്നതിനും ചർച്ചകൾ നടത്തുന്നതിനും കൂട്ടായ സംരംഭങ്ങൾ കരുപ്പിടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു പഞ്ചായത്ത് തല വനിതാ ഫോറം രൂപീകരിക്കുക.
2. കാരോട് പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.
3. സ്ത്രീകൾക്കു മാത്രമായി വിദഗ്ഗ്ധ പരിശീലനവും തൊഴിൽ ശാലകളും ആരംഭിക്കുക.
4. ബാലവാടിയിലെയും മഹിളാ സമാജത്തിൻെറയും ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.
5. നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന സ്ത്രീകൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.
6. അന്യ സംസ്ഥാനങ്ങളിൽ തൊഴിൽ തേടി പോകുന്ന വനിതകൾക്ക് കശുവണ്ടി ഫാക്ടറി, തീപ്പെട്ടി കമ്പനി, മത്സ്യ സംസ്ക്കരണം എന്നീ സ്ഥാപനങ്ങൾ സ്ഥാപിച്ച് തൊഴിൽ ലഭ്യമാക്കുക.
7. സ്ത്രീധന നിരോധനം കർശനമാക്കുക.
8. സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പകൾ അനുവദിക്കുക.
9. തരിശുഭൂമികൾ കൃഷിയോഗ്യമാക്കി കൃഷിയോടൊപ്പം പൂക്കൾ ഉല്പാദിപ്പിക്കുന്നതിന് ചെറുകിട തോട്ടങ്ങൾ ആരംഭിക്കുക ഓർക്കിഡ് ആന്തുറിയം, കുറ്റിമുല്ല
10. ട്രെസംട്രെയിനിംഗ് സെൻറർ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ച് വനിതകൾക്ക് തൊഴിൽ പരിശീലനം ഉറപ്പാക്കുക.
11. ഓരോവീട്ടുവളപ്പിലും അടുക്കളതോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
12. വനിതകളുടെ നിയന്ത്രണത്തിൽ ഓരോ വാർഡിലും എസ്.റ്റി.ഡി സൗകര്യമുള്ള പബ്ളിക് ടെലഫോൺ ബൂത്ത് സ്ഥാപിക്കുക.
13. കൗതുകവസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനവും അവ നിർമ്മിച്ച് വിറ്റഴിക്കുന്നതിനുള്ള വിപണിയും കണ്ടത്തുക
14. തുല്യജോലിക്ക് തുല്യവേതനം എന്നത് പഞ്ചായത്തിൽ പ്രാവർത്തികമാക്കാൻ നടപടി ഉണ്ടാകണം
15. നിലവിലുള്ള മഹിളാസമാജങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തന് ഉണ്ടാകണം
16. പഞ്ചായത്തിൽ വനിതകൾക്കുവേണ്ടി ഒരു ഭക്ഷ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുക
17. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനു സ്ത്രീകൾക്കുവേണ്ടി മൊബൈൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തുക

| | |
|---|---|
| ആകെ ജനസംഖ്യ | 37496 |
| വനിതകൾ | 13756 |
| പട്ടികജാതി വനിതകൾ | 1233 |
| വനിതാസാക്ഷരർ | 9 |

| വാർഡ് | വനിതകൾ | എസ്.സി വനിതകൾ | സാക്ഷരർ |
|---|---|---|---|
| 1 | 952 | 125 | 715 |
| 2 | 1246 | 99 | 936 |
| 3 | 1231 | 62 | 855 |
| 4 | 1369 | 297 | 960 |
| 5 | 1222 | 127 | 667 |
| 6 | 905 | 16 | 565 |
| 7 | 1068 | 53 | 144 |
| 8 | 1434 | 33 | 980 |
| 9 | 1425 | 41 | 1004 |
| 10 | 1284 | 108 | 970 |
| 11 | 1620 | 262 | 1021 |
| ആകെ | 13756 | 1233 | 9412 |

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകർ | 79 | 935 |
| കർഷകതൊഴിലാളി | 467 | 3606 |
| മൃഗസംരക്ഷണം | 4 | 126 |
| ചെറുകിട വ്യവസായം | 364 | 215 |
| കെട്ടിടനിർമ്മാണം | 9 | 412 |
| ഗതാഗത വാർത്താ വിനിമയം | 11 | 192 |
| വ്യാപാരം | 69 | 326 |
| മറ്റുള്ളവ | 327 | 681 |

*അടുക്കളപ്പുകക്കുടുക്കയിൽ കുടുങ്ങി*
*യുള്ളു നീറി കേണിടുന്നൊരമ്മമാരേ..*
*അകത്തുളത്തിനപ്പുറത്തിരുൾക്കയങ്ങളിൽ*
*മുഖം കുനിച്ചു കേണിടുന്ന സോദരിമാരെ*
*ഉയർത്തെണീക്കുവാൻ, നമുക്കു നേരമായ്*

# 5-xi

# സഹകരണം

കാരോട് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിക്കുന്നത് 1924-ൽ ആണ്. കൊല്ലവർഷം1100 സ്ഥാപിതമായ പൊൽവിള സഹകരണസംഘമാണ് ഇവിടുത്തെ ആദ്യത്തെ സഹകരണ ബാങ്ക്. വിവിധമേഖല കളിലായി ഇപ്പോൾ 12 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ സർവ്വീസ് സഹകരണ ബാങ്ക് ഒന്ന്. ക്ഷീരോൽപാദക സഹകരണസംഘം നാല്, ഹരിജൻസഹകരണസംഘം ഒന്ന്, കൂട്ടുകൃഷിസഹകരണംസംഘം ഒന്ന്, ഖാദിവ്യവ സായസഹകരണസംഘം ഒന്ന്, കൈത്തറി സഹകരണസംഘം ഒന്ന്, ലേബർ കോൺട്രാക്റ്റ് ഒന്ന്. ഈ സംഘങ്ങളിലെല്ലാമായി 8403 പേർ അംഗങ്ങളാണ്. ഇവയിൽനിന്നും സേവനം ലഭിക്കുന്ന അംഗങ്ങൾ ഇതിലും കുറവാണ്

കാർഷികമേകലയിൽ പ്രവർത്തിക്കുന്ന തനതായ സർവ്വീസ് സഹകരണ സംഘം ഇവിടെ യില്ല. പൊൽവിള സർവ്വീസ് സഹകരണസംഘത്തിൽ നിന്നുമാണ് കുറയെങ്കിലും കാർഷിക വായ്പ ലഭിക്കുന്നത്. പഞ്ചായത്തിൽ ആകെ 4 ക്ഷീരവികസനസൊസൈറ്റികളാണുള്ളത്. ഇവയുടെ പരിധി എല്ലാ വാർഡുകളിലുമായിട്ടുമാണ്. ഖാദിവ്യവസായരംഗത്ത് സഹകരണസംഘങ്ങളുടെ പ്രവർത്തനം മോശമാണ്

## കാർഷികമേഖല

*ഹ്രസ്വകാലവായ്പ*

കർഷകരുള്ള ഒരു പഞ്ചായത്തായിട്ടും മുഴുവൻ കർഷകർക്കും അർഹമായ വായ്പ ലഭിക്കുവാൻ വേണ്ട സഹകരണസംഘം ഇവിടെയില്ല. പൊൽവിള സർവ്വീസ് സഹകരണബാങ്കിൽ നിന്നുമാണ് കുറയൊക്കെ ലഭിക്കുന്നത്. ഇവിടെ നിന്നും ലഭ്യമായ വിവരമനുസരിച്ച് 4119590 രൂപ ഇതുവരെ

# സഹകരണ സംഘങ്ങൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | ക്രെഡിറ്റ് നോൺ ക്രഡിറ്റ് | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | |
|---|---|---|---|---|---|---|
| | | | | | അംഗങ്ങളിൽ നിന്ന് ലഭിച്ചത് | ഗവൺ. നിന്ന് ലഭിച്ചത് |
| 1. | വടക്കേ പുതുവീട് KUCS T-1009 APCOS | 1981 | | 250 | ഇല്ല | ഇല്ല |
| 2. | കാരക്കോട് KUCS T-68 D APCOS | 1997 | നോൺക്രഡിറ്റ് | 911 | 9130 | ഇല്ല |
| 3. | കുന്നിയോട് ക്ഷീര വ്യവസായ സഹകരണ സംഘം Ltd. No: T. 61 D | 1977 | | 590 | 32462 | 10000 |
| 4. | അയിര ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം T-175 D APCOS അഞ്ചുതെങ്ങ്, അയിര | 1985 | | 323 | 3480 | ഇല്ല |
| 5. | പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 985 | | ക്രെഡിറ്റ്സംഘം | 6198 | 1057217 | 50000 |
| 6. | കാക്കറവിള ഖാദിഗ്രാമ വ്യവസായ സഹകരണ സംഘം KVIND (T) 118 | 1989 | | 131 | 35000 | ഇല്ല |
| 7. | മുല്ലശ്ശേരി കൈത്തറി സഹകരണ സംഘം | | വിശദ വിവരങ്ങൾ ലഭ്യമല്ല | | | |
| 8. | കുളത്തൂർ കൂട്ടുകൃഷി സഹകരണ സംഘം | | " | | | |
| 9. | വനിതാ സഹകരണ സംഘം APCOS ഞാറക്കാല, പ്ലാമൂട്ടുക്കട | | " | | | |
| 10. | APCOS എംപ്ലോയീസ് സഹകരണ സംഘം പ്ലാമൂട്, കാരോട് | | " | | | |
| 11. | ലേബർ കോൺട്രാക്ട്, പ്ലാമൂട്ടുക്കട | | " | | | |
| 12. | ഹരിജൻ സഹകരണസംഘം, പഴയ ഉച്ചക്കട | | " | | | |

### നെയ്യാറ്റിൻകര കാർഷികവികസന ബാങ്കിൽനിന്നും കാരോട് പഞ്ചായത്തിൽ വിതരണം ചെയ്ത വായ്പാ വിവരം

| വർഷം | എത്രപേർക്ക് | വയ്പാഇനം | തുക |
|---|---|---|---|
| 91-92 | 6 | സാധാരണ വായ്പ | 129000 |
| | 5 | പദ്ധതിവായ്പ | 98000 |
| 92-93 | 7 | സാധാരണ വായ്പ | 204000 |
| | 5 | പദ്ധതിവായ്പ | 103000 |
| 93-94 | 6 | സാധാരണ വായ്പ | 122000 |
| | 4 | പദ്ധതിവായ്പ | 105000 |
| 94-95 | 8 | സാധാരണ വായ്പ | 121000 |
| | 6 | പദ്ധതിവായ്പ | 153000 |
| 95-96 | 2 | സാധാരണ വായ്പ | 54000 |
| | 8 | പദ്ധതിവായ്പ | 149000 |

### ക്ഷീരോൽപാദക സഹകരണ സംഘം വഴി ശേഖരിക്കുന്ന പാലിൻെറ വിവരം

| സഹകരണ സംഘം | പാൽ ലിറ്റർ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
|---|---|---|---|
| വടക്കെപുതുവീട് KUCS T-1009 | 25,5334.6 | 5000.0 | 250334.6 |
| കാരക്കോട് KUCS T-68 | 70077.4 | 82951.0 | 61722.3 |
| കുന്നിയോട് ക്ഷീര വ്യവസായ സഹകരണ സംഘം | 16316.6 | 3729.6 | 12587.0 |
| അയിര ക്ഷീരോല്പാദക സഹകരണ സംഘം | 17791.1 | 2080.2 | 15710.9 |

ഹ്രസ്വകാല കാർഷികവായ്പയായി നൽകിയിട്ടുണ്ട്. ഇതിനു പുരമേ നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്ന കാർഷിക ബാങ്കിൽനിന്നും കാരോട് പഞ്ചായത്തിൽ കാർഷിക വായ്പ ലഭിച്ചിട്ടുണ്ട്.

*ക്ഷീരോൽപ്പാദക സഹകരണ സംഘം*

കാരോട് പഞ്ചായത്തിലെ ആദ്യത്തെ ക്ഷീരോൽപാദക സഹകരണസംഘം 1977 ലാണ് സ്ഥാപിതമായത്. മൊത്തം 4 ക്ഷീരോൽപാദക സഹകരണസംഘമാണ് ഈ പഞ്ചായത്തിലുള്ളത്

പാർപ്പിടരംഗത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഒന്നുതന്നെയില്ല. തൊട്ടടുത്തുള്ള പഞ്ചായത്തായ ചെങ്കൽ ഹൗസിംഗ് - കോപ്പറേറ്റിവ് സൊസൈറ്റിയിൽ നിന്നുമാണ് ഇവിടെ വായ്പ ലഭിക്കുന്നത്. കഴിഞ്ഞകാലങ്ങളിലായ ഇപ്രകാരം 26 പേർക്ക് വായ്പ ലഭിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ക്ഷീരവ്യസായ സഹകരണ സംഘങ്ങളുടെ കുറവ്
2. പൊൽവിള സർവ്വീസ് സഹകരണ സംഘത്തിൻെറ പ്രവർത്തനം എല്ലാവർക്കും ലഭിക്കുന്നില്ല.
3. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സംഘങ്ങൾ ഇല്ല.
4. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുതകുന്ന സംഘങ്ങൾ ഇല്ല.
5. അനർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നു
6. ഭവനനിർമ്മാണരംഗത്ത് വായ്പകൾ നൽകാൻ ഈ പഞ്ചായത്തിൽ ബാങ്കുകളില്ല.

## നിർദ്ദേശങ്ങൾ

1. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക
3. കാർഷിക അവശ്യത്തിനായി നബാഡിൽ

## നിർദ്ദേശങ്ങൾ

1. റേഷൻകടകളുടെ എണ്ണം 250 കാർഡിന് ഒരു കട എന്ന രീതിയിൽ വർദ്ധിപ്പിക്കേണ്ടതാണ്
2. പൊതുവിതരണ കേന്ദ്രങ്ങൾ വഴി എല്ലാ ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജനങ്ങളും ഭക്ഷ്യഎണ്ണയും വിതരണം നടത്തേണ്ടതാണ്.
3. മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുക
4. ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ഏർപ്പെടുത്തുക
5. നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി സിവിൽസപ്ളൈസ് കോർപ്പറേഷൻെറ കീഴിൽ പൊതുവിതരണ കേന്ദ്രം അനുവദിക്കുക.
6. ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന മുഴുവൻ ആളുകൾക്കും സൗജന്യമായി റേഷൻ വിതരണം ചെയ്യുക.

**ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ അവകാശ സമരങ്ങൾ പോലെതന്നെ വികസന പ്രവർത്തനങ്ങളും ജനകീയഐക്യം ഉറപ്പിക്കുന്നതിനും ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാകുന്നത് എങ്ങനെയെന്ന് ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഈ പുതിയ ബോധനത്തിൻെറ അടിസ്ഥാനത്തിൽ തങ്ങളുമായി ബന്ധപ്പെട്ട വികസന തുറയുടെ ആസൂത്രണത്തിലും പദ്ധതികളുടെ നടത്തിപ്പിലും ഇടപെടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഓരോ ബഹുജന സംഘടനയും ചെയ്യേണ്ടിയിരിക്കുന്നു.**

# 5-xii

# വിഭവ സമാഹരണം

## തനതുവരുമാനം

ഈ പഞ്ചായത്തിൽ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, കാഴ്ചനികുതി, ചന്തയിൽനിന്നുള്ള വരവ്, ലൈസൻസ് ഫീസ് വസ്തുകൈമാറ്റനികുതി, എന്നിവയാണ് തനതുവരുമാനത്തിൽ പ്രമുഖം. നടപ്പുവർഷത്തിൽ കെട്ടിടനികുതി ഇനത്തിൽ രണ്ടുലക്ഷം രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു. തൊഴിൽനികുതി ഇനത്തിൽ അറുപതിനായിരത്തോളം രൂപയും പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിൽ ഈ ഇനങ്ങളുടെ വർദ്ധനവ് ക്രമാനുഗതമാണെങ്കിലും വർദ്ധിച്ചുവരുന്ന ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ ആശാവഹമല്ല ഫീസുകളും സെസ്സുകളുമായി 50000ത്തോളം രൂപ ലഭിക്കുന്നതൊഴിച്ചാൽ പറയത്തക്ക വരുമാന മാർഗ്ഗങ്ങളൊന്നുമില്ല.

### ഗവൺമെൻറ് ഗ്രാൻറുകളും അംശാദയങ്ങളും

ബേസിക് ടാക്സ് ഗ്രാൻറ്, വി.ആർ.എം', വി.റ്റി.സി.എം.ഐ ഗ്രാൻറ് എന്നീ ഗ്രാൻറ് ഇനങ്ങളിലായി 10,50,000 ത്തോളം രൂപയും ഉപാധിരഹിതഫണ്ടായി ഈ വർഷം 315000 ത്തോളം രൂപയും വസ്തുകൈമാറ്റനികുതിയിനത്തിൽ 1,41500 രൂപയും ജെ.ആർ.വൈ ഫണ്ടിൽനിന്ന് 170000ത്തോളം രൂപയും സർക്കാരിൽനിന്ന് ലഭിക്കും . കഴിഞ്ഞ പലവർഷങ്ങളിലായി സർക്കാരിൽനിന്നും ലഭിച്ചുവരുന്ന ഗ്രാൻറുകളും അംശാദയങ്ങളും ആണ്. പഞ്ചായത്തിൻെറ വികസനത്തിനുള്ള പ്രധാന ആശ്രയം

## വരുമാനത്തിൻെറ ഘടന

മേൽവിവരിച്ച സംഗതികളിൽനിന്ന് പഞ്ചായത്തിൻെറ തനതുവരുമാനം പാർണ്ണമായും നികുതികളിലും ഫീസുകളിലും ഒതുങ്ങിനിൽക്കുന്നു. കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടും മുടക്കാൻ സ്വന്തം ഫണ്ടിൻെറ ലഭ്യക്കുറവും കാരണം പ്രത്യുത്പാദനപരമായ വരുമാനം കിട്ടുന്ന പദ്ധതികളിലൊന്നും പഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല. നികുതിയേതര വരുമാനമാർഗ്ഗങ്ങൾ ഫലവത്തായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നികുതിചോർച്ച പൂർണ്ണമായും ഒഴിവാക്കി വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കണം. സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാൻറുകളിൽ പ്രധാനം ഉപാധിരഹിത ഫണ്ട് മാത്രമാണ്. പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ കൃഷി സാമൂഹ്യക്ഷേമം, ശുദ്ധജലവിതരണം വൈദ്യസഹായം പ്രാഥമികവിദ്യാഭ്യാസം തുടങ്ങിയ മേഖലകൾക്കുള്ള ഗവൺമെൻറ് വിഹിതംകൂടി

നിന്നും വായ്പ അനുവദിച്ച് കിട്ടുന്നതിനു പരിധി എടുക്കുക

4. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുന്നതിനും കാർഷിക ഉൽപന്നങ്ങൾ സംഭരിക്കാനും ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കുക.

5. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തുക.

6. പൊൻവിള സർവ്വീസ് സഹകരണ ബാങ്കിന് ഉച്ചക്കട, പ്ളാമൂട്ടുക്കടഎന്നിവടങ്ങളിൽ ബ്രാഞ്ചുകൾ തുറക്കുക

7. നാളികേരവികസനത്തിന് ഒരു കോക്കനട്ട് ഗ്രോവേർഡ് സഹകരണസംഘം രൂപികരിക്കുക.

8. നെൽകൃഷിയുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ പഞ്ചായത്തിൽ രൂപികരിക്കുക

9. പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിൽ പരിഹാരമെന്നോണം ഭവനനിർമ്മാണ വായ്പകൾ നൽകുന്നതിനുവേണ്ടി കാരോട് പഞ്ചായത്തിൽ ഒരു റൂറൽ ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുക.

10. എല്ലാവാർഡിലും വികസനസംഘങ്ങൾ സ്ഥാപിക്കുക

11. കാലിതീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം

12. കാരോട് പഞ്ചായത്തിൽ സഹകരണ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കണം

13. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടിയുള്ള പഴയഉച്ചക്കട സർവീസ് സഹകരണസംഘം സജീവമാക്കുക

14. കാരോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഖാദി സഹകരണസംഘങ്ങളുടെ ന്യൂനതകൾ പരിഹരിച്ച് അവയെ സജീവമാക്കുക.

15. ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കുക

16. കയർസംഘങ്ങൾ കൂടുതൽ സ്ഥാപിക്കുക

17. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട് ഒരു സഹകരണസംഘം സ്ഥാപിക്കുക.

18. 8,9,10,11 വാർഡുകൾക്കായി പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണസംഘം കൂടി സ്ഥാപിക്കുക.

19. പ്രവർത്തനരഹിതമായി കിടക്കുന്ന നാലാം വാർഡിലെ കുളത്തൂർ കൂൺ കൃഷി സഹകരണസംഘത്തെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി.

20. കുന്നിയോട് വാർഡിൽ കോഴിമുട്ട വിപണന സൊസൈറ്റി സ്ഥാപിക്കുക.

21. കുഴിഞ്ഞംവിള വാർഡിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക

22. പുതുശ്ശേരി വാർഡിലെ പ്രവർത്തനരഹിതമായി കിടക്കുന്ന കയർസംഘം തുറന്ന് പ്രവർത്തിപ്പിക്കുക

23. കുന്നിയോട്, കുഴിഞ്ഞാംവിള വാർഡിലായി കൊപ്ര സഹകരണസംഘം സ്ഥാപിക്കുക.

## 5-xi

# പൊതുവിതരണം

ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തമല്ല എന്നിരുന്നാലും മറ്റു പല രംഗങ്ങളിലും ഒന്നു പോലെ വളരെ മെച്ചപ്പെട്ട ഒരു പൊതുവിതരണ സമ്പ്രദായം ഇവിടെ നിലനിന്നു പോകുന്നു. ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തില് 70 ശതമാനത്തോളം ജനങ്ങൾ സർക്കാർ പൊതുവിതരണ സംവിധാനത്തെ ആശ്രയിക്കുന്നു. കൃഷി ഭൂമിയിലെ ദുർവിനിയോഗത്താൽ നാൾക്കുനാൾ ക്ഷയോത്മുഖമായി കൊണ്ടിരിക്കുന്ന കാർഷിക പരിതസ്ഥിതി കണക്കിലെടുത്ത് മേൽപ്പറഞ്ഞ ആശ്രയത്വം വർദ്ധിക്കുവാനേ വഴിയുള്ളു. ജനസംഖ്യയിൽ 70 ശതമാനത്തോളംപൊതുവിതരണ ശൃംഖലയേയാണ് ആശ്രയിക്കുന്നത്. എന്ന സത്യം പ്രസ്താവിക്കുമ്പോൾ തന്നെ കാര്യത്തിൻെറ പ്രധാന്യം മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളുടെ എണ്ണം അപര്യാപ്തമാണ്. ഇവിടെ ഇപ്പോൾ 18 പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറും നിലവിലുണ്ട്. അകെ 6000ലധികം കാർഡുടമകളുണ്ട്. മാവേലിസ്റ്റോർ ഒഴിച്ചുള്ള കേന്ദ്രങ്ങളിൽ നിന്ന് അരി, ഗോതമ്പ്, പഞ്ചസാര എന്നീ ഭക്ഷ്യവസ്തുക്കളും മണ്ണെയും മാത്രമേ വിതരണം നടത്തി വരുന്നുള്ളു. ഈ പ്രദേശം പൂർണ്ണമായും ഒരു ഉപഭോഗ പ്രദേശമായതിനാൽ റേഷൻകടകൾ വഴി വിതരണം നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ലഭ്യത അപര്യാപ്തമാണ്. മാവേലി സ്റ്റോർ മുഖാന്തിരം അരി, പലവ്യഞ്ജനങ്ങൾ, പയർ, പരിപ്പ്, ഉഴുന്ന്, കടല മുതലായ ധാന്യങ്ങളും പാമോയിലും വിതരണം നടത്തുന്നുണ്ട്. പഞ്ചായത്തിൻെറ വിസ്തൃതിയിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ ഇപ്പോഴുള്ള സംവിധാനം എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം നൽകുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണ്. റേഷൻകടകൾ തമ്മിലുളള ദൂരംപല സ്ഥലങ്ങളിലും വളരെ കൂടുതലാണ് ഒരു വാർഡിന് ഒന്നിലധികം കട എന്ന രീതി പ്രാപ്പിലാക്കിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവു. മാവേലി സ്റ്റോറിൻെറ പ്രവർത്തനവും പര്യാപ്തമല്ല ആയതിനാൽ ഒരു മാവേലി സ്റ്റോറുംകൂടുതലായി വേണ്ടി വരും സർക്കാർ പൊതുവിതരണ ശൃംഖലയ്ക്ക് പുറമേ വളരെ വിപുലമായ ഒരു സ്വകാര്യശൃംഖലയും ഈ പ്രദേശത്തുണ്ട് തമിഴ്നാടിൻെറ അതിർത്തിക്കടുത്തുവരുന്ന പ്രദേശമായതിനാൽ ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറിയുടെയും സംഭരണത്തിന് അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഊരമ്പ്, കളിയിക്കാവിള എന്നീ മാർക്കറ്റുകളെ ആശ്രയിക്കുന്നു.

ഇപ്പോൾ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, പാമോയിൽ പഞ്ചസാര, അരി, പയറ്, ഗോതമ്പ് മുതലായവയുടെ അളവ് അപര്യാപ്തമാണ്. അനുവദിച്ചിട്ടുള്ള മണ്ണെണ്ണപോലും പലപ്പോഴും ലഭിക്കാതെ വരുന്നുണ്ട്. ഈ ഒരവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. ഇപ്പോൾ കെട്ടിട നികുതി ഈടാക്കുന്ന മാനദണ്ഡം അശാസ്ത്രീയമാണ്. വിസ്തീർണ്ണം, ആഡംബരം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.
2. തൊഴിൽ നികുതി സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുമാത്രമാണ് പിരിക്കുന്നത്. തൊഴിൽ ചെയ്യുന്ന എല്ലാ വ്യക്തികളിൽ നിന്നും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.
3. വലിയ തോതിൽ വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം ഉണ്ടാക്കണം.
4. റോഡു സൈഡുകളിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് ലൈസൻസ് ഫീസം വർദ്ധിപ്പിക്കുക.
5. വിനോദ നികുതി പരിഷ്ക്കരിക്കുക.
6. കേബിൾ റ്റി.വി, തിയേറ്റർ പരസ്യം എന്നിവയ്ക്ക് നികുതി ഈടാക്കുക.
7. പുറമ്പോക്ക് ഭൂമികളിൽ വിലപിടിപ്പുള്ള മരങ്ങൾ വച്ച് പിടിപ്പിക്കുക.

### പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്ഥലം | ചിലവ് |
|---|---|
| റോഡ് | 140305.00 |
| തോട് | 9400.00 |
| കെട്ടിടം | |
| നടപ്പാത | |
| മറ്റുള്ളവ | 328290.00 |

നികുതിഘടനയുടെ ശാസ്ത്രീയമായ പുനരാവിഷ്ക്കരണത്തിലൂടെ പഞ്ചായത്തുകൾക്ക് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമെന്നത് തർക്കമറ്റ സംഗതിയാണ്. അതുപോലെതന്നെ നികുതി ചോർച്ച തടയുന്നതും വരുമാന വർദ്ധനവിന് വഴിയൊരുക്കും.

# ഉപസംഹാരം

പഞ്ചായത്തിരാജ്സംവിധാനത്തിൻെറ അടിസ്ഥാനശിലയാണ്ജനകീയാസൂത്രണപരിപാടി. വികസനത്തരംഗത്ത്ഒരു പുത്തൻശൈലി വളർത്തിയെടുക്കുന്നതിന്ഇതിലൂടെ കഴിയുമെന്നാണ് ഇതുവരെയുള്ള പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത്. നാം ഇതുവരെ അനുവർത്തിച്ച്പോന്നിരുന്ന വികസനസമീപനത്തിൽനിന്നു മാറി ഉൽപാദനമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഒന്നാണിത്. സാമ്പത്തികമായകുറവുമൂലം പലപദ്ധതികളും നടപ്പിലാക്കാൻ കഴിയാതെ പോകുന്നു. എന്നാൽ സർക്കാരിതര സംഘടനകൾ, സന്നദ്ധപ്രവർത്തനം എന്നിവയിലൂടെ ഇതിനൊരു പരിഹാരം കാണാൻ കഴിയും കേരളത്തിൻെറ പല ഭാഗങ്ങളിലായി ഇതിനുമുമ്പ് നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ മാതൃകകൾ ഈ രംഗത്ത്ആത്മവിശ്വാസം നൽകുന്നുണ്ട്.

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് നാം മനസ്സിലാക്കികഴിഞ്ഞു. വികസനമെന്നത് ഒരു ന്യൂനപക്ഷത്തിൻെറ വളർച്ചയല്ലെന്നും മറിച്ച് സുസ്ഥിരമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ്. ഇത് നേടിയെടുക്കുന്നതിനുവേണ്ടി കാർഷികമേഖലയിലാണ്ഊന്നൽ നൽകേണ്ടത്.

ഗ്രാമസഭയിൽനിന്നും ഉയർന്നുവന്ന ജനകീയപ്രശ്നങ്ങളെയും, പഞ്ചായത്തിലെ പൊതുവായ പ്രശ്നങ്ങളെയുംമൊക്കെ വിശകലനം ചെയ്താണ് വികസനരേഖ ഈ രൂപത്തിൽ തയ്യാറാക്കിയിരിക്കുന്നത്. സമഗ്രമായ ഒരു വികസനരേഖ തയ്യാറാക്കുന്നതിന് ദീർഘകാലത്തെ പ്രവർത്തനവും വിദഗ്ധപഠനവുമൊക്കെ ആവശ്യമാണ്. ഒൻപതാംപദ്ധതിയുടെ ഭാഗമായി വളരെ ദ്രുതഗതിയിൽ ഉണ്ടാക്കിയതാണ് ഈ രേഖ. തെറ്റുകുറ്റങ്ങളുണ്ടാകും. ഈ രേഖ എഴുതി തയ്യാറാക്കുന്നതിന് ഒരുപാടുപേർ സഹായിച്ചിട്ടുണ്ട് അവർക്കെല്ലാം ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

നാടിൻെറ വികസനകാര്യങ്ങളിൽ കർമ്മപരമായി ഇടപെടുന്നതിനും, ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കാനും ഉതകുന്ന വികസനാസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കാനും നമ്മുടെ പഞ്ചായത്ത് വികസന സെമിനാറിന് കഴിയണം. നമ്മുടെ മുന്നിലുള്ള ഈ അവസരം ഭംഗിയായി വിനിയോഗിക്കാം. അതിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹാദരപൂർവ്വം

കെ. സെലീന
പ്രസിഡൻറ്

പഞ്ചായത്തിന് ലഭിച്ചുതുടങ്ങി എന്നാൽ ഈ മേഖലയിൽ ആവശ്യമുള്ള തുകയുടെ വളരെ ചെറിയ ഒരു തുക മാത്രമാണിത്.

## ചിലവുകൾ

ഓഫീസ് നടത്തിപ്പിനും കണ്ടിജൻസ് ചിലവുകൾക്കുമായി പ്രതിവർഷം 1000000 ത്തോളം രൂപയാണ്. പഞ്ചായത്തിൻെറ ഇപ്പോഴത്തെ ചിലവ്. ക്ഷേമബദ്ധ വർദ്ധനവ് ശമ്പളപരിഷ്ക്കരണം തുടങ്ങിയ അധികബാദ്ധ്യതകൾകൂടി കണക്കിലെടുക്കുമ്പോൾ വരും കാലങ്ങളിൽ ഈ ചിലവ് ഗണ്യമായി വർദ്ധിക്കാനാണ് സാധ്യത. തെരുവുവിളക്കുകൾ കത്തിക്കുന്നതിൻെറ കറണ്ടുചാർജ്ജ്, പബ്ളിക്ക് വാട്ടർ ടാങ്കുകൾക്കുള്ള വാട്ടർചാർജ്ജ് എന്നീ ഇനങ്ങളിൽ തന്നെ വർഷാവർഷം 300000 ത്തോളം രൂപ പഞ്ചായത്തിന് ചിലവു വരുന്നുണ്ട്. കേരള വാട്ടർ അതോറിട്ടിക്ക് 100000 ത്തോളം വാട്ടർചാർജ്ജ് ഇനത്തിൽ അടയ്ക്കുന്നുണ്ട് ചിലവുകളിലുള്ള ആധിക്യവും വരുമാനത്തിലുള്ള ആനുപാതക്രമമല്ലാത്ത കുറഞ്ഞ വളർച്ചാനിരക്കും പഞ്ചായത്തിനെ സാമ്പത്തിക പ്രതിസന്ധിയിലേക്കു നയിക്കുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി സർക്കാർ അനുവദിച്ച ഗ്രാൻറുകൾ പോലും കവർന്നെടുക്കുകയാണ് ഈ ചിലവുകൾ ഇന്ന് സർക്കാരിൻെറ തീരുമാനമനുസരിച്ച് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി മാറിയിരിക്കുന്നു.

പ്രശ്നങ്ങൾ മൊത്തത്തിൽ വിശകലനം ചെയ്താൽ താഴെ പറയുന്ന പ്രശ്നങ്ങളാണ് മുഴച്ചു നിൽക്കുന്നത്.

1. പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ ക്രമാനുഗതമായി വർദ്ധിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ
2. ഭരണചിലവിൽ ഉണ്ടാകുന്ന വമ്പിച്ച വർദ്ധന
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞപലിശനിരക്കിൽ വായ്പകിട്ടാനുള്ള തടസ്സങ്ങൾ
4. സന്നദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്കുള്ള താല്പര്യക്കുറവ്

## സാദ്ധ്യതകൾ

1. നികുതി ചുമത്തലും നികുതി പിരിവും കാര്യക്ഷമമായി നടപ്പിലാക്കുക
2. കൂടുതൽ സന്നദ്ധപ്രവർത്തകരെ രംഗത്തിറക്കി ശ്രമദാനമായി വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
3. പഞ്ചായത്ത് മുൻകൈയെടുത്ത് ലേബർ സൊസൈറ്റി പോലുള്ള സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്
4. ഇത് മൈനസ് ഫണ്ടുള്ള പഞ്ചായത്തായതിനാൽ 25% സർക്കാർ അധികം ഗ്രാൻറായി അനുവദിക്കുക.

## പഞ്ചായത്തിൻെറ ആകെ വരവ് ചിലവുകൾ

| | | |
|---|---|---|
| 1995-96-ൽ ആകെ വരവ് | 1233554.80 | രൂപ |
| 1995-96-ൽ ആകെ ചിലവ് | 1099911.05 | രൂപ |
| 1995-96-ൽ അവസാന ബാക്കി | 627899.00 | രൂപ |

### സർക്കാർ ഗ്രാൻറ്

| ഇനം | 93-94 | 94-95 | 95-96 |
|---|---|---|---|
| 1. എക്സ്ട്രാ ഗ്രാൻറ് | | | |
| 2. അടിസ്ഥാന നികുതി ഗ്രാൻറ് | | | 180049 |
| 3. വി.ആർ.എം | | | 13705 |
| 4. വി.റ്റി.സി | | | 126600 |
| 5. എം.ഐ | | | 9400 |
| 6. ജെ.ആർ.വൈ | | | 150210 |
| 7. അൺടൈഡ്ഫണ്ട് | | | 328290 |
| ആകെ | | | 2066230 |

## വരവ് സംബന്ധിച്ച വിവരം 95-96

| ഇന. | ധനാഭ്യർത്ഥന | പിരിച്ചത് | വരവിന്റെ % |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 15000.00 | 116390.80 | 9.40 |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 75000.00 | 53538.00 | 4.34 |
| വാഹനനികുതി | - | - | - |
| വിനോദ നികുതി | 25387.00 | 25387.00 | 2.05 |
| അഡി. വിനോദ നികുതി | 15477.90 | 15477.90 | 1.25 |
| പ്രദർശന നികുതി | 3450.00 | 3450.00 | 0.20 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ് | 862.50 | 862.50 | - |
| ചന്തവരവ് | 23200.00 | 23200.00 | 1.88 |
| ലാൻറ് സെസ് | | - | - |
| ലൈസൻസ് ഫീസ് | 3968.70 | 3968.70 | 0.32 |
| കെട്ടിടനികുതി സർച്ചാർജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 141581.00 | 141581.00 | 11.47 |
| വസ്തു കൈമാറ്റ നികുതി 25% | - | - | - |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 797974.00 | - | 64.00 |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | 1125.00 | 1125.00 | 0.10 |
| മറ്റുള്ളവ | 50599.90 | 50599.50 | 4.10 |

## ചെലവ് സംബന്ധിച്ച വിവരം 95-96

| ഇനം | തുക | ചിലവ് % |
|---|---|---|
| ഭരണം | 5,44,565.55 | 49.50 |
| പൊതുമരാമത്ത് | 4,77,922.50 | 43.45 |
| വിദ്യാഭ്യാസം | 30,289.00 | 2.75 |
| ജലവിതരണം, റോഡുകൾ, പൊതുജനാരോഗ്യം | - | - |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 44,388.00 | 4.03 |
| മറ്റുള്ളവ | 2,790.00 | 0.25 |
| ആകെ | 10,99,911.05 | |